ISSN 2582-2764



# അറിവോരം

ARIVORAM - OFFICIAL NEWSLETTER OF KERALA LEGISLATIVE ASSEMBLY

Vol. 2 | Issue 5 | Bimonthly | October 2022 | Thiruvananthapuram | Page 20 | Price ₹10

» 05 നെഹ്രൂവിയൻ വികസന സങ്കൽപ്പത്തിന് പ്രാധാന്യമേറുന്നു

» 12 ഉമ്മൻ ചാണ്ടി: ജനസമ്മതിയുടെ അൻപത്തിയൊന്ന് സംവത്സരങ്ങൾ

» 20 കേരളത്തിന്റെ ഐ.ടി. സാധ്യതകൾ





**സഭാധ്യക്ഷന്റെ പേജ്**

എ.എൻ. ഷംസീർ
സ്പീക്കർ

## നമുക്ക് ഭരണഘടനയെ സംരക്ഷിക്കാം

*'ഭരണഘടന കേവലം ഒരു അഭിഭാഷക രേഖയല്ല, അത് നമ്മുടെ ജീവിതത്തെ മുന്നോട്ടുനയിക്കുന്ന ചാലകശക്തിയാണ്. ഭരണഘടനയുടെ ഉള്ളടക്കം എല്ലായ്പ്പോഴും രാജ്യത്തിന്റെ വളർച്ചയുടെ ആത്മാവാണ്.'*

- ബി.ആർ. അംബേദ്കർ.

ഓരോ ഇന്ത്യക്കാരന്റേയും ജീവിതത്തിൽ നിറഞ്ഞുനിൽക്കുന്ന, ദിശാബോധം നൽകുന്ന ആധികാരിക മാർഗരേഖയാണ് ഭരണഘടന. നമ്മളെല്ലാവരും അതിനെ അംഗീകരിക്കുന്നു. നമ്മുടെ രാജ്യത്തിന്റെ സംസ്കാരം എന്നത് ഭരണഘടന ഉയർത്തിപ്പിടിക്കുന്ന ബഹുസ്വരതയാണ്. ജനാധിപത്യവും മതനിരപേക്ഷതയുമാണ് നമ്മുടെ ഭരണഘടനയുടെ ഉൾക്കാമ്പ്. രാജ്യം സ്വാതന്ത്ര്യം നേടിയ കാലത്ത് പണ്ഡിറ്റ് ജവഹർലാൽ നെഹ്റു പറഞ്ഞത് 'ദീർഘകാലമായി അടിച്ചമർത്തപ്പെട്ടിരുന്ന ഇന്ത്യയുടെ ആത്മാവ് ഇതാ സംസാരിച്ചു തുടങ്ങുന്നു' എന്നായിരുന്നു. അടിച്ചമർത്തപ്പെട്ട ഇന്ത്യയുടെ ആത്മാവിന്റെ ആദ്യമായുള്ള ഔപചാരികമായ സംസാരമാണ് നമ്മുടെ ഭരണഘടനയെന്നും അദ്ദേഹം വിലയിരുത്തി. നമ്മുടെ രാജ്യത്തെ സംബന്ധിച്ച്, നമ്മൾ പൗരൻമാരെ സംബന്ധിച്ച് ഇത്രമാത്രം പ്രാധാന്യമുള്ള ഭരണഘടന ഒരു സുപ്രഭാതത്തിൽ പൊട്ടിമുളച്ചതല്ല. അത് ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന്റെ ഉൽപ്പന്നമാണ്. സ്വാതന്ത്ര്യ സമരകാലത്ത് തന്നെ നമ്മുടെ രാജ്യത്തിന് ഒരു ഭരണഘടന വേണമെന്നും അതിനായി ഒരു ഭരണഘടനാ അസംബ്ലി ആവശ്യമാണെന്നുമുള്ള ആശയം ആദ്യം മുന്നോട്ടുവച്ചത് എം.എൻ. റോയിയാണ്. സ്വാതന്ത്ര്യം ലഭിച്ച ശേഷം രാജ്യം ഏറ്റെടുത്ത പ്രധാന കർത്തവ്യമെന്നത് ഭരണഘടന എഴുതിയുണ്ടാക്കുക എന്നതായിരുന്നു. ഭരണഘടനാ നിർമാണസഭയുടെ അധ്യക്ഷനായിരുന്നു ഡോ. രാജേന്ദ്ര പ്രസാദ്.

ഭരണനിർവഹണം, നിയമനിർമാണം, നീതിന്യായ പരിപാലനം തുടങ്ങിയ ഭരണയന്ത്രത്തിന്റെ വ്യത്യസ്ത വിഭാഗങ്ങൾ തമ്മിലും കേന്ദ്ര സർക്കാർ, സംസ്ഥാന സർക്കാരുകൾ, പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയ വ്യത്യസ്ത മേഖലകൾ തമ്മിലുമുള്ള ബന്ധങ്ങൾ നിർണയിക്കുകയും നിർവചിക്കുകയും ചെയ്യുന്നത് ഭരണഘടനയാണ്. ഇതിൽ 22 ഭാഗവും 395 വകുപ്പുമുണ്ട്. ഇവയിൽ മിക്കവയ്ക്കും നിരവധി അപവാദങ്ങളും പരിമിതികളും വിശേഷങ്ങളുമുണ്ട്. ഒമ്പത് പട്ടികയും നൂറിലധികം ഭേദഗതിയുമുണ്ട്. 300 പേജ് വരുന്ന നമ്മുടെ ഭരണഘടന ലോകത്തിലെ ഏറ്റവും നീണ്ട ഭരണഘടനയാണ്. ദീർഘമായ തർക്കങ്ങൾക്കും വാദപ്രതിവാദങ്ങൾക്കും ശേഷമാണ് പല ഭാഗങ്ങളും അതിൽ ചേർക്കപ്പെട്ടത്. അതിനായി വോട്ടെടുപ്പും വേണ്ടിവന്നിട്ടുണ്ട്. രാജ്യത്തിന്റെ പേര് എന്താകണമെന്നതുതന്നെ വലിയ തർക്ക വിഷയമായിരുന്നു. നമ്മുടെ അയൽ രാജ്യത്തിന് പാകിസ്ഥാൻ എന്ന പേരു വന്നതിനാൽ നമ്മൾ ഹിന്ദുസ്ഥാൻ എന്ന പേരിടണമെന്ന് ശഠിച്ചവരുണ്ട്. അല്ലെങ്കിൽ ഹിന്ദുകാണ്ഡം എന്നാക്കണമെന്ന് പറഞ്ഞവരുണ്ട്. എന്നാൽ, അവസാനം ഇന്ത്യ അല്ലെങ്കിൽ ഭാരതം എന്ന പേരാണ് നിശ്ചയിക്കപ്പെട്ടത്. ഭരണഘടനയുടെ ആമുഖം എങ്ങനെ തുടങ്ങണമെന്നത് സംബന്ധിച്ചും തർക്കമുണ്ടായി. ദൈവത്തിന്റെ നാമത്തിൽ ആരംഭിക്കണമെന്നായിരുന്നു ഒരു വിഭാഗത്തിന്റെ അഭിപ്രായം. എന്നാൽ, വീ ദ പീപ്പിൾ ഓഫ് ഇന്ത്യ, ഇന്ത്യയിലെ ജനങ്ങളായ നമ്മൾ എന്ന തുടക്കമാണ് അംഗീകരിക്കപ്പെട്ടത്. ഇതെല്ലാം തീർപ്പാക്കാൻ വോട്ടെടുപ്പുകളും നടന്നു. മതത്തിന്റെ പേരിൽ വിവേചനമോ പ്രീണനമോ പാടില്ലെന്ന പ്രസക്തമായ വ്യവസ്ഥയുമുണ്ടാക്കി. ഇതിലെല്ലാം പുരോഗമന പ്രസ്ഥാനങ്ങളുടെ നിലപാട് സുവ്യക്തമായിരുന്നു. നമ്മുടെ രാജ്യത്തിന്റെ ജനാധിപത്യവും മതനിരപേക്ഷതയും ഊട്ടിയുറപ്പിക്കുന്ന, പൗരാവകാശങ്ങൾ ഉയർത്തിപ്പിടിക്കുന്ന നമ്മുടെ ഭരണഘടന സംരക്ഷിക്കപ്പെടേണ്ടത് വർത്തമാനകാലത്തെ ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്.

ഭരണഘടനയിൽ ഭേദഗതികളും പൊളിച്ചെഴുത്തും കൂട്ടിച്ചേർക്കലും വേണമെന്ന് പല ഘട്ടങ്ങളിലും പലരും ആവശ്യപ്പെട്ടിട്ടുണ്ട്. അതിൽ മിക്ക ആവശ്യങ്ങളും നമ്മുടെ ഭരണഘടനയുടെ ജനാധിപത്യത്തിന്റെയും സമത്വാശയങ്ങളുടെയും ഭാഗം കൂടുതൽ ശക്തിപ്പെടുത്തുന്നതിന് വേണ്ടിയായിരുന്നു. ആ കാഴ്ചപ്പാടിലാവണം നാം ഓരോരുത്തരും ഇന്ത്യൻ ഭരണഘടനയെ സമീപിക്കേണ്ടത്. ഭരണഘടനയെ നോക്കുകുത്തിയാക്കി കൊണ്ടുള്ള പല കുപ്രസിദ്ധ നീക്കങ്ങളും ഇതോടൊപ്പം നമ്മുടെ രാജ്യത്ത് ഉണ്ടായിട്ടുണ്ട്. നിയമസഭയിൽ ഭൂരിപക്ഷമുണ്ടായിരുന്ന ഇ.എം.എസ്. സർക്കാരിനെ ഭരണഘടനയുടെ 356 ാം വകുപ്പ് ഉപയോഗിച്ച് പിരിച്ചുവിട്ട ജനാധിപത്യക്കുരുതി ഉദാഹരണമാണ്. ജനാധിപത്യത്തെ ദുർബലപ്പെടുത്തിയ അടിയന്തരാവസ്ഥ രാജ്യത്ത് പ്രഖ്യാപിച്ച് നടപ്പിലാക്കിയത് മറ്റൊരു ഉദാഹരണമാണ്.

ശേഷം 05-ാം പേജിൽ

## നിയമസഭാ ലൈബ്രറി ശതാബ്ദി ആഘോഷം: ജില്ലകൾ കേന്ദ്രീകരിച്ച് പരിപാടി സംഘടിപ്പിച്ചു



തിരുവിതാംകൂർ ദിവാന്റെ ഓഫീസ് ലൈബ്രറിയാണ് 1921 ൽ ലെജിസ്ലേച്ചർ ലൈബ്രറിയായും 1949 ൽ തിരു-കൊച്ചി സംസ്ഥാന രൂപീകരണത്തോടെ ട്രാവൻകൂർ കൊച്ചിൻ അസംബ്ലി ലൈബ്രറിയായും 1956 ൽ കേരള സംസ്ഥാനം നിലവിൽ വന്നപ്പോൾ കേരള നിയമസഭാ ലൈബ്രറിയായും നാമകരണം ചെയ്യപ്പെട്ടത്. നിലവിൽ വിവിധ വിഷയങ്ങളിലായി ഒരു ലക്ഷത്തി പതിനഞ്ചായിരത്തിലധികം പുസ്തകങ്ങളുടെയും അമൂല്യവും ചരിത്ര പ്രാധാന്യമുള്ളതുമായ അപൂർവ്വ രേഖകളുടെയും ശേഖരമുള്ള നിയമസഭാ ലൈബ്രറി സംസ്ഥാനത്തെ പ്രമുഖ ലൈബ്രറികളിൽ ഒന്നാണ്. കേരള നിയമസഭാ ലൈബ്രറിയുടെ ഒരു വർഷം നീണ്ടു നിൽക്കുന്ന ശതാബ്ദി ആഘോഷങ്ങളോടനുബന്ധിച്ച് ലൈബ്രറിയുടെ ശേഖരം, പ്രവർത്തനം, സേവനങ്ങൾ എന്നിവ പൊതുജനങ്ങളിലേക്ക് എത്തിക്കുന്നതിനായി ജില്ലകൾ കേന്ദ്രീകരിച്ച് വിവിധ പരിപാടികൾ നടത്തി വരുന്നു.

നിയമസഭാ ലൈബ്രറി ശതാബ്ദി ആഘോഷത്തിന്റെ ഭാഗമായി കോഴിക്കോട്, കണ്ണൂർ, വയനാട്, കാസർഗോഡ് എന്നീ ജില്ലകൾ കേന്ദ്രീകരിച്ചുള്ള ഉത്തരമേഖലാ ആഘോഷ പരിപാടിയുടെ ആദ്യദിനമായ 2022 സെപ്റ്റംബർ 17 ന് നിയമസഭാ സ്പീക്കർ എ.എൻ.ഷംസീർ, ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ, ഗവ. ചീഫ് വിപ്പ് ഡോ.എൻ.ജയരാജ്, ലൈബ്രറി ഉപദേശക സമിതി ചെയർമാൻ തോമസ് കെ. തോമസ് എം.എൽ.എ., ഡോ. എം.കെ. മുനീർ എം.എൽ.എ., നിയമസഭാ സെക്രട്ടറി, സ്പെഷ്യൽ സെക്രട്ടറി, ചീഫ് ലൈബ്രേറിയൻ എന്നിവർ വൈക്കം മുഹമ്മദ് ബഷീറിന്റെ ബേപ്പൂരുള്ള വൈലാലിൽ ഹൗസ് സന്ദർശിക്കുകയും നിയമസഭാ ലൈബ്രറിയുടെ ആദരം രേഖപ്പെടുത്തിയ ഒരു ഉപഹാരം കുടുംബാംഗങ്ങൾക്ക് സമ്മാനിക്കുകയും ചെയ്തു. തുടർന്ന് മലയാളത്തിന്റെ എക്കാലത്തെയും പ്രിയ എഴുത്തുകാരൻ എം.ടി. വാസുദേവൻ നായരുടെ ഗൃഹം സന്ദർശിച്ച് സ്പീക്കർ അദ്ദേഹത്തെ പൊന്നാട അണിയിക്കുകയും നിയമസഭാ ലൈബ്രറിയുടെ ഒരു ഉപഹാരം സമ്മാനിക്കുകയും ചെയ്തു. എം.ടി.വാസുദേവൻ നായരുടെ ഗൃഹസന്ദർശനത്തിൽ തോട്ടത്തിൽ രവീന്ദ്രൻ എം.എൽ.എ.യും പങ്കെടുത്തു.

ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി കോഴിക്കോട് നടക്കാവ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ സംഘടിപ്പിച്ച നിയമസഭാ ലൈബ്രറിയുടെ പുസ്തക പ്രദർശനവും നിയമസഭാ മ്യൂസിയത്തിന്റെ ചരിത്ര പ്രദർശനവും സ്പീക്കർ എ.എൻ. ഷംസീർ ഉദ്ഘാടനം ചെയ്തു. നിയമസഭാ സാമാജികരുടെ രചനകളാണ് പുസ്തകപ്രദർശനത്തിൽ ഉൾക്കൊള്ളിച്ചിരുന്നത്. നിയമസഭാ ലൈബ്രറിയെക്കുറിച്ചുള്ള ലഘു വീഡിയോ പ്രദർശനവും പരിപാടിയുടെ ഭാഗമായി നടന്നു. രാജ്യത്തെ മികച്ച നിയമസഭയും നിയമസഭാ ലൈബ്രറിയും കേരളത്തിന്റേതാണെന്ന് ഉദ്ഘാടന പ്രസംഗത്തിൽ നിയമസഭാ സ്പീക്കർ പറഞ്ഞു. സ്വാതന്ത്ര്യാനന്തര കാലത്ത് സാമാന്യ ജനവിഭാഗങ്ങളുടെ ബൗദ്ധിക വളർച്ചക്കും ജീവിത ഉന്നമനത്തിനും മഹത്തായ സംഭാവനകൾ നൽകിയ ഗ്രന്ഥശാല പ്രസ്ഥാനങ്ങൾ കേരളത്തിന്റെ സാംസ്കാരിക മേഖലയ്ക്ക് വലിയ രീതിയിൽ ഔന്നത്യം നല്കിയിട്ടുണ്ടെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. വിദ്യാലയങ്ങളിൽ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുന്നതി

ശേഷം 7–ാം പേജിൽ

### മൊഴിമുഴക്കം

**"മതം മർദിതജീവിയുടെ നിശ്വാസമാണ്, ഹൃദയശൂന്യമായ ലോകത്തിന്റെ ഹൃദയമാണത്. അതുപോലെ തന്നെ ഉന്മേഷരഹിതമായ സാഹചര്യങ്ങളിലെ ലഹരിയുമാണത്. ജനങ്ങളുടെ മയക്കുമരുന്നാണത്."**



കാറൽ മാർക്സ്

സാമാജികരുടെ നിയോജകമണ്ഡലങ്ങളിലൂടെ.....

## വള്ളക്കടവ് താൽക്കാലിക പാലം ഉദ്ഘാടനം ചെയ്തു

**ആന്റണി രാജു**
തിരുവനന്തപുരം

തിരുവനന്തപുരം മണ്ഡലത്തിലെ തീരദേശ ജനതയെ നഗരവുമായി ബന്ധിപ്പിക്കുന്ന നൂറ്റാണ്ടിലേറെ പഴക്കമുള്ള പ്രധാന പാലമായ വള്ളക്കടവ് പാലം പുനർ നിർമിക്കുന്നതിനായി പൊളിച്ചതിനാൽ ഗതാഗത തടസ്സം ഉണ്ടാകാതിരിക്കാൻ വള്ളക്കടവിൽ നിർമിച്ച താൽക്കാലിക പാലം ഗതാഗത വകുപ്പ് മന്ത്രി ആന്റണി രാജു ഉദ്ഘാടനം ചെയ്തു. ഒന്നേകാൽ കോടി രൂപ ചെലവിട്ടാണ് പാർവതി പുത്തനാറിന് കുറുകെ പൊതുമരാമത്ത് വകുപ്പ് താൽക്കാലിക പാലം നിർമിച്ചിരിക്കുന്നത്. കൂടുതൽ വീതിയിലും സൗകര്യത്തിലും പണിയുന്ന പുതിയ പാലത്തിന്റെ നിർമാണം സമയബന്ധിതമായി പൂർത്തിയാക്കും.



## തിരുവനന്തപുരത്തെ സിറ്റി സർവീസിന് ഇലക്ട്രിക് ബസ്സുകൾ

തിരുവനന്തപുരം നഗരത്തിലെ കെ.എസ്.ആർ.ടി.സി. സിറ്റി സർക്കുലർ സർവ്വീസുകളുടെ ഇലക്ട്രിക് ബസുകൾ ഗതാഗത വകുപ്പ് മന്ത്രി ആന്റണി രാജു ഫ്ളാഗ് ഓഫ് ചെയ്തു. സിറ്റി സർക്കുലറിന്റെ ഭാഗമായി വിമാനത്താവളം, റെയിൽവെ സ്റ്റേഷൻ, കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ എന്നിവയെ ബന്ധിപ്പിച്ച് ഇരുപത്തിനാല് മണിക്കൂർ എയർ റെയിൽ സർക്കിൾ സർവ്വീസും ഉദ്ഘാടനം ചെയ്തു. തിരുവനന്തപുരം ഡൊമസ്റ്റിക്, ഇന്റർനാഷണൽ എയർപോർട്ട് ടെർമിനലുകളിലേക്ക് തമ്പാനൂർ ബസ് സ്റ്റേഷനിൽ നിന്നും സെൻട്രൽ റെയിൽവെ സ്റ്റേഷനിൽ നിന്നുമുള്ള യാത്രക്കാരെ എത്തിക്കുന്ന തരത്തിൽ ക്ലോക്ക് വൈസ് ആന്റി ക്ലോക്ക് വൈസ് മാതൃകയിലാണ് എയർ റെയിൽ സർക്കുലർ സർവ്വീസ് നടത്തുന്നത്.

അര മണിക്കൂർ ഇടവിട്ട് രണ്ട് ടെർമിനലിലേക്കും തമ്പാനൂരിൽ നിന്നും ബസ്സ് എത്തുന്ന വിധമാണ് സർവ്വീസ് ക്രമീകരിച്ചിട്ടുള്ളത്. സൗജന്യ വൈ ഫൈ, മൊബൈൽ ചാർജ് ചെയ്യാനുള്ള പോയിന്റുകൾ, സുരക്ഷയ്ക്ക് വേണ്ടിയുള്ള ക്യാമറകൾ, യാത്രക്കാരുടെ ലഗേജ് വെക്കുന്നതിനുള്ള സൗകര്യങ്ങൾ എന്നിവയും ലഭ്യമാണ്. രാത്രി സർവ്വീസുകൾ ഇന്റർനാഷണൽ ടെർമിനലിലേക്ക് മാത്രമാകും നടത്തുന്നത്. തമ്പാനൂർ സെൻട്രൽ ബസ് സ്റ്റേഷനിൽ നടന്ന ഉദ്ഘാടന ചടങ്ങിൽ കെ.എസ്.ആർ.ടി.സി. സി.എം.ഡി. ബിജു പ്രഭാകറും മറ്റ് ഉന്നത ഉദ്യോഗസ്ഥരും പങ്കെടുത്തു.




## ഹൈദരലി ശിഹാബ് തങ്ങൾ അക്കാദമി ഫോർ സിവിൽ സർവ്വീസസ് നാടിന് സമർപ്പിച്ചു

**നജീബ് കാന്തപുരം**
പെരിന്തൽമണ്ണ

നജീബ് കാന്തപുരം എം.എൽ.എ. മണ്ഡലത്തിൽ നടപ്പാക്കുന്ന സമഗ്ര വിദ്യാഭ്യാസ പദ്ധതിയായ ക്രിയയുടെ ഭാഗമായി രാജ്യത്തെ ആദ്യത്തെ സമ്പൂർണ്ണ സൗജന്യ സിവിൽ സർവ്വീസസ് അക്കാദമി, ഹൈദരലി ശിഹാബ് തങ്ങൾ അക്കാദമി ഫോർ സിവിൽ സർവീസസ് 2022 ആഗസ്റ്റ് 7 ന് പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ നാടിന് സമർപ്പിച്ചു.




ഓഫീസ് കെട്ടിടം റവന്യൂ ഭവന നിർമ്മാണ വകുപ്പ് മന്ത്രി കെ. രാജനും സ്റ്റുഡന്റ്സ് ലോഞ്ച് പൊതുമരാമത്ത് ടൂറിസം യുവജന കാര്യ വകുപ്പ് മന്ത്രി പി.എ. മുഹമ്മദ് റിയാസും ഡിജിറ്റൽ സ്റ്റുഡിയോ ഡോ. എം.പി. അബ്ദുസമദ് സമദാനി എം.പിയും പി.ബി. നായർ സ്മാരക ലൈബ്രറിയുടെ ഉദ്ഘാടനം പി.കെ കുഞ്ഞാലിക്കുട്ടി എം.എൽ.എ. യും ഡിജിറ്റൽ ക്ലാസ് റൂം ഷാഫി പറമ്പിൽ എം.എൽ. എയും ഹോസ്റ്റൽ ഉദ്ഘാടനം മുൻ നിയമസഭാ സ്പീക്കർ പി. ശ്രീരാമകൃഷ്ണനും റൂഫ് ടോപ്പ് സ്റ്റഡി സർക്കിൾ പാണക്കാട് സയ്യിദ് അബ്ബാസലി ശിഹാബ് തങ്ങളും ഉദ്ഘാടനം ചെയ്തു. പ്രമുഖ വ്യക്തികൾ ചടങ്ങിൽ ആശംസ അർപ്പിച്ച് സംസാരിച്ചു.

മലബാറിലെ ഏഴ് ജില്ലകളിൽ നിന്നും വിവിധ മത്സര പരീക്ഷകളിലൂടെ തെരഞ്ഞെടുക്കപ്പെട്ട നൂറ് വിദ്യാർത്ഥികൾക്കുള്ള ക്ലാസുകളും ആരംഭിച്ചു.

## ബ്യൂട്ടി കോങ്ങാട്

**കെ.ശാന്തകുമാരി**
കോങ്ങാട്

കോങ്ങാട് മണ്ഡലത്തിൽ എല്ലാ പഞ്ചായത്തിലെയും പ്രധാന കേന്ദ്രങ്ങൾ കണ്ടെത്തി ശുചീകരിക്കുകയും സൗന്ദര്യവൽക്കരിക്കുകയും ചെയ്യുന്ന 'ബ്യൂട്ടി കോങ്ങാട്' എന്ന പദ്ധതിയുടെ ഉദ്ഘാടനം സ്ഥലം എം.എൽ.എ. കെ.ശാന്തകുമാരി മണ്ണൂർ ഗ്രാമപഞ്ചായത്തിൽ നിർവ്വഹിച്ചു. പരിപാടിയിൽ മണ്ണൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അധ്യക്ഷത വഹിച്ചു.



## കർഷക ദിനാചരണം

കോങ്ങാട് മണ്ഡലത്തിൽ കർഷക ദിനാചരണം കരിമ്പ സനാന ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച ചടങ്ങിൽ മുതിർന്ന കർഷകരെ എം.എൽ.എ. കെ. ശാന്തകുമാരി ആദരിച്ചു. കരിമ്പ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അധ്യക്ഷനായിരുന്നു.




## സ്മാരക മന്ദിരവും സാംസ്കാരിക നിലയവും വായനാശാലയും ഉദ്ഘാടനം ചെയ്തു

നിയമസഭാംഗമായിരിക്കെ അന്തരിച്ച കെ.വി. വിജയദാസിന്റെ 2018-2019 വർഷത്തെ എ.ഡി.എസ്. ഫണ്ട് ഉപയോഗിച്ച് നിർമിച്ച കോങ്ങാട് മണിക്കശ്ശേരി എം.സി. വേലായുധൻ സ്മാരക മന്ദിരം, സാംസ്കാരിക നിലയം, വിവേകാനന്ദ വായനശാലാ കെട്ടിടം എന്നിവ എം.എൽ.എ. കെ.ശാന്തകുമാരി ഉദ്ഘാടനം ചെയ്തു.

അറിവോരം
കേരള നിയമസഭയുടെ ഔദ്യോഗിക ന്യൂസ്‌ലെറ്റർ

സാമാജികരുടെ നിയോജകമണ്ഡലങ്ങളിലൂടെ.....

## പൂഞ്ഞാർ നിയോജകമണ്ഡലം വികസന രേഖ പ്രകാശനവും 'കാരുണ്യസ്പർശം പൂഞ്ഞാർ 2022' പദ്ധതിയുടെ ഉദ്ഘാടനവും

**സെബാസ്റ്റ്യൻ കുളത്തുങ്കൽ**
പൂഞ്ഞാർ

പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന വികസന ക്ഷേമജനകീയ പ്രവർത്തനങ്ങൾ വിശദീകരിക്കുന്ന വികസന രേഖയുടെ പ്രകാശനം സംസ്ഥാന ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി വീണാ ജോർജ് 2022 ജൂലൈ 30 ന് മുണ്ടക്കയം സി.എസ്.ഐ. പാരിഷ് ഹാളിൽ നിർവ്വഹിച്ചു. ചടങ്ങിൽ സെബാസ്റ്റ്യൻ കുളത്തുങ്കൽ എം.എൽ.എ. നേതൃത്വം നൽകുന്ന എം.എൽ.എ. സർവ്വീസ് ആർമി വിവിധ സ്പോൺസർമാരുടെ സഹകരണത്തോടെ പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ തെരഞ്ഞെടുക്കപ്പെട്ട നിർധനരായ നൂറ് കിടപ്പുരോഗികൾക്ക് പ്രതിമാസം 1000 രൂപ വീതം പന്ത്രണ്ട് മാസത്തേക്ക് ധനസഹായം നൽകുന്ന കാരുണ്യസ്പർശം പൂഞ്ഞാർ 2022 എന്ന പദ്ധതിയുടെ ഔപചാരിക ഉദ്ഘാടനവും ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി നിർവ്വഹിച്ചു. സെബാസ്റ്റ്യൻ കുളത്തുങ്കൽ എം.എൽ.എ അധ്യക്ഷത വഹിച്ച യോഗത്തിൽ എം.എൽ.എ. മാരായ വാഴൂർ സോമൻ, ജോബ് മൈക്കിൾ മുൻ എം.എൽ.എ കെ.ജെ. തോമസ് എന്നിവരും തദ്ദേശ സ്വയംഭരണ സ്ഥാപന ജനപ്രതിനിധികളും സാമൂഹ്യരാഷ്ട്രീയ പ്രവർത്തകരും സന്നിഹിതരായിരുന്നു.

നിയോജക മണ്ഡലത്തിലെ പാലിയേറ്റീവ് കെയർ മുഖാന്തരം തെരഞ്ഞെടുക്കപ്പെട്ട ഒൻപത് പഞ്ചായത്തുകളിലെയും ഒരു മുൻസിപ്പാലിറ്റിയിലെയും പത്ത് രോഗികൾക്ക് വീതം ആകെ നൂറു പേർക്കാണ് കാരുണ്യസ്പർശം



പൂഞ്ഞാർ 2022 എന്ന പദ്ധതി പ്രകാരം ധനസഹായം നൽകുക. അർഹരായ നൂറ് ആളുകൾക്ക് സഹായധനത്തിന്റെ ആദ്യ ഗഡുവായ ആയിരം രൂപ ഭവനങ്ങളിൽ നേരിട്ടെത്തി സെബാസ്റ്റ്യൻ കുളത്തുങ്കൽ എം.എൽ.എ വിതരണം ചെയ്തു. രണ്ടാം ഗഡു മുതൽ ബാങ്ക് അക്കൗണ്ട് വഴി നൽകാനാണ് ഉദ്ദേശിക്കുന്നത്. വരുംവർഷങ്ങളിലും ഈ പദ്ധതി കൂടുതൽ ആളുകൾക്ക് പ്രയോജനപ്രദമാകും വിധം തുടരുന്നതിനാണ് ലക്ഷ്യം വയ്ക്കുന്നത്. അന്തരിച്ച മുൻ മന്ത്രി കെ. എം. മാണിയുടെ ഓർമ്മയ്ക്കായാണ് പദ്ധതി മണ്ഡലത്തിൽ നടപ്പിലാക്കുന്നത്.

## വൈപ്പിൻ സമഗ്ര വിദ്യാഭ്യാസ പദ്ധതി, ഗണിതം പാഠ്യപരിപാടി, വായന കളരി എന്നിവ സംഘടിപ്പിച്ചു

**കെ. എൻ. ഉണ്ണികൃഷ്ണൻ**
വൈപ്പിൻ

വൈപ്പിൻ സമഗ്ര വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി ഉന്നത വിജയം നേടിയവർക്ക് ആദരവും, ഹൈസ്കൂൾ വിദ്യാർത്ഥികളുടെ പഠന മികവിനായി ഗണിതം പാഠ്യപരിപാടിയും, സ്കൂളുകളിൽ ദിനപത്രം ലഭ്യമാക്കുന്ന വായന കളരിയും കെ.എൻ. ഉണ്ണികൃഷ്ണൻ എം.എൽ.എ.യുടെ നേതൃത്വത്തിൽ വിവിധ ഘട്ടങ്ങളിലായി സംഘടിപ്പിച്ചു.

മണ്ഡലത്തിലെ എസ്.എസ്.എൽ.സി.ക്കും പ്ലസ് ടു വിനും മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് കരസ്ഥമാക്കിയ വിദ്യാർത്ഥികളെ ആദരിക്കുന്ന ചടങ്ങ് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രിയും മുൻ നിയമസഭാ സ്പീക്കറുമായ എം. ബി . രാജേഷ് ഉദ്ഘാടനം ചെയ്തു. അറിവാണ് ഏറ്റവും വലിയ മൂലധനമെന്നും അറിവിനെ ഏറ്റവും നന്നായി വിനിയോഗിക്കുന്ന സംസ്ഥാനം കേരളമാണെന്നും ഇത്രയും വലിയ സദസിനു മുന്നിൽ സമ്മാനിതരാകുന്നത് വിദ്യാർത്ഥികളുടെ ജീവിതത്തിലെ അവിസ്മരണീയ മുഹൂർത്തമാകുമെന്നും അദ്ദേഹം പറഞ്ഞു.

കെ.എൻ ഉണ്ണികൃഷ്ണൻ എം.എൽ.എ. അധ്യക്ഷത വഹിച്ച സമ്മേളനത്തിൽ മുന്നൂറ്റി തൊണ്ണൂറ് കുട്ടികളെയാണ് ഉപഹാരങ്ങൾ നൽകി ആദരിച്ചത്. ആതുര ശുശ്രൂഷ രംഗത്ത് ആറു പതിറ്റാണ്ടായി കർമ്മനിരതനായ ഡോ. എം.കെ. കരുണാകരനെയും ചടങ്ങിൽ ആദരിച്ചു.ഹൈസ്കൂൾ



വിദ്യാർത്ഥികളുടെ പഠന മികവ് ലക്ഷ്യമിട്ട് നടപ്പാക്കുന്ന ഗണിതം പാഠ്യപരിപാടി കുഴുപ്പിള്ളി സെന്റ് അഗസ്റ്റിൻസ് ജി. എച്ച്. എസ്. എസിൽ ജസ്റ്റിസ് കെ. കെ. ദിനേശൻ ഉദ്ഘാടനം ചെയ്തു. മണ്ഡലത്തിലെ പൊതു വിദ്യാലയങ്ങളിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് ദിനപത്രം ലഭ്യമാക്കുന്ന പദ്ധതിയുടെ ആദ്യഘട്ടമായി ചെറായി എസ്.എം.എച്ച്.എസ്. എസിൽ മലയാള മനോരമയുടെ 'വായന കളരി' ചലഞ്ച് കെ. എൻ.ഉണ്ണികൃഷ്ണൻ എം.എൽ.എ. ഉദ്ഘാടനം ചെയ്തു.

## അക്ഷരോത്സവം 2022

**ഡി.കെ.മുരളി**
വാമനപുരം

വാമനപുരം എം.എൽ.എ. ഡി.കെ മുരളിയുടെ നേതൃത്വത്തിൽ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് (KILE) ന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച അക്ഷരോത്സവം 2022 ജൂലൈ 25 ന് വെഞ്ഞാറമൂട് കീഴായിക്കോണത്ത് നടന്നു. പരിപാടി പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി വി.ശിവൻകുട്ടി ഉദ്ഘാടനം ചെയ്തു. ഡി.കെ. മുരളി എം.എൽ.എ. അധ്യക്ഷനായ ചടങ്ങിൽ എസ്.എസ്.എൽ.സി.യ്ക്കും പ്ലസ് ടു നും മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് നേടിയ അഞ്ഞൂറ്റി പന്ത്രണ്ട് വിദ്യാർത്ഥികൾക്ക് ട്രോഫികൾ വിതരണം ചെയ്തു. ഇതോടൊപ്പം വിദ്യാർത്ഥികളുടെ അഭിരുചിക്ക് അനുസരിച്ചുള്ള ഉപരി പഠനവും അനുയോജ്യമായ തൊഴിലും കണ്ടെത്തുന്നതിന് കരിയർ ഗൈഡൻസ് ക്ലാസും സംഘടിപ്പിച്ചു. തിരുവനന്തപുരം ജില്ലാ സബ് കളക്ടർ മാധവിക്കുട്ടി ഐ.എ.എസ്. മുഖ്യ പ്രഭാഷണം നടത്തി. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് അംഗങ്ങൾ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർ, ജനപ്രതിനിധികൾ, അധ്യാപകർ, പി.റ്റി.എ. ഭാരവാഹികൾ, പൊതുപ്രവർത്തകർ, രക്ഷാകർത്താക്കൾ, മാധ്യമ പ്രവർത്തകർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.



## മത്സ്യഫെഡ് ഫിഷ് മാർട്ട്

ഒരു നിയോജക മണ്ഡലത്തിൽ ഒരു ഫിഷ് മാർട്ട് എന്ന സർക്കാർ പദ്ധതി നടപ്പാക്കുന്നതിന്റെയും ഭക്ഷ്യ സുരക്ഷയുടേയും ഭാഗമായി കേരള സർക്കാരിന്റെ കീഴിലുള്ള മത്സ്യഫെഡ് ഉപഭോക്താക്കൾക്ക് ഏറ്റവും ഗുണമേന്മയേറിയതും രാസവസ്തു വിമുക്തവുമായ മത്സ്യം ന്യായവിലക്ക് ലഭ്യമാക്കുന്നതിന് തിരുവനന്തപുരം ജില്ലയിലെ നാലാമത്തെ ഫിഷ് മാർട്ട് വാമനപുരം നിയോജക മണ്ഡലത്തിലെ കല്ലറ മാർക്കറ്റ് കോമ്പൗണ്ടിൽ 2022 ജൂലൈ 22 ന് പ്രവർത്തനം ആരംഭിച്ചു. കല്ലറയിൽ ആരംഭിച്ച ഫിഷ് മാർട്ടിന്റെ ഉദ്ഘാടനം ഫിഷറീസ് വകുപ്പ് മന്ത്രി വി. അബ്ദുറഹ്മാൻ നിർവഹിച്ചു. വാമനപുരം എം.എൽ.എ. ഡി.കെ. മുരളി അധ്യക്ഷത വഹിച്ച ചടങ്ങിൽ മത്സ്യഫെഡ് ചെയർമാൻ റ്റി. മനോഹരൻ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, പഞ്ചായത്ത് വൈസ് പ്രസിഡന്റ്, ത്രിതല പഞ്ചായത്ത് ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, പൊതുപ്രവർത്തകർ തുടങ്ങിയവർ പങ്കെടുത്തു.

## പൊതുവിതരണം ശക്തിപ്പെടുത്താൻ സപ്ലൈകോ മാവേലി സ്റ്റോർ

സംസ്ഥാനത്ത് പൊതുവിതരണം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ നെല്ലനാട് ഗ്രാമപഞ്ചായത്തിൽ കോട്ടുന്നത്ത് പുതുതായി ആരംഭിച്ച സപ്ലൈകോ മാവേലി സ്റ്റോറിന്റെ ഉദ്ഘാടനം 2022 ആഗസ്റ്റ് 3 ന് ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യ ലീഗൽ മെട്രോളജി വകുപ്പ് മന്ത്രി ജി.ആർ.അനിൽ നിർവ്വഹിച്ചു. വാമനപുരം എം.എൽ.എ. ഡി.കെ മുരളി അധ്യക്ഷത വഹിച്ച ചടങ്ങിൽ നെല്ലനാട് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ത്രിതല പഞ്ചായത്ത് ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, പൊതുപ്രവർത്തകർ തുടങ്ങിയവർ പങ്കെടുത്തു.

ഡെപ്യൂട്ടി സ്പീക്കറുടെ പൊതുപരിപാടികൾ

## അടൂർ അമ്പലക്കടവ് റോഡ് വികസനം

അടൂർ മുതൽ അമ്പലക്കടവ് പാലംവരെയെത്തുന്ന റോഡ് വീതികൂട്ടി ടാറിംഗ് നടത്തുന്നതിനായി കല്ലിടൽ ചടങ്ങ് ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ നിർവഹിച്ചു. പത്ത് കിലോമീറ്റർ റോഡിന് അൻപതു കോടി രൂപയാണ് കിഫ്ബി അനുവദിച്ചിരിക്കുന്നത്. സർവേ നടത്തിയാണ് കല്ലിടീൽ നടത്തിയത്. അടൂർ മുതൽ കോഴഞ്ചേരി വരെയാണ് റോഡ് നിർമിക്കുന്നതിന് കിഫ്ബി തുക അനുവദിച്ചിരിക്കുന്നത്. ഇതിൽ അമ്പലക്കടവ് മുതൽ കോഴഞ്ചേരി വരെയുള്ള ഭാഗം നേരത്തേ ടെൻഡർ ചെയ്തിരുന്നു. അടൂർ മുതൽ തുമ്പമൺ അമ്പലക്കടവ് വരെയുള്ള ഭാഗമാണ് ഇപ്പോൾ ടെൻഡർ ചെയ്ത് സർവേ കല്ല് സ്ഥാപിക്കുന്നത്.






## ആരോഗ്യമുള്ള ജനതയ്ക്കായി കൃഷിയിലേക്ക് മടങ്ങണം

രാജ്യത്തെ ജനങ്ങൾ ആരോഗ്യമുള്ളവരായി മാറണമെങ്കിൽ നല്ല ഭക്ഷണം കഴിക്കണമെന്നും അതിനായി എല്ലാവരും കൃഷിയിൽ ശ്രദ്ധ കേന്ദ്രീകരിക്കണമെന്നും ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ പറഞ്ഞു. കർഷക ദിനത്തോടനുബന്ധിച്ച് ഏഴംകുളം പഞ്ചായത്തിൽ നടന്ന കർഷക ദിനാഘോഷം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

സാമാജികരുടെ നിയോജകമണ്ഡലങ്ങളിലൂടെ.....

## കുട്ടികളെ കൃഷിയിലേക്ക് ആകർഷിക്കാൻ 'ഹരിതമോഹനം' പദ്ധതി

**എം. വിജിൻ**
കല്ല്യാശ്ശേരി

കല്ല്യാശ്ശേരി മണ്ഡലം സമഗ്ര വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി വിദ്യാലയങ്ങളിൽ കുട്ടികളും കൃഷിയിലേക്ക് എന്ന ലക്ഷ്യത്തോടെ 'ഹരിതമോഹനം' പദ്ധതിയുടെ മണ്ഡലതല ഉദ്ഘാടനം പുറച്ചേരി ഗവ. യു.പി. സ്കൂളിൽ എം. വിജിൻ എം.എൽ.എ.യും ജില്ലാ കലക്ടർ എസ്. ചന്ദ്രശേഖറും ചേർന്ന് നിർവഹിച്ചു.

ഓണത്തിന് വിദ്യാലയങ്ങളിൽ നാട്ടുപൂക്കളം എന്ന കാഴ്ചപ്പാടോടെ ചെണ്ടുമല്ലി തോട്ടങ്ങളും, വിഷരഹിതമാണ് എന്റെ ഭക്ഷണം എന്ന ലക്ഷ്യത്തിലൂന്നി പച്ചക്കറി കൃഷിയും ആദ്യഘട്ടത്തിൽ നടപ്പാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. പദ്ധതിക്കാവശ്യമായ വിത്തും ചെടികളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ കൃഷിഭവൻ മുഖേന ലഭ്യമാക്കും. 10 സെന്റിൽ കൃഷി ചെയ്യാൻ താൽപര്യമുള്ള വിദ്യാലയങ്ങൾക്ക് 4000 രൂപ വരെ സർക്കാർ സബ്സിഡിയും ലഭിക്കും. സ്ഥല സൗകര്യമില്ലാത്ത വിദ്യാലയങ്ങളിൽ ഗ്രോബാഗ് കൃഷിയും, ടെറസ് കൃഷിയും നടത്തും. വിദ്യാലയത്തിനടുത്തുള്ള സ്ഥലങ്ങളും ഈ പദ്ധതിക്കായി പ്രയോജനപ്പെടുത്തും. മണ്ണൊരുക്കൽ അടക്കമുള്ള പ്രാരംഭ പ്രവർത്തനങ്ങൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ തൊഴിലുറപ്പ് തൊഴിലാളികളുടെ സേവനവും പ്രയോജനപ്പെടുത്തുന്നതോടൊപ്പം, സ്കൂൾ പി.ടി.എ., പൂർവ്വ വിദ്യാർത്ഥി സംഘടന, സന്നദ്ധ സംഘടനകൾ എന്നിവരുടെ സഹകരണവും ഉണ്ടാകും. സംസ്ഥാന സർക്കാരിന്റെ ഞങ്ങളും കൃഷിയിലേക്ക് എന്ന ക്യാമ്പയിനോട് ചേർന്നായിരിക്കും പദ്ധതി നടപ്പിലാക്കുക. ശാസ്ത്രീയ



കൃഷി സംസ്കാരവും സ്വയം പര്യാപ്തതയും കൈവരിക്കാനുള്ള പാഠങ്ങൾ കുട്ടികൾക്ക് നൽകുക എന്ന ലക്ഷ്യത്തോടെ അക്കാദമിക പ്രവർത്തനങ്ങളുടെ ഭാഗമായിട്ടാണ് മണ്ഡലത്തിലെ മുഴുവൻ സ്കൂളുകളിലും പദ്ധതി നടപ്പിലാക്കുന്നത്.

എഴുത്തുകാരൻ സുസ്മേഷ് ചന്ത്രോത്തിന്റെ 'ഹരിതമോഹനം' എന്ന കഥയുടെ പേരാണ് പദ്ധതിക്ക് നൽകിയിരിക്കുന്നത്. ഒൻപതാം ക്ലാസിലെ കുട്ടികൾക്ക് പഠിക്കാനുള്ള പാഠം കൂടിയാണ് ഈ കഥ എന്നത് ഇതിന് ഏറെ പ്രാധാന്യം നൽകുന്നു. ചടങ്ങിൽ കല്യാശ്ശേരി ബ്ലോക്ക് കൃഷി അസിസ്റ്റന്റ് ഡയറക്ടർ എ. സുരേന്ദ്രൻ പദ്ധതി വിശദീകരിച്ചു. ത്രിതല പഞ്ചായത്ത് പ്രതിനിധികൾ, ഉദ്യോഗസ്ഥർ, പി.ടി.എ. പ്രതിനിധികൾ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

## പവിഴമല്ലി അംഗൻവാടിയും സാംസ്കാരിക നിലയവും ഉദ്ഘാടനം ചെയ്തു

**വി.കെ.പ്രശാന്ത്**
വട്ടിയൂർക്കാവ്

വി.കെ പ്രശാന്ത് എം.എൽ.എ. യുടെ ആസ്തി വികസന ഫണ്ടിൽനിന്നും നാൽപത് ലക്ഷം രൂപ ചെലവഴിച്ച് പാതിരപ്പള്ളി വാർഡിലെ കുന്നുംപുറത്ത് നിർമ്മിച്ച പവിഴമല്ലി അംഗൻവാടിയുടെയും സാംസ്കാരിക നിലയത്തിന്റെയും ഉദ്ഘാടനം വി.കെ പ്രശാന്ത് എം.എൽ.എ. അധ്യക്ഷനായ ചടങ്ങിൽ ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി വീണാ ജോർജ് ഉദ്ഘാടനം ചെയ്തു. കേരളത്തിലെ എല്ലാ അംഗൻവാടികളും ഹൈടെക് രീതിയിലേക്ക് മാറ്റുന്ന പദ്ധതി നടപ്പിലാക്കി വരികയാണെന്ന് മന്ത്രി പറഞ്ഞു. കുട്ടികളുടെ ബൗദ്ധികവും ശാരീരികവുമായ വളർച്ചയെയും സർഗ്ഗശേഷിയുടെ വികാസത്തെയും പ്രാരംഭഘട്ടത്തിൽ തന്നെ പരിപോഷിപ്പിക്കുന്ന തരത്തിൽ അംഗൻവാടികളെ ഏറ്റവും മികവുറ്റതാക്കുന്നതിനുള്ള പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്നും മന്ത്രി കൂട്ടിചേർത്തു.

തിരുവനന്തപുരം ജില്ലയിൽ സുഗതകുമാരി ടീച്ചറുടെ ആദ്യ സ്മാരകമായ ഈ മന്ദിരത്തിന് ടീച്ചറുടെ 'പവിഴമല്ലി' എന്ന കവിതയുടെ പേരാണ് നൽകിയിരിക്കുന്നത്. ടീച്ചറുടെ ഒരു ഛായാചിത്രവും ഇവിടെ സ്ഥാപിച്ചിട്ടുണ്ട്. അംഗൻവാടിയിലെ കുട്ടികൾക്കാവശ്യമായ ഫർണിച്ചറുകൾ, കളിക്കോപ്പുകൾ, ടെലിവിഷൻ എന്നിവയും സാംസ്കാരിക നിലയത്തി



ലേക്ക് സുഗതകുമാരി ടീച്ചറുടെ പുസ്തകങ്ങളും ബുക്ക് ഷെൽഫും സജ്ജീകരിച്ചിട്ടുണ്ട്.

ജനപ്രതിനിധികൾ, സുഗതകുമാരി ടീച്ചറുടെ മകൾ ലക്ഷ്മി ദേവി, റെസിഡന്റ്സ് അസോസിയേഷൻ ഭാരവാഹികൾ, രാഷ്ട്രീയകക്ഷി പ്രതിനിധികൾ, എന്നിവർ പങ്കെടുത്ത ചടങ്ങിൽ പ്രശസ്ത സംഗീതജ്ഞൻ കാവാലം ശ്രീകുമാർ സുഗതകുമാരി ടീച്ചറുടെ കവിതകൾ ആലപിച്ചു.

പ്രതിപക്ഷ നേതാവിന്റെ പേജ്



# നെഹ്രൂവിയൻ വികസന സങ്കൽപ്പത്തിന് പ്രാധാന്യമേറുന്നു



വി.ഡി. സതീശൻ
പ്രതിപക്ഷ നേതാവ്

'ഏറെക്കാലം മുമ്പ് വിധിയുമായി നാം ഒരു സന്ധിയുണ്ടാക്കി. അതു പൂർണ്ണമായിട്ടോ മുഴുവനായ അളവിലോ അല്ലെങ്കിലും അതിന്റെ അർത്ഥം ഉൾക്കൊണ്ടുകൊണ്ട് ആ പ്രതിജ്ഞ നിറവേറ്റാനുള്ള സമയം ഇതാ വന്നിരിക്കുന്നു. അർദ്ധരാത്രി കുറിക്കുന്ന മണി മുഴങ്ങുമ്പോൾ, ലോകം ഉറങ്ങുമ്പോൾ, ഇന്ത്യ ജീവിതത്തിലേയ്ക്കും സ്വാതന്ത്ര്യത്തിലേയ്ക്കും കൺതുറക്കുകയാണ്. ചരിത്രത്തിൽ അപൂർവ്വമായി മാത്രം സംഭവിക്കുന്ന ഒരു നിമിഷം എത്തിയിരിക്കുന്നു. നാം പഴയതിൽനിന്ന് പുതിയതിലേയ്ക്ക് ചുവടു വയ്ക്കുമ്പോൾ, ഒരു യുഗം അവസാനിക്കുകയാണ്. കാലങ്ങളായി അടിച്ചമർത്തപ്പെട്ട ഒരു രാഷ്ട്രത്തിന്റെ ആത്മാവ് അതിന്റെ ശബ്ദം കണ്ടെത്തുകയാണ്.'

സാമ്രാജ്യത്വത്തിന്റെ ഇരുട്ടിൽനിന്ന് രാജ്യം സ്വാതന്ത്ര്യത്തിന്റെ പുലരിയിലേയ്ക്ക് കൺതുറക്കുമ്പോൾ പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ലോകത്തോട് പറഞ്ഞ വാക്കുകളാണിത്. എഴുപത്തിയഞ്ച് വർഷങ്ങൾക്ക് മുമ്പുള്ള ഒരു ആഗസ്റ്റ് 14 അർദ്ധരാത്രി ഭരണഘടനാ നിർമ്മാണ സഭയിൽ നെഹ്റു നടത്തിയ ഈ പ്രസംഗം 'വിധിയുമായുള്ള കൂടിക്കാഴ്ച' എന്നാണ് ചരിത്രം അടയാളപ്പെടുത്തിയിരിക്കുന്നത്.

കേവലം പ്രസംഗത്തിനുമപ്പുറം ഭാഷയിലും വേഷത്തിലും സംസ്ക്കാരത്തിലുമൊക്കെ വ്യത്യസ്തമായ ജനങ്ങളെ ഉൾക്കൊള്ളുന്ന ഇന്ത്യയെന്ന രാജ്യത്തെ ഒറ്റക്കെട്ടായി, ലോകത്തെ ഏറ്റവും ശക്തമായ ജനാധിപത്യ രാജ്യമായി നിലനിർത്താൻ പണ്ഡിറ്റ്ജിക്ക് സാധിച്ചു. സ്വതന്ത്ര ഇന്ത്യയുടെ ആദ്യ പ്രധാനമന്ത്രിയായത് കൊണ്ട് മാത്രമല്ല, ബഹുസ്വരതയെ അംഗീകരിക്കുന്നതിനൊപ്പം അവയിലെ ഏകത്വത്തെ കൂട്ടിയിണക്കി മതേതര ജനാധിപത്യ രാഷ്ട്രമായി മാറ്റിയെടുക്കുന്നതിന് മാനവികതയിൽ ഊന്നിയുള്ള അടിത്തറയിട്ടതു കൊണ്ടാണ് ആധുനിക ഇന്ത്യയുടെ ശിൽപിയെന്ന് ജവഹർലാൽ നെഹ്റുവിനെ വിശേഷിപ്പിക്കുന്നത്.

1947 ൽ ചരിത്രപരമായ വലിയൊരു പ്രതിസന്ധിഘട്ടത്തിലാണ് ഇന്ത്യയുടെ ഭരണച്ചുമതല നെഹ്റു ഏറ്റെടുത്തത്. പട്ടിണിക്ക് പുറമെ രാജ്യത്തിന്റെ അരക്ഷിതമായ സാമ്പത്തിക സ്ഥിതിയും വിഭജനത്തെയും പ്രാദേശിക കലാപങ്ങളെയും തുടർന്നുണ്ടായ അനിയന്ത്രിതമായ അഭയാർത്ഥി പ്രവാഹവും അറുന്നൂറിലേറെ നാട്ടുരാജ്യങ്ങളും നാട്ടുരാജാക്കൻമാരും ഉയർത്തിയ വെല്ലുവിളികളുമൊക്കെയാണ് പ്രധാനമന്ത്രിയെന്ന നിലയിൽ നെഹ്റുവിന് അഭിമുഖീകരിക്കേണ്ടി വന്നത്. ഈ പ്രതിസന്ധികളൊക്കെ രാജ്യത്തെ ആഭ്യന്തര യുദ്ധത്തിലേക്കും അരാജകത്വത്തിലേക്കും തള്ളിവിടാൻ പര്യാപ്തമായ കാരണങ്ങളായിരുന്നു. എന്നാൽ എല്ലാ പ്രതിസന്ധികളെയും ധീരതയോടെ അതിജീവിച്ച് ദേശീയതയുടെ അടിസ്ഥാന ശിലകളായി ബഹുസ്വരതയുടെ സൗന്ദര്യവും മതേതരത്വവും ഉറപ്പിക്കാൻ അദ്ദേഹത്തിന് സാധിച്ചു. ഇന്ത്യയ്ക്കൊപ്പമോ അതിന് ശേഷമോ സ്വതന്ത്ര്യം ലഭിച്ച രാജ്യങ്ങളിൽ ജനാധിപത്യമോ മതേതരത്വമോ ഒരു ആശയമായി പോലും ശേഷിക്കുന്നില്ലെന്ന ബോധ്യത്തിൽ വേണം നെഹ്റുവെന്ന രാഷ്ട്രശിൽപിയെ നാം വിലയിരുത്തേണ്ടത്.

ഇന്ത്യയുടെ ബഹുസ്വരതയും അതിലെ ഏകത്വങ്ങളും യുക്തിസഹമായ ചിന്തയും ശാസ്ത്രബോധവും അതിശക്തമായൊരു ഭരണഘടനയും ഭരണഘടനാസ്ഥാപനങ്ങളും പൊതുമേഖലാസ്ഥാപനങ്ങളും രാജ്യത്തുടനീളം ശാസ്ത്രസാങ്കേതിക ഗവേഷണശാലകളും ഉന്നത വിദ്യാഭ്യാസകേന്ദ്രങ്ങളും വ്യക്തവും ശക്തവുമായ വിദേശകാര്യ, സാമ്പത്തിക നയങ്ങളും രൂപപ്പെടുത്തിയുമൊക്കെയാണ് നെഹ്റുവെന്ന ഭരണതന്ത്രജ്ഞൻ ആധുനിക ഇന്ത്യ കെട്ടിപ്പടുത്തത്. ജനാധിപത്യ രാജ്യത്തിന് അനിവാര്യമായതും ലോകത്തിന് തന്നെ മാതൃകയായതുമായ ഇന്ത്യൻ ഭരണഘടന യാഥാർത്ഥ്യമായതും നെഹ്റുവിന്റെ നിശ്ചയദാർഢ്യം ഒന്നുകൊണ്ടു മാത്രമാണ്. ഭരണഘടനയ്ക്ക് ആമുഖം എന്ന ആശയവും നെഹ്റുവിന്റേതായിരുന്നു.

മതേതരത്വവും ബഹുസ്വരതയിലെ ഏകത്വവും ശാശ്വതമായി നിലനിർത്താൻ ഭരണഘടനാ സ്ഥാപനങ്ങൾ അനിവാര്യമാണെന്നത് അദ്ദേഹത്തിന്റെ ദീർഘവീക്ഷണത്തോടെയുള്ള കാഴ്ചപ്പാടിന്റെ ഭാഗമായിരുന്നു. അതുകൊണ്ടു തന്നെയാണ് രാഷ്ട്രീയ നേതൃത്വത്തിന് വശംവദരാകാത്ത നീതിന്യായ വ്യവസ്ഥയും തെരഞ്ഞെടുപ്പ് കമ്മിഷനുമൊക്കെ ഇന്ത്യയിലുണ്ടായത്. വിവിധ മേഖലകളിലെ വികസനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനായി അതത് രംഗത്തെ വിദഗ്ധരെ തന്നെ നെഹ്റു നിയോഗിച്ചു. ജനാധിപത്യ മൂല്യങ്ങൾക്ക് പോറലേൽക്കാതെയാകണം രാജ്യം വികസിക്കേണ്ടതെന്ന കാഴ്ചപ്പാടായിരുന്നു അദ്ദേഹത്തിനുണ്ടായിരുന്നത്. അതുകൊണ്ടു തന്നെയാണ് ജനാധിപത്യം രാജ്യത്ത് ശക്തമായി വേരുറച്ച് നിൽക്കാൻ ആവശ്യമായ ജനാധിപത്യ ഭരണഘടനാ സ്ഥാപനങ്ങൾ അദ്ദേഹം അതീവ സൂക്ഷ്മതയോടെ സ്ഥാപിച്ചതും.

വ്യത്യസ്തമായ അഭിപ്രായങ്ങളും നിരന്തരമായ സംവാദങ്ങളും അവയ്ക്കിടയിലെ ഐക്യപ്പെടലുമാണ് ജനാധിപത്യത്തിന്റെ സൗന്ദര്യം. നിലപാടുകളിലുള്ള വ്യത്യസ്തതകളെ സ്വീകരിക്കാനുള്ള ഹൃദയവിശാലത നെഹ്റു കാട്ടിയിരുന്നു. അതുകൊണ്ടുതന്നെയാണ് ആദ്യമന്ത്രിസഭയിൽ കടുത്ത വലതുപക്ഷവാദിയായ ശ്യാമപ്രസാദ് മുഖർജിയും ഷണ്മുഖം ചെട്ടിയുമൊക്കെ ഉൾപ്പെട്ടത്.

പൊതുമേഖലാ സ്ഥാപനങ്ങൾ ആധുനികതയിലേക്കുള്ള ഇന്ത്യയുടെ വളർച്ചയ്ക്ക് അനിവാര്യമാണെന്ന തിരിച്ചറിവാണ് നെഹ്റൂവിയൻ വികസന സങ്കൽപത്തിന്റെ ആണിക്കല്ല്. സമ്പദ്ഘടനയേയും സോഷ്യലിസത്തേയും കുറിച്ചുള്ള സമീപനം രൂപപ്പെടുത്തിയ കോൺഗ്രസിന്റെ ആവഡി സമ്മേളനത്തിൽ (1955) അദ്ദേഹം ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥ ശക്തമാക്കാൻ സർക്കാരിന്റെ നേതൃത്വത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളിലൂടെ വ്യവസായവത്ക്കരണം നടപ്പിലാക്കാനും ആണവോർജം പൊതുതാൽപര്യത്തിന് വേണ്ടി ഉപയോഗിക്കാനും നെഹ്റു തീരുമാനിച്ചു. അതേസമയം വ്യാവസായവത്ക്കരണം സാധ്യമാകണമെങ്കിൽ അതിന് സഹായകമായ കാർഷിക സമ്പദ് വ്യവസ്ഥയും ചെറുകിട വ്യവസായ അടിത്തറയും ആവശ്യമാണെന്ന ബോധ്യവും അദ്ദേഹത്തിനുണ്ടായിരുന്നു. നഗരാസൂത്രണമെന്നത് റോഡുകളും പാർക്കുകളും നിർമ്മിക്കുന്നതിനുമപ്പുറം വിദ്യാഭ്യാസം, വിനോദം, തൊഴിൽ, വ്യവസായം എന്നിവയിലേക്ക് കൂടിയായത് ആധുനികമായ നെഹ്റൂവിയൻ കാഴ്ചപ്പാടായിരുന്നു. എല്ലാ ഗ്രാമങ്ങളിലും പഞ്ചായത്തും സഹകരണസംഘവും സ്കൂളുകളും വേണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു.

ഇന്ത്യയുടെ വിദേശ നയം രൂപീകരിക്കുന്നതിലും ഒരു നെഹ്റൂവിയൻ കൈയ്യൊപ്പുണ്ട്. ശീതസമര കാലത്ത് മൂന്നാം ലോകരാഷ്ട്രങ്ങളെ ഇന്ത്യയുടെ നേതൃത്വത്തിൽ ചേരിചേരാനയത്തിലൂടെ ലോകശ്രദ്ധയിലേക്ക് ഉയർത്തിയത് ജവഹർലാൽ നെഹ്റുവായിരുന്നു. ലോകശക്തികളായ വികസിത രാജ്യങ്ങളുടെ കിടമത്സരത്തിൽ കക്ഷി ചേരാതെ മൂന്നാംലോക രാഷ്ട്രങ്ങൾക്കിടയിൽ സഹകരണം ശക്തമാക്കുന്നതിനാണ് ചേരിചേരാപ്രസ്ഥാനം രൂപീകരിച്ചത്. നെഹ്റു സ്വീകരിച്ച ഈ ചേരിചേരാനയം തന്നെയാണ് ഇന്ത്യയെ അവഗണിക്കാനാകാത്ത ലോകശക്തിയാക്കി മാറ്റിയതെന്നതിൽ തർക്കമില്ല.

സ്വാതന്ത്ര്യാനന്തരം ജവഹർലാൽ നെഹ്റു അല്ലാതെ മറ്റാരെങ്കിലുമായിരുന്നു ഇന്ത്യയുടെ പ്രധാനമന്ത്രി ആയിരുന്നതെങ്കിൽ ഇന്ന് കാണുന്നതുപോലുള്ളൊരു ആധുനിക ഇന്ത്യയിലേക്ക് നാം എത്തിച്ചേരുമായിരുന്നോ എന്നുപോലും സംശയമാണ്. ജനാധിപത്യത്തിലും സോഷ്യലിസത്തിലും മതേതരത്വത്തിലും ഊന്നിയുള്ള ഭരണഘടനയുള്ള ശക്തമായൊരു രാജ്യമായി ഇന്ത്യ മാറിയത് തന്നെയാണ് നെഹ്റൂവിയൻ വികസന കാഴ്ചപ്പാടെന്ന് നമുക്ക് നിസംശയം പറയാം.

## സഭാധ്യക്ഷന്റെ പേജ്

ഒന്നാം പേജിന്റെ തുടർച്ച

ഇപ്പോൾ രാജ്യത്ത് അപ്രഖ്യാപിത അടിയന്തിരാവസ്ഥയാണെന്നും പൗരാവകാശവും മാധ്യമ സ്വാതന്ത്ര്യവും ഭരണഘടനാമൂല്യങ്ങളും കവരുകയാണെന്നും പറഞ്ഞുകൊണ്ട് നിരവധി പ്രക്ഷോഭങ്ങൾ ഉയർന്നുവരുന്നുണ്ട്.

ഭരണകൂടത്തെ ഉപയോഗിച്ചുകൊണ്ട് ഭരണഘടനയെ ദുർബലപ്പെടുത്താനുള്ള നീക്കങ്ങൾ അപലപനീയമാണ്. പൗരത്വനിയമഭേദഗതി പാർലമെന്റിൽ പാസാക്കിയത് ഇതിനൊരു ഉദാഹരണമാണ്. 'ഭരണഘടന എത്ര നല്ലതാണെങ്കിലും അത് നടപ്പാക്കുന്നവർ നല്ലതല്ലെങ്കിൽ അത് ചീത്തയാകും'എന്ന് 1949 നവംബർ 25ന് ഭരണഘടനാ അസംബ്ലിയിൽ ഡോ. ബി.ആർ. അംബേദ്കർ നൽകിയ മുന്നറിയിപ്പാണ് ഇത്തരം നീക്കങ്ങളുണ്ടാവുമ്പോൾ ജനങ്ങൾ ഓർക്കുന്നത്. രാജ്യത്ത് പതിനൊന്നോളം സംസ്ഥാനങ്ങൾക്ക് ഒരു വിധത്തിൽ അല്ലെങ്കിൽ മറ്റൊരു വിധത്തിൽ പ്രത്യേക പദവികളോ പരിഗണനകളോ ഉണ്ട്. അതെല്ലാം നിലനിർത്തിക്കൊണ്ടുതന്നെ ജമ്മു കശ്മീരിനുള്ള പ്രത്യേക പദവി എടുത്തുകളയുന്നത് നാം കണ്ടു. അതുപോലെ കാർഷിക ഭേദഗതി നിയമം, അയോധ്യ വിധി നടപ്പാക്കൽ തുടങ്ങിയവയെല്ലാം ഭരണഘടനാ ലംഘനത്തിന്റെ ഉദാഹരണങ്ങളാണ്. മതത്തിന്റെ പേരിൽ പൗരത്വം നിഷേധിക്കാൻ പാടില്ലെന്നും വിവേചനമോ പ്രീണനമോ പാടില്ലെന്നും ഭരണഘടന ഊന്നുന്നുണ്ട്. പരമാധികാര, സോഷ്യലിസ്റ്റ്, മതനിരപേക്ഷ, ജനാധിപത്യ റിപ്പബ്ലിക് എന്നാണ് നമ്മുടെ റിപ്പബ്ലിക്കിന് ഭരണഘടന നൽകിയ വിശേഷണങ്ങൾ. ഇതിലെ മതനിരപേക്ഷത ഉൾപ്പെടെയുള്ള വിശേഷണങ്ങൾ അനാവശ്യമാണെന്ന് പറഞ്ഞുകൊണ്ട് അത്തരം മൂല്യങ്ങളെ ദുർബലപ്പെടുത്താനുള്ള നീക്കങ്ങൾ രാജ്യത്തിന്റെ പല ഭാഗത്തും അരങ്ങേറുന്നുണ്ട്. ഭരണഘടനയെ പിച്ചിച്ചീന്തുവാനുള്ള ഇത്തരം നീക്കങ്ങളെ ജനാധിപത്യ - മതനിരപേക്ഷവാദികൾ ചെറുത്തുതോൽപ്പിക്കേണ്ടതുണ്ട്. ഈ കാലത്ത് ഇന്ത്യൻ ഭരണഘടനാ സംരക്ഷണത്തിന് മറ്റേതൊരു കാലത്തേക്കാളും പ്രാമുഖ്യമുണ്ട്. ഇന്ത്യൻ ഭരണഘടനയോട് പ്രതിബദ്ധത പുലർത്തി പ്രവർത്തിക്കുവാനും ഭരണഘടന മുന്നോട്ടുവയ്ക്കുന്ന മതനിരപേക്ഷ ജനാധിപത്യം, ഫെഡറലിസം, സാമൂഹ്യനീതി, സാമ്പത്തിക പരമാധികാരം തുടങ്ങിയവയെല്ലാം സംരക്ഷിക്കുവാനുള്ള ശക്തമായ പ്രവർത്തനങ്ങൾ കേരളത്തിൽ നിന്ന് ഉയർന്നുവരണം.

ഭരണഘടനയെ കുറിച്ചുള്ള അറിവ് ഈ കാലഘട്ടത്തിൽ പരമപ്രധാനമായ ഒന്നാണ്. ഓരോ മലയാളിക്കും ഭരണഘടനാ സാക്ഷരത പകർന്നുനൽകാനുള്ള വിപുലമായ ഒരു ക്യാമ്പയിന് രാജ്യത്തിന്റെ ഭരണഘടനാ ദിനമായ നവംബർ 26 ന് കേരള നിയമസഭ തുടക്കം കുറിക്കുകയാണ്. വിവിധ തലങ്ങളിൽ നടക്കുന്ന ആ ക്യാമ്പയിനിലൂടെ ഭരണഘടനയുടെ ആവിർഭാവത്തെ കുറിച്ചും ഭരണഘടനാ മൂല്യങ്ങളെ സംബന്ധിച്ചും സംസ്ഥാനത്തെ ആബാലവൃദ്ധം ജനങ്ങളെ ബോധവൽക്കരിക്കും. വിപുലമായി സംഘടിപ്പിക്കുന്ന ഈ ഭരണഘടനാ സാക്ഷരതാ യജ്ഞത്തിന് ഭരണപ്രതിപക്ഷ ഭേദമില്ലാതെ എല്ലാ ജനാധിപത്യ വിശ്വാസികളുടേയും സഹകരണം ഉണ്ടാവുമെന്നാണ് പ്രതീക്ഷിക്കുന്നത്. രാജ്യത്തോട് സ്നേഹമുള്ളവർക്ക് ഭരണഘടനയെ ചേർത്ത് വയ്ക്കാതിരിക്കാൻ സാധിക്കില്ലല്ലോ.

നിയമസഭാ സമുച്ചയത്തിലെ പരിപാടികൾ

K-LAMPS (പാർലമെന്ററി സ്റ്റഡീസ്)

## ബാലപ്രതിനിധികൾക്കായി പരിശീലന പരിപാടി

കുടുംബശ്രീയുടെ 2022 ലെ സംസ്ഥാന ബാല പാർലമെന്റിന് മുന്നോടിയായി തെരഞ്ഞെടുത്ത നൂറ്റിനാല്പത് ബാലപ്രതിനിധികൾക്കായി പാർലമെന്ററി സംവിധാനം സംബന്ധിച്ച് പരിശീലന പരിപാടി 2022 സെപ്റ്റംബർ 3 ന് നിയമസഭാ സമുച്ചയത്തിലെ ബാങ്ക്വറ്റ് ഹാളിൽ സംഘടിപ്പിച്ചു. കെ-ലാംപ്സ് (പാർലമെന്ററി സ്റ്റഡീസ്) ന്റെ ആഭിമുഖ്യത്തിൽ നടന്ന ചടങ്ങിൽ കെ-ലാംപ്സ് എക്സിക്യൂട്ടീവ് ഡയറക്ടർ മഞ്ജു വർഗ്ഗീസ് സ്വാഗതം ആശംസിക്കുകയും നിയമസഭാ സെക്രട്ടറി എ.എം. ബഷീർ ആശംസകൾ അർപ്പിച്ച് സംസാരിക്കുകയും ചെയ്തു. പാർലമെന്ററി ഭരണ സംവിധാനത്തെക്കുറിച്ച് വിശദമായി മനസ്സിലാക്കുന്നതിന് ഈ പരിശീലന പരിപാടി സഹായകമാകുമെന്ന് നിയമസഭാ സെക്രട്ടറി ആശംസിച്ചു.

പരിശീലന പരിപാടി നയിച്ച നിയമസഭാ സെക്രട്ടേറിയറ്റിലെ അഡീഷണൽ സെക്രട്ടറി കെ. സുരേഷ് കുമാർ ജനാധിപത്യ സംവിധാനത്തിന്റെ ആവിർഭാവവും ഇന്ത്യയിലെ പാർലമെന്ററി ജനാധിപത്യ സംവിധാനത്തിന്റെ സവിശേഷതകളും നിയമസഭയുടെ പ്രവർത്തനം സംബന്ധിച്ച അടിസ്ഥാന വിവരങ്ങളും ബാലപ്രതിനിധികൾക്ക് വിശദീകരിച്ചു. കുടുംബശ്രീ സ്റ്റേറ്റ് പ്രോഗ്രാം മാനേജർ അരുൺ. പി. രാജൻ ചടങ്ങിൽ കൃതജ്ഞത രേഖപ്പെടുത്തി.



ബാലസഭ പ്രതിനിധികളായി 14 ജില്ലകളിൽ നിന്നും തെരഞ്ഞെടുത്ത നൂറ്റിനാല്പത് കുട്ടികളും നാല്പത് മിഷൻ ഫാക്കൽറ്റികളും കുടുംബശ്രീ പ്രതിനിധികളും പരിശീലന പരിപാടിയിൽ പങ്കെടുത്തു.

## വാച്ച് ആന്റ് വാർഡ് വിഭാഗം ജീവനക്കാർക്ക് പരിശീലന പരിപാടി

കേരള നിയമസഭയുടെ പരിശീലന വിഭാഗമായ കേരള ലെജിസ്ലേറ്റീവ് അസംബ്ലി മീഡിയ ആന്റ് പാർലമെന്ററി സ്റ്റഡി സെന്റർ (പി.എസ്.) വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ വാച്ച് ആന്റ് വാർഡ് വിഭാഗത്തിൽ പുതുതായി ജോലിയിൽ പ്രവേശിച്ച ഉദ്യോഗസ്ഥർക്കായി 2022 ആഗസ്റ്റ് 04 ാം തീയതി 'നിയമസഭാ നടപടിക്രമങ്ങൾ: പൊതുവായ കാര്യങ്ങൾ' എന്ന വിഷയത്തിൽ പരിശീലന പരിപാടി സംഘടിപ്പിച്ചു. കെ-ലാംപ്സ് എക്സിക്യൂട്ടീവ് ഡയറക്ടർ മഞ്ജു വർഗ്ഗീസ് ഉദ്യോഗസ്ഥരെ പരിപാടിയിലേയ്ക്ക് സ്വാഗതം ചെയ്യുകയും





പരിശീലനത്തെ സംബന്ധിച്ച് ആമുഖമായി സംസാരിക്കുകയും ചെയ്തു. തുടർന്ന് നിയമസഭാ സെക്രട്ടറി എ.എം. ബഷീർ വാച്ച് ആന്റ് വാർഡ് വിഭാഗം ജീവനക്കാരെ അഭിസംബോധന ചെയ്തു സംസാരിച്ചു. കെ-ലാംപ്സ് ഡയറക്ടറും ജോയിന്റ് സെക്രട്ടറിയുമായ ജി.പി. ഉണ്ണികൃഷ്ണൻ പരിശീലന ക്ലാസ് നയിച്ചു.

പരിശീലന പരിപാടി നിയമസഭാ നടപടിക്രമങ്ങളിന്മേൽ അവബോധം സൃഷ്ടിക്കുന്നതിനും അതിലുപരി ഔദ്യോഗിക കൃത്യനിർവ്വഹണത്തിലെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സഹായകരമാകുമെന്ന് വാച്ച് ആന്റ് വാർഡ് ജീവനക്കാർ അഭിപ്രായപ്പെട്ടു. നാൽപ്പത്തി രണ്ട് ജീവനക്കാർ പരിശീലന പരിപാടിയിൽ പങ്കെടുത്തു.

## അക്കൗണ്ട്സ് വിഭാഗം ജീവനക്കാർക്ക് പരിശീലന പരിപാടി

കേരള നിയമസഭയുടെ പരിശീലന വിഭാഗമായ കെ-ലാംപ്സ് (പി.എസ്.) വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ നിയമസഭാ സെക്രട്ടേറിയറ്റിലെ അക്കൗണ്ട്സ് വിഭാഗം ഉദ്യോഗസ്ഥർക്കായി 2022 സെപ്റ്റംബർ 15 ാം തീയതി പാർലമെന്ററി പഠന പരിശീലന ഹാളിൽ ആദായ നികുതി സംബന്ധിച്ച വിഷയത്തിൽ പരിശീലന പരിപാടി സംഘടിപ്പിച്ചു. കെ-ലാംപ്സ് (പി.എസ്.) ഡയറക്ടർ ജി.പി.ഉണ്ണികൃഷ്ണൻ പരിപാടിയിലേയ്ക്ക് ഉദ്യോഗസ്ഥരെ സ്വാഗതം ചെയ്യുകയും പരിശീലനത്തെ സംബന്ധിച്ച് ആമുഖമായി സംസാരിക്കുകയും ചെയ്തു.

റിട്ട. സബ് ട്രഷറി ഓഫീസർ എൻ. ബാബുരാജൻ പരിശീലന ക്ലാസ് നയിച്ചു. ആദായ നികുതി നിർണ്ണയിക്കുന്നതിനെക്കുറിച്ചും വിവിധ സെക്ഷനുകൾ പ്രകാരമുള്ള നികുതി ഇളവുകളെയും കിഴിവുകളെയും കുറിച്ചും റ്റി.ഡി.എസ്. അപ്‌ലോഡ് ചെയ്യൽ, ഫോം 16 ലഭിക്കുന്നതിനായി പോർട്ടലിൽ ഉൾപ്പെടുത്തേണ്ട



വിവരങ്ങൾ എന്നിവ സംബന്ധിച്ചും അദ്ദേഹം വിശദീകരിക്കുകയും ചോദ്യങ്ങൾക്ക് മറുപടി നൽകുകയും ചെയ്തു. പരിശീലന പരിപാടിയിൽ ഇരുപത്തിയേഴ് ജീവനക്കാർ പങ്കെടുത്തു.

നിയമസഭാ സമുച്ചയത്തിലെ പരിപാടികൾ

# ആസാദി കാ അമൃത് മഹോത്സവിന്റെ ഭാഗമായി പ്രഭാഷണ പരിപാടി

ഭാരതം സ്വാതന്ത്ര്യം നേടിയതിന്റെ 75 വർഷങ്ങൾ രാജ്യവ്യാപകമായി ആഘോഷിക്കുന്ന 'ആസാദി കാ അമൃത് മഹോത്സവ്' ന്റെ ഭാഗമായി കേരള നിയമസഭാ സെക്രട്ടേറിയറ്റിന്റെ പരിശീലന വിഭാഗമായ കെ-ലാംപ്സ് (പി.എസ്.) ന്റെ ആഭിമുഖ്യത്തിൽ 2022 ആഗസ്റ്റ് 10 ന് നിയമസഭാ സമുച്ചയത്തിലെ ആർ.ശങ്കര നാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ കേരള സർവ്വകലാശാല മുൻ പ്രോവൈസ് ചാൻസലർ ഡോ. ജെ. പ്രഭാഷ് 'ഇന്ത്യ എന്ന ആശയം: ഭരണഘടനയും വർത്ത മാനകാല യാഥാർത്ഥ്യവും' എന്ന വിഷയത്തിൽ പ്രഭാഷണം നടത്തി. തദവസ രത്തിൽ 2022 ആഗസ്റ്റ് 10 മുതൽ 20 വരെ നിയമസഭാ മ്യൂസിയം, ലൈബ്രറി വിഭാഗങ്ങൾ സംയുക്തമായി സംഘടിപ്പിച്ച വീഡിയോ, ഫോട്ടോ, പുസ്തക പ്രദർശന ത്തിന്റെ ഉദ്ഘാടനവും നിയമസഭാ സ്പീക്കറായിരുന്ന എം. ബി. രാജേഷ് നിർവ്വഹിച്ചു. പരിപാടിയിൽ ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ അദ്ധ്യക്ഷത വഹിക്കുകയും നിയമസഭാ സെക്രട്ടറി എ.എം. ബഷീർ സ്വാഗതം ആശംസിക്കുകയും ചെയ്തു.

സ്വാതന്ത്ര്യത്തിന്റെ 75ാം വാർഷികം രാജ്യവ്യാപകമായി ആഘോഷിക്കുവാൻ തീരുമാനിച്ചപ്പോൾ കേരള നിയമസഭ സജീവമായി തന്നെ അതിൽ പങ്കാളിയായിട്ടു ണ്ടെന്ന് സ്പീക്കർ ഉദ്ഘാടന പ്രസംഗത്തിൽ അഭിപ്രായപ്പെട്ടു. കേവലം ആഘോഷമായി മാത്രമല്ല, മറിച്ച് ഗൗരവമുള്ള, അർത്ഥപൂർണ്ണമായ സംവാദങ്ങൾക്കുള്ള അവസരമായും സ്വാതന്ത്ര്യത്തെക്കുറിച്ചും സ്വതന്ത്ര ഇന്ത്യയുടെ മൂല്യങ്ങളെക്കുറിച്ചും പൊതുജനങ്ങൾക്ക് വിശേഷിച്ച് പുതുതലമുറയ്ക്ക് അറിവ് പകർന്നു നൽകുന്നതിനുള്ള ഒരു ഉപാധിയായാണ് 'ആസാദി കാ അമൃത് മഹോത്സവ് ' നെ കേരള നിയമസഭ കണ്ടതെന്നും സ്പീക്കർ കൂട്ടിച്ചേർത്തു. സ്വാതന്ത്ര്യത്തിന്റെ 75 വർഷങ്ങൾ പിന്നിടുമ്പോഴും ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യരാജ്യമായ ഇന്ത്യയിലെ നിയമനിർമ്മാണ സഭകളിൽ സ്ത്രീകളുടെ പ്രാതിനിധ്യം ഏറ്റവും കുറവാണ് എന്ന വസ്തുത അദ്ദേഹം ചൂണ്ടിക്കാട്ടി.

75 ാം വാർഷികത്തിൽ നാം സ്വാതന്ത്ര്യത്തെ വിലയിരുത്തേണ്ടത് ഇന്ത്യയുടെ ആധാരശിലകളായ ജനാധിപത്യം, മതനിരപേക്ഷത, ഫെഡറൽ സംവിധാനം, ജനങ്ങളുടെ പരമാധികാരം എന്നിവയെല്ലാം എത്രത്തോളം മുന്നോട്ടുപോയി എത്രത്തോളം ശക്തമാണ് എന്നതിന്റെയും സ്വതന്ത്ര ഇന്ത്യ ജനങ്ങൾക്ക് വാഗ്ദാനം ചെയ്ത സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം, നീതി എന്നിവ എത്രത്തോളം ലഭ്യമായിട്ടുണ്ട് എന്നതിന്റെയും അടിസ്ഥാനത്തിലായിരിക്കണമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമായ ഇന്ത്യ ഒരു നിരാലംബ ജനാധിപത്യ രാജ്യമായി മാറുന്നുണ്ടോ എന്ന ആശങ്ക ഉയർന്നുവരികയാണെന്നും ജനാ ധിപത്യത്തിന്റെ തൂണുകളായ ലെജിസ്ലേച്ചർ, എക്സിക്യൂട്ടീവ്, ജുഡീഷ്യറി, മാധ്യമങ്ങൾ എന്നിവയിൽ പലതും ഇന്ന് ദുർബലമായിക്കൊണ്ടിരിക്കുകയാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. കഴിഞ്ഞവർഷം ഇന്ത്യയിൽ ഏറ്റവും കൂടുതൽ ദിവസം സമ്മേളിച്ച സഭ കേരള നിയമസഭയാണെന്നും സഭയിൽ അവതരിപ്പിക്കുന്ന എല്ലാ ബില്ലുകളും സബ്ജക്ട് കമ്മിറ്റികളുടെ സൂക്ഷ്മ പരിശോധനയ്ക്ക് അയയ്ക്കുന്നത് കേരള നിയമസഭ മാത്രമാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

ലോകത്തെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമെന്ന നിലയിൽ, എഴുതപ്പെട്ട ഏറ്റവും വലിയ ഭരണഘടനയുള്ള രാജ്യമെന്ന നിലയിൽ ഇന്ത്യയിലെ ഓരോ പൗരന്റെയും മൗലികമായ അവകാശങ്ങൾ സംരക്ഷിക്കപ്പെടേണ്ടത് നമ്മുടെ ഓരോ രുത്തരുടെയും ബാധ്യതയായി മാറിയിരിക്കുകയാണെന്ന് ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ അഭിപ്രായപ്പെട്ടു. നമ്മുടെ രാജ്യത്തിലെ സ്വതന്ത്രമായ അധികാരമുള്ള സ്ഥാപനങ്ങൾപോലും ദുർബലമാക്കപ്പെടുന്ന നിലയിലേയ്ക്ക് കാര്യങ്ങൾ മാറിയിരിക്കു കയാണെന്നും ഇവയെല്ലാം വളരെ ഗൗരവത്തോടെ കാണേണ്ട സാഹചര്യമാണു ള്ളതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

സ്വാതന്ത്ര്യലബ്ധിക്കുമുമ്പ് സ്വാതന്ത്ര്യത്തെക്കുറിച്ചും ജനാധിപത്യത്തിന്റെ ആവശ്യകതയെക്കുറിച്ചും ബിഹാറിലെ ഒരു ഗ്രാമത്തിൽ പ്രഭാഷണം നടത്തിയ സിവിൽ സർവ്വീസ് ഉദ്യോഗസ്ഥനായിരുന്ന സമീർ ഘോഷിനെ അനുസ്മരിച്ചുകൊണ്ട് പ്രഭാഷണം ആരംഭിച്ച ഡോ. ജെ. പ്രഭാഷ്, ഇന്ത്യ എന്നത് രാഷ്ട്രീയം, മതം, ഭാഷ, സംസ്കാരം തുടങ്ങി വ്യത്യസ്ത രീതിയിലുള്ള ആശയങ്ങളുടെ സമ്മിശ്രമാണെന്നും ആ ആശയത്തെ സംരക്ഷിക്കേണ്ട ഉത്തരവാദിത്തം നമ്മുക്ക് ഓരോരുത്തർക്കുമുണ്ടെന്നും വിശദീകരിച്ചു. നമ്മുടെ ഭരണഘടന 75 വർഷം നിലനിന്നു എന്നത് ഭാരതീയരെ സംബന്ധിച്ച് ഏറ്റവും വലിയ നേട്ടങ്ങളിൽ ഒന്നായി വിലയിരുത്തേണ്ടതാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

കീഴാളവർഗ്ഗ മുന്നേറ്റങ്ങൾ, സാമൂഹ്യ നവോത്ഥാന പ്രസ്ഥാനങ്ങൾ, പ്രാദേശിക ഭാഷയിലുള്ള സാഹിത്യകൃതികൾ എന്നിവയെല്ലാം ഇന്ത്യ എന്ന ആശയത്തെ രൂപപ്പെടുത്തുന്നതിൽ വലിയ സംഭാവന നൽകിയിട്ടുണ്ടെന്നും, ഭക്തിപ്രസ്ഥാനം മുന്നോട്ട് വച്ച ആശയമാണ് സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. സ്ത്രീ സമത്വത്തിന് വേണ്ടി പ്രയത്നിച്ച അക്കാമഹാദേവി, ദളിത്-ബ്രാഹ്മണ വിവാഹങ്ങൾ നടത്തിയ ബസവണ്ണ, സാമൂഹ്യപരിഷ്കർത്താക്കളായ ശ്രീ നാരായണഗുരു, അയ്യങ്കാളി, ഇ.വി.രാമസ്വാമി നായ്ക്കർ, ജ്യോതിറാവു ഫൂലെ, രബീന്ദ്രനാഥ ടാഗോർ, കുമാരനാശാൻ, പ്രേംചന്ദ്, യശ്പാൽ, ബങ്കിം ചന്ദ്ര ചാറ്റർജി തുടങ്ങിയവരെല്ലാം ഇന്ത്യ എന്ന ആശയത്തെ രൂപപ്പെടുത്തുന്നതിൽ പ്രധാന പങ്ക് വഹിച്ചവരാണെന്നും അദ്ദേഹം പറഞ്ഞു.

ജനാധിപത്യത്തിൽ ജനങ്ങളും ഭരണഘടനയും മാത്രമാണ് പരമപ്ര ധാനമെന്നും ഭരണകൂടമെന്നത് ജനഹിതം മുൻനിർത്തി പ്രവർത്തിക്കേണ്ട ഒരു ചാലകശക്തി മാത്രമാണെന്നും 'ഇന്ത്യ എന്ന ആശയം' കേവലം നാമമല്ല ഒരു ക്രിയാത്മക ആശയമാണെന്നും അത് ഓരോ കാലഘട്ടത്തിലും മാറേണ്ടത് ആവ ശ്യമാണെന്നും ആ മാറ്റങ്ങളെല്ലാം ജനങ്ങൾക്കും വേണ്ടിയാകണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. പരിപാടിയിൽ നിയമസഭാ സാമാജികർ, ഉദ്യോഗസ്ഥർ, വിവിധ കലാലയങ്ങളിലെ വിദ്യാർത്ഥികൾ എന്നിവർ പങ്കെടുത്തു. കെ- ലാംപ്സ് എക്സി ക്യൂട്ടീവ് ഡയറക്ടർ മഞ്ജു വർഗ്ഗീസ് കൃതജ്ഞത രേഖപ്പെടുത്തി.







നിയമസഭാ ലൈബ്രറി ശതാബ്ദി ആഘോഷം

1-ാം പേജിൽ നിന്നും തുടർച്ച

നൊപ്പം ആകർഷകമായ ലൈബ്രറികളും ഉണ്ടാകണമെന്നും സിലബസ്സിനപ്പുറം വായനയെ പ്രോത്സാഹിപ്പിക്കണമെന്നും സ്പീക്കർ കൂട്ടിച്ചേർത്തു.

ചടങ്ങിൽ ആശംസ നേർന്നു കൊണ്ട് സംസാരിച്ച വനം വന്യജീവി വകുപ്പ് മന്ത്രി എ.കെ. ശശീന്ദ്രൻ അറിവ് നേടാനുള്ള അന്വേഷണത്തിലൂടെ യാണ് വായനയുടെ ലോകത്തിൽ മുഴുകേണ്ടതെന്നും അതിൽ നിന്നാണ് പുതിയ കണ്ടുപിടിത്തങ്ങൾ ഉണ്ടാകുന്നതെന്നും അഭിപ്രായപ്പെട്ടു. നിയമസഭാ സാമാജികർക്ക് അവരുടെ പ്രസംഗങ്ങൾ തയ്യാറാക്കാനുള്ള റഫറൻസ് ലൈബ്രറി എന്നതിലുപരി വിജ്ഞാന ശേഖരത്തിനുള്ള ഒരു മഹാഖനിയായി നിയമസഭാ ലൈബ്രറി മാറിയിട്ടുണ്ടെന്ന് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി അഹമ്മദ് ദേവർകോവിൽ പറഞ്ഞു. പൊതുമരാമത്ത്, വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പ് മന്ത്രി പി.എ. മുഹമ്മദ് റിയാസ് ആശംസാപ്രസംഗം ഓൺലൈനായി നടത്തി.

ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ അധ്യക്ഷത വഹിച്ച ചടങ്ങിൽ നിയമസഭാ ലൈബ്രറി ഉപദേശക സമിതി ചെയർമാൻ തോമസ് കെ. തോമസ്, എം.എൽ.എ. സ്വാഗതം ആശംസിച്ചു. ഗവ. ചീഫ് വിപ്പ് ഡോ. എൻ. ജയരാജ്, സാമാജികരായ തോട്ടത്തിൽ രവീന്ദ്രൻ, ഡോ. എം.കെ. മുനീർ, കെ. എം. സച്ചിൻദേവ്, ലൈബ്രറി കൗൺസിൽ സ്റ്റേറ്റ് എക്സിക്യൂട്ടീവ് അംഗം കെ. ചന്ദ്രൻ എന്നിവരും ആശംസകളർപ്പിച്ചു. നിയമസഭാ സെക്രട്ടറി എ. എം. ബഷീർ കൃതജ്ഞത രേഖപ്പെടുത്തി. ചടങ്ങിൽ മുൻ സാമാജികരായ സി.കെ. നാണു, പുരുഷൻ കടലുണ്ടി, എ. പ്രദീപ് കുമാർ, എം.കെ. പ്രേംനാഥ്, കെ.എ. കുഞ്ഞിക്കണ്ണൻ, എം. കുമാരൻ, യു.സി. രാമൻ, എ.കെ. പദ്മനാഭൻ എന്നിവരെ സ്പീക്കർ പൊന്നാട അണിയിച്ച് ആദരിച്ചു.



ഉദ്ഘാടന സമ്മേളനത്തിന് ശേഷം 'വായനയും സ്ത്രീ മുന്നേറ്റവും' എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിച്ചു. കേരള സാഹിത്യ അക്കാദമി അംഗം ഡോ. മിനി പ്രസാദ് മോഡറേറ്ററായ ചടങ്ങിൽ ഡോ. കെ. പി. സുധീര വിഷയാവതരണം നടത്തി. എഴുത്തുകാരി കളായ ജാനമ്മ കുഞ്ഞുണ്ണി, ബി.എം. സുഹറ എന്നിവരും സെമിനാറിൽ പങ്കെടുത്തു. ചടങ്ങിന് നിയമസഭാ സ്പെഷ്യൽ സെക്രട്ടറി കവിത ഉണ്ണിത്താൻ സ്വാഗതം ആശംസിക്കുകയും ചീഫ് ലൈബ്രേറിയൻ എ.എസ്.ലൈല നന്ദി രേഖപ്പെടുത്തുകയും ചെയ്തു.

വൈകുന്നേരം 'അരങ്ങ്' കൊയിലാണ്ടി അവതരിപ്പിച്ച 'നാട്ടരങ്ങ്: നാടൻ പാട്ടും ദൃശ്യാവിഷ്കാരവും' എന്ന കലാവിരുന്ന് സംഘടിപ്പിച്ചിരുന്നു. 2022 സെപ്റ്റംബർ 18 നും നിയമസഭാ ലൈബ്രറിയും മ്യൂസിയവും ചേർന്നൊരുക്കിയ പ്രദർശനം ഉണ്ടായിരുന്നു.

## സഭാധ്യക്ഷന്റെ പദവിയിൽ എ.എൻ.ഷംസീർ

കേരള നിയമസഭയുടെ ഇരുപത്തിനാലാമത് സ്പീക്കറായി എ.എൻ. ഷംസീർ 2022 സെപ്റ്റംബർ 12 ന് തെരഞ്ഞെടുക്കപ്പെട്ടു. നിയമസഭാ സ്പീക്കറായിരുന്ന എം.ബി.രാജേഷ് മന്ത്രിയായപ്പോൾ ഉണ്ടായ ഒഴിവിലേക്ക് നടന്ന സ്പീക്കർ തെരഞ്ഞെടുപ്പിൽ യു.ഡി.എഫ് എം.എൽ.എ. അൻവർ സാദത്തിനെ പരാജയപ്പെടുത്തിയാണ് എ.എൻ.ഷംസീർ തെരഞ്ഞെടുക്കപ്പെട്ടത്. തലശ്ശേരി മണ്ഡലത്തിൽ നിന്ന് തുടർച്ചയായി രണ്ടാം തവണയും നിയമസഭയിലെത്തിയ അദ്ദേഹം കണ്ണൂർ ജില്ലയിൽ നിന്നുള്ള ആദ്യ സ്പീക്കറാണ്. തെരഞ്ഞെടുപ്പിൽ എ.എൻ.ഷംസീറിന് 96 വോട്ടുകളും പ്രതിപക്ഷ സ്ഥാനാർത്ഥിയായ അൻവർ സാദത്തിന് 40 വോട്ടുകളും ലഭിച്ചു. ജലവിഭവ വകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ, സാമാജികരായ ദലീമ, യു.എ.ലത്തീഫ് എന്നിവരും സഭ നിയന്ത്രിച്ചിരുന്ന ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാറും സ്പീക്കർ തെരഞ്ഞെടുപ്പിൽ വോട്ട് ചെയ്തിരുന്നില്ല.

വിദ്യാർത്ഥി സംഘടനാ പ്രവർത്തനത്തിലൂടെ പൊതുരംഗത്തെത്തിയ എ.എൻ.ഷംസീർ കണ്ണൂർ സർവ്വകലാശാല യൂണിയൻ പ്രഥമ ചെയർമാനായിരുന്നു. എസ്.എഫ്.ഐ. സംസ്ഥാന സെക്രട്ടറി, അഖിലേന്ത്യാ ജോയിന്റ് സെക്രട്ടറി, ഡി.വൈ.എഫ്.ഐ. ജില്ലാ പ്രസിഡന്റ്, സംസ്ഥാന പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചു. കോടിയേരി മാടപ്പീടികയ്ക്കു സമീപം എക്കണ്ടി നടുവിലേരിയിൽ പരേതനായ കോമത്ത് ഉസ്മാന്റെയും എ.എൻ.സറീനയുടെയും മകനാണ്. കണ്ണൂർ സർവ്വകലാശാല ഗസ്റ്റ് അദ്ധ്യാപിക ഡോ.പി.എം.സഹലയാണ് ഭാര്യ, ഏക മകൻ ഇസാൻ.



സഭാധ്യക്ഷനായി തെരഞ്ഞെടുക്കപ്പെട്ട ശേഷം എ.എൻ.ഷംസീർ സഭാ തലത്തിൽ നടത്തിയ പ്രസംഗത്തിന്റെ പൂർണ്ണ രൂപം കാണുന്നതിന് QR Code Scan ചെയ്യുക.

## എം.ബി.രാജേഷ് പുതിയ പദവിയിൽ

പിണറായി വിജയൻ സർക്കാരിൽ പുതിയ മന്ത്രിയായി എം.ബി.രാജേഷ് സത്യപ്രതിജ്ഞ ചെയ്ത് ചുമതലയേറ്റു. തദ്ദേശ സ്വയംഭരണം ഗ്രാമവികസനം-എക്സൈസ് വകുപ്പുകളുടെ ചുമതലയാണ് അദ്ദേഹം വഹിക്കുന്നത്. സി.പി.ഐ.(എം) സംസ്ഥാന സെക്രട്ടറിയായി നിർദ്ദേശിക്കപ്പെട്ടതോടെ തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രിയായിരുന്ന എം.വി. ഗോവിന്ദൻ മാസ്റ്റർ രാജിവച്ചതിനെത്തുടർന്നാണ് 15 ാം കേരള നിയമസഭയുടെ സ്പീക്കർ പദവിയൊഴിഞ്ഞ് എം.ബി.രാജേഷ് മന്ത്രിയായത്. രാജ്ഭവനിൽ നടന്ന ചടങ്ങിൽ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ സത്യവാചകം ചൊല്ലി ക്കൊടുത്തു. സഗൗരവം പ്രതിജ്ഞയെടുത്ത അദ്ദേഹം ചടങ്ങിനു ശേഷം ഓഫീസിലെത്തി ചുമതലയേറ്റു. തദ്ദേശഭരണം (പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, ഗ്രാമവികസനം, ടൗൺ പ്ലാനിംഗ്, പ്രാദേശിക വികസന അതോറിറ്റികൾ, കില), എക്സൈസ് എന്നീ വകുപ്പുകളുടെ ചുമതലയാണ് അദ്ദേഹം വഹിക്കുന്നത്. തൃത്താല മണ്ഡലത്തിൽ നിന്നും നിയമസഭാംഗമായ എം.ബി.രാജേഷ് 2009 ലും 2014 ലും പാലക്കാട് നിന്നുള്ള ലോക്സഭാംഗമായിരുന്നു.

ആദ്യമായി നിയമസഭയിലെത്തിയ അദ്ദേഹം 2021 മെയ് 25 ന് നിയമസഭാ സ്പീക്കറായി ചുമതലയേറ്റു. പതിനഞ്ച് മാസം സഭയുടെ അധ്യക്ഷ പദവിയിൽ തിളക്കമാർന്ന പ്രവർത്തനമാണ് അദ്ദേഹം നടത്തിയത്. ഇക്കാലയളവിൽ എൺപത്തിമൂന്ന് ദിവസങ്ങളാണ് സഭ സമ്മേളിച്ചത്. കഴിഞ്ഞ വർഷം രാജ്യത്ത് ഏറ്റവും കൂടുതൽ ദിവസങ്ങൾ സഭാ സമ്മേളനം നടന്നത് കേരള നിയമസഭയിലാണ്. അറുപത്തിയഞ്ച് നിയമങ്ങളാണ് ഈ കാലയളവിൽ സഭ പാസാക്കിയത്. ഭരണപക്ഷത്തിനും പ്രതിപക്ഷത്തിനും തുല്യമായ പരിഗണന ഉറപ്പു വരുത്തുന്നതിന് അധ്യക്ഷ പദവിയിലിരിക്കെ അദ്ദേഹം ശ്രദ്ധിച്ചിരുന്നു. ചട്ടങ്ങളും ഭരണഘടനാ അനുച്ഛേദങ്ങളും കീഴ്‌വഴക്കങ്ങളും ഉദ്ധരിച്ചു കൊണ്ടുള്ള കഠിനമായ റൂളിംഗുകൾ ഒഴിവാക്കി സാധാരണക്കാർക്കുപോലും മനസ്സിലാകുന്ന രീതിയിൽ ലളിതമായ ഭാഷയിലായിരുന്നു അദ്ദേഹത്തിന്റെ റൂളിംഗുകൾ. സഭാനടപടികളിൽ സമയനിഷ്ഠ ഉറപ്പ് വരുത്തുന്നതിനും അദ്ദേഹം ശ്രദ്ധിച്ചിരുന്നു.

സഭാനടപടികൾക്ക് പുറമേ നിയമസഭാ സെക്രട്ടേറിയറ്റിന്റെ സുഗമമായ പ്രവർത്തനത്തിലും അദ്ദേഹം വഹിച്ച പങ്ക് സ്തുത്യർഹമാണ്. ആസാദി കാ അമൃത് മഹോത്സവിനോടനുബന്ധിച്ച് സംഘടിപ്പിച്ച രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള വനിതാ പ്രതിനിധികളുടെ സമ്മേളനം ഉൾപ്പെടെയുള്ള വിവിധ പരിപാടികൾ, മ്യൂസിയം-ലൈബ്രറി



വിഭാഗങ്ങളുടെ പ്രദർശന പരിപാടികൾ, ഇ-നിയമസഭയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, ഡിജിറ്റൽ ഗാർഡനിംഗ്, കെ-ലാംപ്സ് (മീഡിയാ ആന്റ് പാർലമെന്ററി സ്റ്റഡീസ്), സ്വാതന്ത്ര്യത്തിന്റെ 75 ാം വാർഷികത്തോടനുബന്ധമായി Constituent Assembly Debates ന്റെ മലയാള പരിഭാഷ തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തുടങ്ങി നിരവധി കാര്യങ്ങളാണ് എം.ബി.രാജേഷ് സ്പീക്കർ പദവിയിലിരിക്കെ നിർവ്വഹിച്ചത്. നിയമസഭയുടെ ഔദ്യോഗിക ന്യൂസ് ലെറ്റർ 'അറിവോരം' കൂടുതൽ മികവുറ്റതാക്കുന്നതിൽ ചീഫ് എഡിറ്റർ എന്ന നിലയിലുള്ള അദ്ദേഹത്തിന്റെ നിർദ്ദേശങ്ങൾ ന്യൂസ്‌ലെറ്ററിന്റെ മുന്നോട്ടുള്ള പ്രയാണത്തിൽ ഊർജ്ജം പകരുന്നതാണ്.

നിയമ ബിരുദവും സാമ്പത്തിക ശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദവും നേടിയിട്ടുള്ള അദ്ദേഹം വിദ്യാർത്ഥി സംഘടനാ പ്രവർത്തനത്തിലൂടെയാണ് പൊതുരംഗത്തെത്തിയത്. എസ്.എഫ്.ഐ. സംസ്ഥാന സെക്രട്ടറി, ഡി.വൈ.എഫ്.ഐ. സംസ്ഥാന പ്രസിഡന്റ്, അഖിലേന്ത്യാ പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുള്ള അദ്ദേഹം നിലവിൽ സി.പി.ഐ.(എം) സംസ്ഥാന സമിതിയംഗമാണ്. ഡി.വൈ.എഫ്.ഐ. യുടെ മുഖപത്രമായ 'യുവധാര'യുടെ പത്രാധിപരായും പ്രവർത്തിച്ചിട്ടുണ്ട്.

സൈനിക ഉദ്യോഗസ്ഥനായിരുന്ന ചളവറ കയിലിയാട് മാമ്പറ്റ ബാലകൃഷ്ണൻ നായരുടെയും എം.കെ. രമണിയുടെയും മകനാണ്. കാലടി സർവ്വകലാശാലയിലെ അസിസ്റ്റന്റ് പ്രൊഫസർ ഡോ. നിനിത കണിച്ചേരിയാണ് ഭാര്യ. മക്കളായ നിരഞ്ജന, പ്രിയദത്ത എന്നിവർ വിദ്യാർത്ഥികളാണ്.

ഇതരസഭാ വാർത്തകൾ........

## എം.എൽ.എ. മണ്ഡലത്തിൽ പ്രവേശിക്കുന്നത് വിലക്കി സുപ്രീം കോടതി



ഒഡീഷയിൽ ബി.ജെ.ഡി. എം.എൽ.എ. പ്രശാന്ത കുമാർ ജഗ്ദേവിനോട് ഒരു വർഷത്തേക്ക് മണ്ഡലത്തിൽ പ്രവേശിക്കരുതെന്ന് സുപ്രീം കോടതി. പ്രതിഷേധക്കാർക്ക് നേരെ ആഡംബര കാർ ഓടിച്ച് കയറ്റിയ കേസിൽ ജാമ്യം അനുവദിച്ചു കൊണ്ടുള്ള ഉത്തരവിലാണ് ഈ വ്യവസ്ഥ. ജില്ലാ കളക്ടറുടെ അനുമതിയില്ലാതെ വിലക്കുള്ള കാലത്തോളം മണ്ഡലത്തിൽ പ്രവേശിക്കാനോ പൊതുയോഗങ്ങളിൽ പങ്കെടുക്കാനോ കഴിയില്ല. പ്രതിഷേധക്കാർക്കെതിരെ വാഹനം ഓടിച്ച് കയറ്റിയ സംഭവത്തിൽ ഇരുപതിലേറെ പേർക്ക് പരിക്കേറ്റിരുന്നു. മറ്റൊരു എം.എൽ.എ.യെ കയ്യേറ്റം ചെയ്ത കേസിൽ പ്രശാന്ത കുമാറിനെ പാർട്ടിയിൽ നിന്ന് കഴിഞ്ഞ വർഷം സസ്പെൻഡ് ചെയ്തിരുന്നു.

## ബിഹാറിൽ മഹാസഖ്യം അധികാരത്തിൽ

ബിഹാറിൽ ജെ.ഡി.യു. നേതാവ് നിതീഷ് കുമാറിന്റെ നേതൃത്വത്തിലുള്ള മഹാസഖ്യം അധികാരത്തിലേറി. ബി.ജെ.പി. ബന്ധം ഉപേക്ഷിച്ച് മഹാസഖ്യത്തിന്റെ ഭാഗമായ നിതീഷ് കുമാർ എട്ടാം തവണയാണ് ബിഹാർ മുഖ്യമന്ത്രിയാകുന്നത്. പ്രതിപക്ഷ നേതാവായിരുന്ന ആർ.ജെ.ഡി. യുടെ തേജസ്വി യാദവ് ഉപമുഖ്യമന്ത്രിയായും ചുമതലയേറ്റു. കോൺഗ്രസും ഇടത് പാർട്ടികളും ചേർന്നതാണ് മഹാസഖ്യം. നിതീഷ്-തേജസ്വി യാദവ് കൂട്ടുകെട്ട് ഇത് രണ്ടാം തവണയാണ് ബിഹാറിൽ അധികാരത്തിൽ വന്നത്. 2015 ൽ ആയിരുന്നു ആദ്യ മഹാസഖ്യ സർക്കാർ അധികാരത്തിൽ വന്നത്. 2017 ൽ ആർ.ജെ.ഡി.യുമായുള്ള സഖ്യം ഉപേക്ഷിച്ച നിതീഷ് ബി.ജെ.പി.യുമായി ബന്ധം പുനഃസ്ഥാപിക്കുകയായിരുന്നു. ഇപ്പോൾ വീണ്ടും ബി.ജെ.പി. ബന്ധം ഉപേക്ഷിച്ച് ആർ.ജെ.ഡി.യുമായി കൂട്ടുകെട്ടുണ്ടാക്കുകയായിരുന്നു നിതീഷ് കുമാർ. ആർ.ജെ.ഡി.യിലെ അവധ് ബിഹാരി ചൗധരിയാണ് പുതിയ ബിഹാർ നിയമസഭാ സ്പീക്കർ.





## ജഗ്ദീപ് ധൻകർ രാജ്യത്തിന്റെ ഉപരാഷ്ട്രപതി

രാജ്യത്തിന്റെ പതിനാലാമത് ഉപരാഷ്ട്രപതിയായി ജഗ്ദീപ് ധൻകർ തെരഞ്ഞെടുക്കപ്പെട്ടു. മുൻ ഉപരാഷ്ട്രപതി എം.വെങ്കയ്യ നായിഡുവിന്റെ കാലാവധി അവസാനിച്ചതിനെ തുടർന്നാണ് ജഗ്ദീപ് ധൻകർ ഉപരാഷ്ട്രപതിയായി തെരഞ്ഞെടുക്കപ്പെട്ടത്. 2022 ആഗസ്റ്റ് 11 ന് അദ്ദേഹം ഉപരാഷ്ട്രപതിയായി ചുമതലയേറ്റു. 725 പാർലമെന്റംഗങ്ങൾ വോട്ട് രേഖപ്പെടുത്തിയ തെരഞ്ഞെടുപ്പിൽ ധൻകർ 528 വോട്ട് നേടി. പ്രതിപക്ഷ സ്ഥാനാർത്ഥിയായ മാർഗരറ്റ് ആൽവക്ക് 182 വോട്ടും ലഭിച്ചു. 15 വോട്ട് അസാധുവായി. രാജസ്ഥാൻ സ്വദേശിയായ ജഗ്ദീപ് ധൻകർ രാജസ്ഥാൻ ഹൈക്കോടതിയിലും സുപ്രീം കോടതിയിലും അഭിഭാഷകനായിരുന്നു. 2019 ജൂലൈയിൽ പശ്ചിമ ബംഗാൾ ഗവർണ്ണറായി നിയമിതനായ അദ്ദേഹം ഉപരാഷ്ട്രപതി സ്ഥാനാർത്ഥിയാകുന്നതു വരെ പദവിയിൽ തുടർന്നു.



## ചീഫ് ജസ്റ്റിസായി യു.യു.ലളിത് ചുമതലയേറ്റു



ഇന്ത്യയുടെ നാൽപ്പത്തിഒൻപതാമത് ചീഫ് ജസ്റ്റിസായി ജസ്റ്റിസ് യു.യു. ലളിത് സത്യപ്രതിജ്ഞ ചെയ്ത് ചുമതലയേറ്റു. രാഷ്ട്രപതി ഭവനിൽ നടന്ന ചടങ്ങിൽ രാഷ്ട്രപതി ദ്രൗപതി മുർമു സത്യവാചകം ചൊല്ലിക്കൊടുത്തു. 2022 നവംബർ 8 ന് വിരമിക്കുന്ന ജസ്റ്റിസ് യു.യു.ലളിതിന് ചീഫ് ജസ്റ്റിസ് പദവിയിൽ 74 ദിവസം മാത്രമേ കാലാവധിയുള്ളൂ. ബോംബെ ഹൈക്കോടതിയിൽ അഡീഷണൽ ജഡ്ജിയായിരുന്ന യു.ആർ. ലളിതിന്റെ മകനാണ് ജസ്റ്റിസ് യു.യു. ലളിത്.

## കോടിയേരി ബാലകൃഷ്ണൻ: രാഷ്ട്രീയത്തിലെ സൗമ്യമുഖം



സി.പി.ഐ.(എം) മുൻ സംസ്ഥാന സെക്രട്ടറിയും മുൻ മന്ത്രിയുമായ കോടിയേരി ബാലകൃഷ്ണൻ (68) അന്തരിച്ചു. രോഗബാധയെ തുടർന്ന് കഴിഞ്ഞ മൂന്ന് വർഷത്തോളമായി അദ്ദേഹം ചികിത്സയിലായിരുന്നു. കണ്ണൂർ തലായി എൽ.പി.സ്കൂൾ അധ്യാപകൻ കോടിയേരി മൊട്ടുമ്മേൽ കുഞ്ഞുണ്ണി കുറുപ്പിന്റെയും നാരായണിയമ്മയുടെയും മകനായി 1953 നവംബർ 16 നായിരുന്നു അദ്ദേഹത്തിന്റെ ജനനം. വിദ്യാർത്ഥി പ്രസ്ഥാനത്തിലൂടെയായിരുന്നു രാഷ്ട്രീയ പ്രവേശം. അടിയന്തരാവസ്ഥ കാലത്ത് ഒന്നരവർഷം ജയിൽ ശിക്ഷ അനുഭവിച്ചു.

ഇരുപതാം വയസ്സിൽ എസ്.എഫ്.ഐ. സംസ്ഥാന സെക്രട്ടറിയായ കോടിയേരി 1979 വരെ പദവിയിൽ തുടർന്നു. 1988 ൽ സി.പി.ഐ.(എം) സംസ്ഥാന കമ്മിറ്റിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട അദ്ദേഹം 1990 ൽ കണ്ണൂർ ജില്ലാ സെക്രട്ടറിയായി. സി.പി.ഐ.(എം) സംസ്ഥാന സെക്രട്ടേറിയറ്റിലേക്കും കേന്ദ്ര കമ്മിറ്റിയിലേക്കും തെരഞ്ഞെടുക്കപ്പെട്ട കോടിയേരി ബാലകൃഷ്ണൻ 2008 ൽ പോളിറ്റ് ബ്യൂറോ അംഗമായി. തലശ്ശേരി മണ്ഡലത്തെ പ്രതിനിധാനം ചെയ്ത് ഏഴ്, എട്ട്, പതിനൊന്ന്, പന്ത്രണ്ട്, പതിമൂന്ന് നിയമസഭകളിൽ അദ്ദേഹം അംഗമായിരുന്നു. 2006 ൽ വി.എസ്.അച്യുതാനന്ദൻ മന്ത്രിസഭയിൽ ആഭ്യന്തരവും വിജിലൻസും ടൂറിസവും വകുപ്പ് മന്ത്രിയായി പ്രവർത്തിച്ചു. പതിമൂന്നാം കേരള നിയമസഭയിൽ പ്രതിപക്ഷ ഉപനേതാവായിരുന്നു. 2001-04 കാലയളവിൽ നിയമസഭാ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി ചെയർമാനായിരുന്നു. 2015 ൽ സി.പി.ഐ.(എം) സംസ്ഥാന സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട അദ്ദേഹം 2022 ആഗസ്റ്റ് മാസം വരെ പദവിയിൽ തുടർന്നു. കർഷക സംഘം സംസ്ഥാന കമ്മിറ്റി ജോയിന്റ് സെക്രട്ടറി, ഡി.വൈ.എഫ്.ഐ. കണ്ണൂർ ജില്ലാ കമ്മിറ്റി പ്രസിഡന്റ് എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്. കോടിയേരിയുടെ മരണത്തോടെ സൗമ്യനായ രാഷ്ട്രീയ നേതാവിനെയാണ് സി.പി.ഐ.(എം) ന് നഷ്ടമാകുന്നത്.

ഭാര്യ എസ്.ആർ വിനോദിനിയും രണ്ട് മക്കളും അടങ്ങുന്നതാണ് കുടുംബം.

അന്തരിച്ച കോടിയേരി ബാലകൃഷ്ണനെ അനുസ്മരിച്ച് നിയമസഭാ സ്പീക്കർ എ. എൻ. ഷംസീറിന്റെ ഫേസ്ബുക്ക് പോസ്റ്റ്



Kerala Niyamasabha Speaker
ഒക്ടോബർ 2, 6:14 AM-ന് ·

"സഖാവ് കൊടിയേരി എനിക്ക് പാർട്ടി സെക്രട്ടറിയോ തല മുതിർന്ന നേതാവോ മാത്രമായിരുന്നില്ല. ചെറുപ്പം മുതലേ പിതൃതുല്യമായ വാത്സല്യത്തോടെ എന്നും കൂടെ ഉണ്ടായിരുന്നൊരാൾ, കമ്മ്യൂണിസ്റ്റാശയങ്ങളെ പകർന്നു തന്ന ഗുരുസ്ഥാനീയൻ, സർവോപരി എന്നും മാതൃകയായി മുന്നിൽ നടന്ന സഖാവ്. എല്ലാ അർത്ഥത്തിലും അദ്ദേഹം എന്റെ സഖാവായിരുന്നു. അയൽവാസിയും കുടുംബസുഹൃത്തുമെല്ലാമായി പതിറ്റാണ്ടുകളുടെ ആത്മബന്ധമുള്ളൊരാൾ.

അദ്ദേഹത്തിന്റെ പാത പിന്തുടർന്ന് അതേ മണ്ഡലത്തിൽ നിന്ന് നിയമസഭാംഗമായി തെരഞ്ഞെടുക്കപ്പെട്ടത് ഒരു നിയോഗം ആയിട്ടാണ് കരുതുന്നത്.

ഈ വിയോഗം ഒരിക്കലും നികത്താനാവാത്ത വിടവാണ് - രാഷ്ട്രീയ ജീവിതത്തിലും വ്യക്തിജീവിതത്തിലും.
സഖാവേ, അഭിവാദ്യങ്ങൾ. അങ്ങ് പകർന്നു തന്ന പാഠങ്ങൾ എന്നും നെഞ്ചോട് ചേർത്തുപിടിക്കുമെന്ന ഉറപ്പാണ് എന്റെ ആദരാഞ്ജലി".

## ആര്യാടൻ മുഹമ്മദ്: മതേതര നിലപാടിൽ ഉറച്ചു നിന്ന നേതാവ്



കോൺഗ്രസ്സ് നേതാവും മുൻ മന്ത്രിയുമായ ആര്യാടൻ മുഹമ്മദ് (87) അന്തരിച്ചു. രാഷ്ട്രീയ കണക്കുകളിലെ കൃത്യതയും ഭരണകാര്യങ്ങളിലെ മികവും ഒരു പോലെ വഴങ്ങിയ ജനനേതാവിനെയാണ് കേരളത്തിന് നഷ്ടമായത്. നാല് തവണ മന്ത്രിയും എട്ട് തവണ എം.എൽ.എ. യുമായിരുന്നു അദ്ദേഹം.

ആര്യാടൻ ഉണ്ണീന്റെയും കദിയമുണ്ണിയുടെയും മകനായി 1935 മെയ് 15 ന് നിലമ്പൂരിലായിരുന്നു ആര്യാടൻ മുഹമ്മദിന്റെ ജനനം. ഹൈസ്കൂൾ വിദ്യാഭ്യാസകാലം മുതൽക്കേ കോൺഗ്രസ് രാഷ്ട്രീയത്തിൽ ആകൃഷ്ടനായിരുന്ന അദ്ദേഹം പിന്നീട് തൊഴിലാളി സംഘടന രംഗത്ത് സജീവമായി. തോട്ടം തൊഴിലാളികളെ സംഘടിപ്പിച്ചാണ് ട്രേഡ് യൂണിയൻ രംഗത്തേക്ക് കടന്നുവന്നത്. ആദ്യ തെരഞ്ഞെടുപ്പിൽ പരാജയപ്പെട്ടുവെങ്കിലും പിന്നീട് മുപ്പത്തിനാല് വർഷം നിലമ്പൂരിനെ പ്രതിനിധീകരിച്ച് നിയമസഭാംഗമായി. 1969 ൽ മലപ്പുറം ജില്ലാ രൂപീകരണത്തോടെ ആദ്യ ഡി.സി.സി. പ്രസിഡന്റായി. 1980 ൽ ഇ.കെ.നായനാർ സർക്കാരിന്റെ കാലത്താണ് ആര്യാടൻ മുഹമ്മദ് ആദ്യമായി മന്ത്രി പദമലങ്കരിച്ചത്. 1995 ൽ എ.കെ.ആന്റണി മന്ത്രിസഭയിൽ തൊഴിൽ ടൂറിസം വകുപ്പ് മന്ത്രിയായും 2004 ലും 2011 ലും ഉമ്മൻ ചാണ്ടി മന്ത്രിസഭയിൽ വൈദ്യുത വകുപ്പിന്റെ ചുമതലയുള്ള മന്ത്രിയായും പ്രവർത്തിച്ചിരുന്നു.

നിയമസഭാ നടപടിക്രമങ്ങളും കീഴ്വഴക്കങ്ങളും മനഃപാഠമാക്കിയ മികച്ച സാമാജികനും ദീർഘവീക്ഷണമുള്ള ഭരണാധികാരിയുമായിരുന്നു അദ്ദേഹം. കർഷക തൊഴിലാളി പെൻഷൻ പദ്ധതി, തൊഴിലാളികൾക്ക് അനുകൂലമായ തൊഴിൽ നിയമ ഭേദഗതി, തോട്ടം തൊഴിലാളികളുടെ വേതനം വർദ്ധിപ്പിക്കൽ, ഊർജ്ജ പ്രതിസന്ധി പരിഹരിക്കാനുള്ള ഇടപെടലുകൾ തുടങ്ങിയവയെല്ലാം ആര്യാടൻ മുഹമ്മദിന്റെ ഭരണ നേട്ടങ്ങളാണ്. മതനിരപേക്ഷതയോടുള്ള കൂറും നിലപാടുകളും ജീവിതാവസാനം വരെ അദ്ദേഹം നിലനിർത്തി. നിയമസഭയിലെ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി, പബ്ലിക് അണ്ടർ ടേക്കിംഗ്സ് കമ്മിറ്റി എന്നിവയുടെ ചെയർമാനായി മികച്ച പ്രവർത്തനം അദ്ദേഹം കാഴ്ചവച്ചിരുന്നു. ആര്യാടൻ മുഹമ്മദ് അദ്ധ്യക്ഷനായിരുന്ന കാലഘട്ടത്തിലാണ് പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി ഏറ്റവും കൂടുതൽ റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചത്. അറിവോരം ന്യൂസ് ലെറ്ററിനായി അനുവദിച്ച അഭിമുഖത്തിൽ സബ്ജക്ട് കമ്മിറ്റികളുടെ ചെയർമാൻമാരായി എം.എൽ.എ.മാരെ നിയമിക്കണമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടിരുന്നു. കോൺഗ്രസ് പാർലമെന്ററി പാർട്ടി സെക്രട്ടറി, എൻ.സി.ഡി.സി., നാഫെഡ് എന്നിവയുടെ ഡയറക്ടർ, മലപ്പുറം, കോഴിക്കോട് ജില്ലാ കോൺഗ്രസ് കമ്മിറ്റികളുടെ പ്രസിഡന്റ്, കെ.പി.സി.സി. ജനറൽ സെക്രട്ടറി എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്.

മറിയുമ്മയാണ് ഭാര്യ നാല് മക്കളുണ്ട്.

# പതിനഞ്ചാം കേ
# ആറാം സ



പതിനഞ്ചാം കേരള നിയമസഭയുടെ ആറാം സമ്മേളനം 2022 ആഗസ്റ്റ് 22 ാം തീയതി ആരംഭിച്ച് സെപ്റ്റംബർ 2 ാം തീയതി വരെ ആകെ 10 ദിവസം സമ്മേളിക്കുവാനാണ് കലണ്ടർ തയ്യാറാക്കിയിരുന്നതെങ്കിലും ആഗസ്റ്റ് 22ാം തീയതി ചേർന്ന കാര്യോപദേശക സമിതി യോഗത്തിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ സെപ്റ്റംബർ 1 ാം തീയതി സമ്മേളനം അവസാനിപ്പിക്കുന്നതിനായി സമ്മേളന ദിനങ്ങൾ 7 ആയി ചുരുക്കി. നിയമസഭാ സ്പീക്കറായിരുന്ന എം. ബി. രാജേഷ് സെപ്റ്റംബർ 3 ാം തീയതി തൽസ്ഥാനം രാജിവച്ചതുമൂലം പുതിയ സ്പീക്കറെ തെരഞ്ഞെടുക്കുന്നതിലേക്കായി ആറാം സമ്മേളനത്തിന്റെ തുടർച്ചയായി സെപ്റ്റംബർ 12 ാം തീയതി കൂടി സഭ സമ്മേളിച്ചതിനാൽ ആറാം സമ്മേളനത്തിൽ ആകെ 8 സമ്മേളന ദിവസങ്ങൾ ഉണ്ടായിരുന്നു.

സമ്മേളനത്തിന്റെ ആദ്യദിനമായ ആഗസ്റ്റ് 22 ാം തീയതി ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ 75 സംവത്സരങ്ങൾ അനുസ്മരിച്ചുകൊണ്ടുള്ള പ്രത്യേക യോഗമായിരുന്നു. സ്വാതന്ത്ര്യത്തിന്റെ സ്മരണകൾ ഉയർത്തിക്കൊണ്ട് നിയമസഭാ സ്പീക്കർ, മുഖ്യമന്ത്രി, പ്രതിപക്ഷ നേതാവ്, മറ്റ് കക്ഷി നേതാക്കൾ തുടങ്ങിയവർ സംസാരിച്ചു. അന്നേദിവസംതന്നെ ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ 75 സംവത്സരങ്ങൾ അനുസ്മരിച്ചുകൊണ്ട് മുഖ്യമന്ത്രി ഒരു പ്രമേയം അവതരിപ്പിക്കുകയും സഭ ഐകകണ്ഠ്യേന പാസ്സാക്കുകയും ചെയ്തു.

ആറാം സമ്മേളനത്തിൽ 2022 ആഗസ്റ്റ് 22 മുതൽ സെപ്റ്റംബർ 01 വരെയുള്ള 06 ചോദ്യ ദിവസങ്ങളിൽ ഉത്തരം ലഭിക്കുന്നതിനായി നക്ഷത്ര ചിഹ്നമിട്ടതും നക്ഷത്ര ചിഹ്നമിടാത്തതുമായി ആകെ 2516 ചോദ്യങ്ങൾക്കുള്ള നോട്ടീസുകൾ ലഭിച്ചു. ഇതിൽ 3 എണ്ണം വിവിധ കാരണങ്ങളാൽ നിരസിക്കുകയും 8 എണ്ണം പിൻവലിക്കുകയും ചെയ്തു. ശേഷിച്ചവയിൽ 180 എണ്ണം നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങളുടെ ലിസ്റ്റിലും 2323 എണ്ണം നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ലിസ്റ്റിലും ഉൾപ്പെടുത്തി ആകെ 2503 ചോദ്യങ്ങൾ അനുവദിച്ചു. ഇതിൽ നക്ഷത്ര ചിഹ്നമിട്ട 180 ചോദ്യങ്ങൾക്കും നക്ഷത്ര ചിഹ്നമിടാത്ത 1869 ചോദ്യങ്ങൾക്കും ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ ഈ സമ്മേളനകാലത്തു തന്നെ ഉത്തരം ലഭ്യമാക്കിയിട്ടുണ്ട്. ചോദ്യോത്തര വേളകളിൽ 21 ചോദ്യങ്ങൾ വാക്കാൽ മറുപടി നൽകുന്നതിനായി പരിഗണിക്കുകയും 137 അവസരങ്ങളിലായി 156 ഉപചോദ്യങ്ങൾ ഉന്നയിക്കുകയും ചെയ്തു. അടിയന്തര ചോദ്യത്തിനായി ലഭിച്ച രണ്ട് നോട്ടീസുകളിൽ ഒരെണ്ണം അനുവദിച്ചു. മുൻ സമ്മേളനങ്ങളിലെ മറുപടിയോ അന്തിമ മറുപടിയോ ലഭ്യമാക്കാതിരുന്ന ചോദ്യങ്ങളിൽ 33 എണ്ണത്തിന്റെ ഉത്തരം ചട്ടം 47(2) പ്രകാരമുള്ള കാലതാമസപത്രിക സഹിതം ആറാം സമ്മേളനകാലത്ത് സഭയിൽ സമർപ്പിച്ചു. വിവിധ സമ്മേളനങ്ങളിലെ നക്ഷത്രചിഹ്നമിടാത്ത 3 ചോദ്യങ്ങളുടെ ഉത്തരത്തിലെ തെറ്റ് തിരുത്തിക്കൊണ്ടുള്ള പ്രസ്താവനയും ആറാം സമ്മേളനത്തിൽ സഭയിൽ സമർപ്പിച്ചു.

ആറാം സമ്മേളനകാലത്ത് ചട്ടം 50 പ്രകാരമുള്ള 6 നോട്ടീസുകൾ സഭയിൽ അവതരിപ്പിക്കപ്പെട്ടു. കൂടാതെ 12 ശ്രദ്ധക്ഷണിക്കലുകളും 81 സബ്മിഷനുകളും അംഗങ്ങൾ സഭയിൽ ഉന്നയിക്കുകയും ബന്ധപ്പെട്ട മന്ത്രിമാർ അവ സംബന്ധിച്ച് പ്രസ്താവനകൾ നടത്തുകയും ചെയ്തു. ആറാം സമ്മേളനത്തിലാകെ 231 രേഖകൾ സഭയുടെ മേശപ്പുറത്തു വയ്ക്കുകയും വിവിധ നിയമസഭാ സമിതികളുടേതായ 11 റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

2022 ജൂലൈ 21ാം തീയതി സമാപിച്ച അഞ്ചാം സമ്മേളന കാലയളവിൽ നിലവിലുണ്ടായിരുന്ന 12 ഓർഡിനൻസുകൾ അവയുടെ കാലാവധി അവസാനിക്കുന്ന മുറയ്ക്ക് പുനഃവിളംബരം ചെയ്യാൻ കഴിയാതെ വരികയും അവ റദ്ദായിപ്പോവുകയും ചെയ്തതുമൂലം ഉളവായ അസാധാരണ സ്ഥിതിവിശേഷം മറികടക്കുന്നതിലേക്കായാണ് ആറാം സമ്മേളനം ചേരേണ്ടി വന്നത്. പന്ത്രണ്ട് ഓർഡിനൻസുകൾക്ക് പകരമുള്ള ബില്ലുകൾ ആറാം സമ്മേളനത്തിൽ പരിഗണിക്കുകയും അവയിൽ 11 എണ്ണം പാസ്സാക്കുകയും ഒരു ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു. കൂടാതെ 2022 ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) റദ്ദാക്കൽ ബില്ലും സഭ പാസ്സാക്കുകയുണ്ടായി.

ഈ സമ്മേളനത്തിൽ എട്ട് ദിവസങ്ങളിലായി ഏകദേശം 49 മണിക്കൂർ സഭ യോഗം ചേരുകയുണ്ടായി. അതിൽ 25 മണിക്കൂർ 15 മിനിറ്റ് സമയവും നിയമനിർമ്മാണത്തിനായാണ് വിനിയോഗിച്ചത്. ശരാശരി ഒരു ബില്ലിന് 2 മണിക്കൂറാണ് മാറ്റിവയ്ക്കപ്പെട്ടത്. ഏറെ ചർച്ച ചെയ്യപ്പെട്ട കേരള ലോക് ആയുക്ത (ഭേദഗതി) ബിൽ, കേരള സർവകലാശാല (ഭേദഗതി) ബിൽ എന്നിവ സംബന്ധിച്ച് സഭയിൽ നടന്ന സംവാദങ്ങൾ ഏതൊരു നിയമനിർമാണ സഭയ്ക്കും മാതൃകയാക്കാവുന്ന തരത്തിലായിരുന്നു. പതിമൂന്ന് ബില്ലുകളിലായി ആകെ 5179 ഭേദഗതികൾ സഭയിൽ അവതരിപ്പിച്ചതിൽ 73 ഭേദഗതികൾ ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ സ്വീകരിച്ചു.

കലണ്ടർ പ്രകാരം നിശ്ചയിക്കപ്പെട്ടിരുന്ന രണ്ട് വെള്ളിയാഴ്ചകളിലേയും സമ്മേളനം ഒഴിവാക്കപ്പെട്ട സാഹചര്യത്തിൽ ആറാം സമ്മേളനകാലത്തും അനൗദ്യോഗികാംഗങ്ങളുടെ കാര്യവുമായി ബന്ധപ്പെട്ട നടപടികൾ ഒഴിവാക്കപ്പെട്ടു.

പതിനഞ്ചാം കേരള നിയമസഭയുടെ സ്പീക്കറായിരുന്ന എം. ബി. രാജേഷ് സംസ്ഥാനത്തെ മന്ത്രിയായി ചുമതലയേറ്റതിനെത്തുടർന്ന് പുതിയ നിയമസഭാ സ്പീക്കറെ തെരഞ്ഞെടുക്കുന്നതിനായാണ് ആറാം സമ്മേളനത്തിന്റെ തുടർച്ചയായി 2022 സെപ്റ്റംബർ 12 ന് സഭ സമ്മേളിച്ചത്. സ്പീക്കർ സ്ഥാനത്തേക്ക് എ.എൻ.ഷംസീറിനെ നാമനിർദ്ദേശം ചെയ്തുകൊണ്ട് മൂന്നും അൻവർ സാദത്തിനെ നാമനിർദ്ദേശം ചെയ്തുകൊണ്ട് ഒന്നും പത്രികകൾ ലഭിച്ചു. ഒന്നിൽ കൂടുതൽ വ്യക്തികളെ നിർദ്ദേശിച്ചുകൊണ്ട് പത്രികകൾ ലഭിച്ചതിനാൽ തെരഞ്ഞെടുപ്പ് നടത്തുകയും നാൽപതിനെതിരെ തൊണ്ണൂറ്റിയാറ് വോട്ടുകൾ നേടിയ എ.എൻ. ഷംസീർ സ്പീക്കറായി തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. സഭയിൽ ഹാജരാകാതിരുന്ന ഭരണപക്ഷത്തെ രണ്ടും പ്രതിപക്ഷത്തെ ഒന്നും അംഗങ്ങൾക്ക് പുറമെ ഡെപ്യൂട്ടി സ്പീക്കറും വോട്ട് രേഖപ്പെടുത്തിയില്ല.

## പതിനഞ്ചാം കേരള നിയമസഭ ആറാം സമ്മേളനം: നിയമനിർമ്മാണങ്ങൾ

പതിനഞ്ചാം കേരള നിയമസഭയുടെ ആറാം സമ്മേളനത്തിൽ പന്ത്രണ്ട് ബില്ലുകൾ പാസ്സാക്കുകയും ഒരു ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു. 2022 ആഗസ്റ്റ് 23, 24 തീയതികളിലായി ആറ് ബില്ലുകൾ വീതം സഭയിൽ അവതരിപ്പിക്കപ്പെട്ടു. ഒരു ദിവസം തന്നെ ഇത്രയും എണ്ണം ബില്ലുകൾ അവതരിപ്പിക്കുന്നത് ആദ്യമായാണ്. രണ്ട് ബില്ലുകൾ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കാതെ പാസ്സാക്കുകയുണ്ടായി.

### 2021 ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബിൽ

2021 ലെ കേരള റദ്ദാക്കലും ഒഴിവാക്കലും (44 ാം നമ്പർ) ബിൽ 2022 ആഗസ്റ്റ് 23 ന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി പി. രാജീവ് നിയമസഭയിൽ അവതരിപ്പിക്കുകയും കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 76(1), 77, 237 എന്നിവ താൽക്കാലികമായി സസ്പെന്റ് ചെയ്തുകൊണ്ട് സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കാതെ അന്നുതന്നെ പാസ്സാക്കുകയും ചെയ്തു. ബില്ലിലെ വിവിധ വകുപ്പുകൾ സംബന്ധിച്ച് 18 ഭേദഗതി നോട്ടീസുകൾ ലഭിച്ചു.

### 2022 ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ

2022 ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) (127 ാം നമ്പർ) ബിൽ 2022 ആഗസ്റ്റ് 23 ന് സഹകരണ രജിസ്ട്രേഷൻ സാംസ്കാരികം വകുപ്പുമന്ത്രി വി. എൻ. വാസവൻ നിയമസഭയിൽ അവതരിപ്പിച്ചു. അന്നു തന്നെ ബിൽ ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI ന്റെ പരിഗണനയ്ക്ക് അയയ്ക്കുകയും കമ്മിറ്റി റിപ്പോർട്ട് 2022 ആഗസ്റ്റ് 24 ന് സഭയിൽ സമർപ്പിക്കുകയും കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബിൽ 2022 ആഗസ്റ്റ് 28 ന് സഭ പരിഗണിക്കുകയും അന്നു തന്നെ ചർച്ച ചെയ്ത് പാസാക്കുകയും ചെയ്തു. ബില്ലിലെ വിവിധ വകുപ്പുകൾ സംബന്ധിച്ച് 83 ഭേദഗതി നോട്ടീസുകൾ ലഭിച്ചു.

# കേരള നിയമസഭ മ്മേളനം



## 2022 ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ബിൽ

2022 ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) (129 ാം നമ്പർ) ബിൽ 2022 ആഗസ്റ്റ് 23 ന് തുറമുഖം മ്യൂസിയം പുരാവസ്തു വകുപ്പുമന്ത്രി അഹമ്മദ് ദേവർകോവിൽ നിയമസഭയിൽ അവതരിപ്പിക്കുകയും അന്ന തന്നെ ബിൽ മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V-ന്റെ പരിഗണനയ്ക്ക് അയയ്ക്കുകയും ബിൽ സംബന്ധിച്ച കമ്മിറ്റി റിപ്പോർട്ട് 2022 ആഗസ്റ്റ് 24 ന് സഭയിൽ സമർപ്പിക്കുകയും കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബിൽ 2022 ആഗസ്റ്റ് 29 ന് സഭ പരിഗണിക്കുകയും അന്ന തന്നെ ചർച്ച ചെയ്ത് പാസാക്കുകയും ചെയ്തു. ബില്ലിലെ വിവിധ വകുപ്പുകൾ സംബന്ധിച്ച് 382 ഭേദഗതി നോട്ടീസുകൾ ലഭിച്ചു.

## 2022 ലെ കേരള ലോക് ആയുക്ത (ഭേദഗതി) ബിൽ

2022 ലെ കേരള ലോക് ആയുക്ത (ഭേദഗതി) (133 ാം നമ്പർ) ബിൽ 2022 ആഗസ്റ്റ് 23 ന് മുഖ്യമന്ത്രിക്കുവേണ്ടി നിയമം, വ്യവസായം കയർ വകുപ്പുമന്ത്രി പി. രാജീവ് നിയമസഭയിൽ അവതരിപ്പിച്ചു. അന്ന തന്നെ ബിൽ ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV ന്റെ പരിഗണനയ്ക്ക് അയയ്ക്കുകയും 2022 ആഗസ്റ്റ് 24 ന് ബിൽ സംബന്ധിച്ച കമ്മിറ്റി റിപ്പോർട്ട് സഭയിൽ സമർപ്പിക്കുകയും കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബിൽ 2022 ആഗസ്റ്റ് 30 ന് സഭ പരിഗണിക്കുകയും അന്ന തന്നെ ചർച്ച ചെയ്ത പാസ്സാക്കുകയും ചെയ്തു. ബില്ലിലെ വിവിധ വകുപ്പുകൾ സംബന്ധിച്ച് 325 ഭേദഗതി നോട്ടീസുകൾ ലഭിച്ചു.

## 2022 ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ

2022 ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി (131 ാം നമ്പർ) ബിൽ 2022 ആഗസ്റ്റ് 23 ന് മുഖ്യമന്ത്രിക്ക് വേണ്ടി നിയമം, വ്യവസായം കയർ വകുപ്പുമന്ത്രി പി. രാജീവ് നിയമസഭയിൽ അവതരിപ്പിച്ചു. സഭ ബിൽ ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV- ന്റെ പരിഗണനയ്ക്ക് അയയ്ക്കുകയും കമ്മിറ്റി റിപ്പോർട്ട് 2022 ആഗസറ്റ് 24 ന് സഭയിൽ സമർപ്പിക്കുകയും കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബിൽ 2022 ആഗസ്റ്റ് 30 ന് സഭ പരിഗണിക്കുകയും അന്ന തന്നെ ചർച്ച ചെയ്ത് പാസാക്കുകയും ചെയ്തു. ബില്ലിലെ വിവിധ വകുപ്പുകൾ സംബന്ധിച്ച് 17 ഭേദഗതി നോട്ടീസുകൾ ലഭിച്ചു.

## 2022 ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

2022 ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) (130 ാം നമ്പർ) ബിൽ 2022 ആഗസ്റ്റ് 23 ന് പൊതുവിദ്യാഭ്യാസ തൊഴിൽ വകുപ്പ മന്ത്രി വി. ശിവൻ കുട്ടി നിയമസഭയിൽ അവതരിപ്പിക്കുകയും അന്ന തന്നെ സഭ ബിൽ വിദ്യച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII ന്റെ പരിഗണനയ്ക്കയക്കുകയും കമ്മിറ്റി റിപ്പോർട്ട് 2022 ആഗസ്റ്റ് 24 ന് സഭയിൽ സമർപ്പിക്കുകയും കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബിൽ 2022 ആഗസ്റ്റ് 30 ന് സഭ പരിഗണിക്കുകയും അന്ന തന്നെ ചർച്ച ചെയ്ത് പാസാക്കുകയും ചെയ്തു. ബില്ലിലെ വിവിധ വകുപ്പുകൾ സംബന്ധിച്ച് 89 ഭേദഗതി നോട്ടീസുകൾ ലഭിച്ചു.

## 2022 ലെ കേരള തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് ബിൽ

2022 ലെ കേരള തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് (136 ാം നമ്പർ) ബിൽ 2022 ആഗസ്റ്റ് 24 ന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി എം.വി. ഗോവിന്ദൻ മാസ്റ്റർ നിയമസഭയിൽ അവതരിപ്പിക്കുകയും അന്ന തന്നെ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX ന്റെ പരിഗണനയ്ക്ക് അയയ്ക്കുകയും കമ്മിറ്റി റിപ്പോർട്ട് 2022 ആഗസ്റ്റ് 29 ന് സഭയിൽ സമർപ്പിക്കുകയും കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബിൽ 2022 ആഗസ്റ്റ് 31 ന് സഭ പരിഗണിക്കുകയും അന്ന തന്നെ ചർച്ച ചെയ്ത് പാസാക്കുകയും ചെയ്തു. ബില്ലിലെ വിവിധ വകുപ്പുകൾ സംബന്ധിച്ച് 212 ഭേദഗതി നോട്ടീസുകൾ ലഭിച്ചു.

## 2022 ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ

2022 ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) (134 ാം നമ്പർ) ബിൽ 2022 ആഗസ്റ്റ് 24 ന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി പി. രാജീവ് നിയമസഭയിൽ അവതരിപ്പിക്കുകയും അന്ന തന്നെ വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ പരിഗണനയ്ക്ക് അയയ്ക്കുകയും കമ്മിറ്റി റിപ്പോർട്ട് 2022 ആഗസ്റ്റ് 29 ന് സഭയിൽ സമർപ്പിക്കുകയും കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബിൽ 2022 ആഗസ്റ്റ് 31 ന് സഭ പരിഗണിക്കുകയും അന്ന തന്നെ ചർച്ച ചെയ്ത് പാസാക്കുകയും ചെയ്തു. ബില്ലിലെ വിവിധ വകുപ്പുകൾ സംബന്ധിച്ച് 454 ഭേദഗതി നോട്ടീസുകൾ ലഭിച്ചു.

## 2022 ലെ കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് ബിൽ

2022 ലെ കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് (135 ാം നമ്പർ) ബിൽ 2022 ആഗസ്റ്റ് 24 ന് നിയമം, വ്യവസായം, കയർ വകുപ്പ മന്ത്രി പി. രാജീവ് നിയമസഭയിൽ അവതരിപ്പിക്കുകയും അന്ന തന്നെ വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ പരിഗണനയ്ക്ക് അയയ്ക്കുകയും കമ്മിറ്റി റിപ്പോർട്ട് 2022 ആഗസ്റ്റ് 29 ന് സഭയിൽ സമർപ്പിക്കുകയും കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബിൽ 2022 ആഗസ്റ്റ് 31 ന് സഭ പരിഗണിക്കുകയും അന്ന തന്നെ ചർച്ച ചെയ്ത് പാസാക്കുകയും ചെയ്തു. ബില്ലിലെ വിവിധ വകുപ്പുകൾ സംബന്ധിച്ച് 649 ഭേദഗതി നോട്ടീസുകൾ ലഭിച്ചു.

## 2022 ലെ സർവകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ

2022 ലെ സർവകലാശാല നിയമങ്ങൾ (ഭേദഗതി) (132 ാം നമ്പർ) ബിൽ ഉന്നതവിദ്യാഭ്യാസം-സാമൂഹ്യനീതി വകുപ്പുമന്ത്രി ഡോ. ആർ. ബിന്ദു 2022 ആഗസ്റ്റ് 24 ന് നിയമസഭയിൽ അവതരിപ്പിക്കുകയും അന്ന തന്നെ വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI ന്റെ പരിഗണനയ്ക്ക് അയയ്ക്കുകയും കമ്മിറ്റി റിപ്പോർട്ട് 2022 ആഗസറ്റ് 29 ന് സഭയിൽ സമർപ്പിക്കുകയും കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബിൽ 2022 സെപ്റ്റംബർ 1 ന് സഭ പരിഗണിക്കുകയും അന്ന തന്നെ ചർച്ച ചെയ്ത് പാസാക്കുകയും ചെയ്തു. ബില്ലിലെ വിവിധ വകുപ്പുകൾ സംബന്ധിച്ച് 376 ഭേദഗതി നോട്ടീസുകൾ ലഭിച്ചു.

## 2022 ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ

2022 ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) (125 ാം നമ്പർ) ബിൽ 2022 ആഗസ്റ്റ് 24 ന് ധനകാര്യവകുപ്പുമന്ത്രി കെ. എൻ. ബാലഗോപാൽ നിയമസഭയിൽ അവതരിപ്പിക്കുകയും അന്ന തന്നെ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII ന്റെ പരിഗണനയ്ക്ക് അയയ്ക്കുകയും കമ്മിറ്റി റിപ്പോർട്ട് 2022 ആഗസ്റ്റ് 29 ന് സഭയിൽ സമർപ്പിക്കുകയും കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബിൽ 2022 സെപ്റ്റംബർ 1 ന് സഭ പരിഗണിക്കുകയും അന്ന തന്നെ ചർച്ച ചെയ്ത് പാസാക്കുകയും ചെയ്തു. ബില്ലിലെ വിവിധ വകുപ്പുകൾ സംബന്ധിച്ച് 190 ഭേദഗതി നോട്ടീസുകൾ ലഭിച്ചു.

## 2022 ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) റദ്ദാക്കൽ ബിൽ

2022 ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) റദ്ദാക്കൽ (138 ാം നമ്പർ) ബിൽ 2022 സെപ്റ്റംബർ 1 ന് സഭ അംഗീകരിച്ച ഒരു പ്രമേയത്തിലൂടെ കാര്യോപദേശക സമിതി റിപ്പോർട്ടിൽ ഭേദഗതി വരുത്തി തുടർന്ന് ബിൽ മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി വി. അബ്ദുറഹിമാൻ അവതരിപ്പിക്കുകയും കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 76(1), 77, 237 എന്നിവ താൽക്കാലികമായി സസ്പെന്റ് ചെയ്തുകൊണ്ട് സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കാതെ അന്നുതന്നെ ഐകകണ്‌ഠ്യേന പാസ്സാക്കുകയും ചെയ്തു. കാര്യവിവരപ്പട്ടികയിൽ ഉൾപ്പെടുത്താതെ അവതരിപ്പിച്ചതിനാൽ ഭേദഗതി നോട്ടീസുകൾ ലഭ്യമായില്ല.

## 2022 ലെ കേരള കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണമിശ്രിതം (ഉൽപാദനവും വിൽപനയും നിയന്ത്രിക്കൽ) ബിൽ

2022 ലെ കേരള കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണമിശ്രിതം (ഉൽപാദനവും വിൽപനയും നിയന്ത്രിക്കൽ) (128 ാം നമ്പർ) ബിൽ 2022 ആഗസ്റ്റ് 24 ന് മൃഗസംരക്ഷണ - ക്ഷീരവികസന വകുപ്പുമന്ത്രി ജെ. ചിഞ്ചുറാണി സഭയിൽ അവതരിപ്പിക്കുകയും സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

# ഉമ്മൻ ചാണ്ടി: ജനസമ്മതിയുടെ അൻപത്തിയൊന്ന് സംവത്സരങ്ങൾ

കർമ്മോദ്യുക്തമായ പൊതുപ്രവർത്തനം കൊണ്ട് ചരിത്രത്തിന്റെ ഭാഗമായി ജീവിക്കുമ്പോൾ തന്നെ പാർലമെന്ററി ജനാധിപത്യത്തിൽ പുതുചരിത്രം സൃഷ്ടിച്ചു കൊണ്ട് മുന്നേറുകയാണ് ഉമ്മൻ ചാണ്ടി എന്ന ജനനായകൻ. വിജയം മാത്രം അവകാശപ്പെടാവുന്ന പന്ത്രണ്ട് തെരഞ്ഞെടുപ്പുകളിലൂടെ ഉറങ്ങുമ്പോഴും തന്നിലെ സാമാജികനിലൂടെ ഉണർന്നിരുന്ന അൻപത്തിയൊന്ന് സംവത്സരങ്ങൾ പൂർത്തിയാക്കിയപ്പോൾ കേരളത്തിന്റെ ജനാധിപത്യ ശ്രീകോവിലിൽ ഏറ്റവും കൂടുതൽ കാലം അംഗമായ വ്യക്തി എന്ന അത്യപൂർവ്വ നേട്ടം ഉമ്മൻ ചാണ്ടിക്ക് സ്വന്തം. 18,728 ദിവസം കേരള നിയമസഭയിൽ അംഗമായിരുന്ന കെ.എം. മാണിയുടെ റെക്കോർഡാണ് 2022 ആഗസ്റ്റ് 3 ന് ഉമ്മൻ ചാണ്ടി തിരുത്തിക്കുറിച്ചത്.

1970 ലെ കേരള നിയമസഭാ തെരഞ്ഞെടുപ്പിൽ പുതുപ്പള്ളി നിയോജകമണ്ഡലത്തിൽ നിന്ന് കന്നിയങ്കം കുറിച്ച ഉമ്മൻ ചാണ്ടി അന്നു മുതൽ നിലവിൽ വന്നിട്ടുള്ള എല്ലാ നിയമസഭകളിലും അതേ മണ്ഡലത്തെ പ്രതിനിധീകരിച്ചു കൊണ്ട് കേരള രാഷ്ട്രീയത്തിൽ ഒരു വൻമരമായി വിരാജിക്കുന്നു. മൂന്നു തവണ മന്ത്രിയും രണ്ടു തവണ മുഖ്യമന്ത്രിയും ഒരു തവണ പ്രതിപക്ഷ നേതാവുമായ ഉമ്മൻ ചാണ്ടിക്ക് തെരഞ്ഞെടുപ്പെന്നാൽ പുതുപ്പള്ളിയും പുതുപ്പള്ളിക്കാർക്ക് നിയമസഭാ തെരഞ്ഞെടുപ്പെന്നാൽ ഉമ്മൻ ചാണ്ടിയുമാണ്.

ജനകീയ പ്രശ്നങ്ങളുടെ വക്താവായി നിയമസഭയുടെ അകത്തളത്തിൽ നിറഞ്ഞുനിന്ന ഉമ്മൻ ചാണ്ടി ജനോപകാരപ്രദമായ നിയമനിർമ്മാണ പ്രവർത്തനങ്ങൾകൊണ്ടും സഭാ സമിതികളിൽ നടത്തിയിട്ടുള്ള ക്രിയാത്മകമായ ഇടപെടലുകൾകൊണ്ടും കേരള നിയമസഭയെ സമ്പന്നമാക്കിയ ജനപ്രതിനിധിയാണ്. ഇക്കാലംവരെ നിയമസഭയിൽ ഉമ്മൻചാണ്ടി പറഞ്ഞ ഒരു വാക്ക് പോലും സഭാ രേഖകളിൽ നിന്ന് നീക്കം ചെയ്യേണ്ടി വന്നിട്ടില്ല എന്നതു തന്നെ ജനാധിപത്യ മര്യാദകൾ കാത്തു സൂക്ഷിക്കുന്നതിൽ അദ്ദേഹം പുലർത്തിയ ജാഗ്രതയാണ് വ്യക്തമാക്കുന്നത്. ഒൻപതാം കേരള നിയമസഭയിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റിയുടെ ചെയർമാനായും പത്താം കേരള നിയമസഭയിൽ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി ചെയർമാനായും പതിനൊന്നും പതിമൂന്നും കേരള നിയമസഭകളിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി ചെയർമാനായും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. ധനവകുപ്പ് മന്ത്രിയായിരിക്കെ നാല് ബജറ്റുകൾ കേരള നിയമസഭയിൽ അവതരിപ്പിച്ചിട്ടുണ്ട്.


നിയമസഭാ സാമാജികനായി അൻപത്തിയൊന്ന് വർഷങ്ങൾ പൂർത്തയാക്കിയ ഉമ്മൻചാണ്ടിയെ നിയമസഭാ സെക്രട്ടറി എ.എം ബഷീർ, സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി റ്റി. മനോഹരൻ നായർ എന്നിവർ അദ്ദേഹത്തിന്റെ വസതിയിലെത്തി അനുമോദിച്ചപ്പോൾ.

ജനക്ഷേമ പദ്ധതികളുടെയും സർവ്വതല സ്പർശിയായ വികസന പ്രവർത്തനങ്ങളുടെയും സ്രഷ്ടാവായിരുന്ന ഉമ്മൻ ചാണ്ടി എന്ന ഭരണകർത്താവ്. 1977 ൽ അദേഹം തൊഴിൽ വകുപ്പ് മന്ത്രിയായിരിക്കുമ്പോഴാണ് ഇന്ത്യയിൽ ആദ്യമായി തൊഴിലില്ലായ്മ വേതനം നടപ്പിലാക്കുന്ന സംസ്ഥാനമായി കേരളം ചരിത്രത്തിൽ ഇടം പിടിക്കുന്നത്. 1981 ൽ ആഭ്യന്തര വകുപ്പ് മന്ത്രിയായിരിക്കുമ്പോഴാണ് പോലീസ് യൂണിഫോം സമൂലമായി പരിഷ്ക്കരിച്ചത്. മുഖ്യമന്ത്രിയായിരിക്കെ ആരംഭിച്ച കോക്ലിയർ ഇംപ്ലാന്റ് പദ്ധതിയും കാരുണ്യ ബനവലന്റ് ഫണ്ടും സ്നേഹപൂർവ്വം പദ്ധതിയും ഇറാഖിൽ കുടുങ്ങിയ മലയാളി നഴ്സുമാരുടെ മോചനത്തിനായി നടത്തിയ ശ്രമകരമായ ദൗത്യവും ഉമ്മൻ ചാണ്ടിയുടെ നന്മ മനസ്സിന്റെ ആഴം വ്യക്തമാക്കുന്നു. ജനസമ്പർക്ക പരിപാടിയിലൂടെ ഐക്യരാഷ്ട്രസഭയുടെ പബ്ലിക് സർവ്വീസ് പുരസ്കാരം കേരളത്തിലെത്തിച്ച മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയാണ്.

## വേർപാട്

### എൻ.എം. ജോസഫ്, മുൻ മന്ത്രി



ജനതാദൾ(എസ്) മുൻ സംസ്ഥാന പ്രസിഡന്റും മുൻ മന്ത്രിയുമായിരുന്ന പ്രൊഫ. എൻ.എം. ജോസഫ്(79) 2022 സെപ്റ്റംബർ 13 ന് അന്തരിച്ചു. എട്ടാം കേരള നിയമസഭയിൽ 1987 മുതൽ 1991 വരെ വനംവകുപ്പ് മന്ത്രിയായിരുന്നു. 1987 ൽ പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ നിന്നും ഇടതുമുന്നണി സ്ഥാനാർത്ഥിയായി നിയമസഭയിലേക്ക് മത്സരിച്ച അദ്ദേഹം പി.സി. ജോർജ്ജിനെ പരാജയപ്പെടുത്തിയാണ് നിയമസഭാംഗമായത്. 1987 ലെ നായനാർ മന്ത്രിസഭയിൽ ജനതാപാർട്ടി പ്രതിനിധിയായിരുന്ന എം. പി. വീരേന്ദ്രകുമാർ 48 മണിക്കൂറിനുള്ളിൽ രാജിവച്ചതിനെത്തുടർന്നാണ് ജോസഫ് മന്ത്രിയായത്.

കോൺഗ്രസ് വിദ്യാർത്ഥി പ്രസ്ഥാനത്തിലൂടെ രാഷ്ട്രീയജീവിതം ആരംഭിച്ച ജോസഫ് 1969 ൽ കോൺഗ്രസ് പിളർന്നപ്പോൾ സംഘടനാ കോൺഗ്രസിലും 1977 ൽ സംഘടനാ കോൺഗ്രസ് ജനതാ പാർട്ടിയിൽ ലയിച്ചപ്പോൾ നേതൃനിരയിലുമെത്തി. 1981-83 കാലഘട്ടത്തിൽ ജനതാപാർട്ടിയുടെ സംസ്ഥാന വൈസ് പ്രസിഡന്റ്, ജനറൽ സെക്രട്ടറി എന്നീ നിലകളിലും 1984 മുതൽ 1988 വരെ കോട്ടയം ജില്ലാ പ്രസിഡന്റായും പ്രവർത്തിച്ചു. കേരള സർവ്വകലാശാല സെനറ്റംഗം, എ.കെ.പി.സി.ടി.എ. സംസ്ഥാന ജനറൽ സെക്രട്ടറി, ജനതാദൾ (എസ്) ദേശീയ വൈസ് പ്രസിഡന്റ് തുടങ്ങിയ സ്ഥാനങ്ങളും വഹിച്ചിട്ടുണ്ട്.

ജോസഫ്-അന്നമ്മ മാത്യു ദമ്പതികളുടെ മകനായ അദ്ദേഹം 'അറിയപ്പെടാത്ത ഏടുകൾ' എന്ന പേരിൽ ആത്മകഥ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഭാര്യ : എലിസബത്ത്, രണ്ട് മക്കളുണ്ട്.

### ആർ.സുന്ദരേശൻ നായർ, മുൻ മന്ത്രി



മുൻ മന്ത്രി ആർ.സുന്ദരേശൻ നായർ (82) 2022 ആഗസ്റ്റ് 11 ന് അന്തരിച്ചു. അഞ്ചാം കേരള നിയമസഭയിലും ആറാം കേരള നിയമസഭയിലും എൻ.ഡി.പി. പ്രതിനിധിയായി നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ നിന്നും നിയമസഭയിലെത്തി. 1981 ഡിസംബർ 28 മുതൽ 1982 മാർച്ച് 17 വരെ ആരോഗ്യവും ടൂറിസവും വകുപ്പ് മന്ത്രിയുടെ ചുമതല വഹിച്ചിരുന്നു. എൻ.എസ്.എസ്. പ്രവർത്തകനായി പൊതുരംഗത്തെത്തിയ അദ്ദേഹം എൻ.എസ്.എസിന്റെ രാഷ്ട്രീയ പാർട്ടിയായ എൻ.ഡി.പി.യുടെ ജനറൽ സെക്രട്ടറിയായിരുന്നു. എൻ.ഡി.പി. നിയമസഭാ കക്ഷി നേതാവ്, ട്രഷറർ എന്നീ നിലകളിലും പ്രവർത്തിച്ചു. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, കേരള സർവ്വകലാശാല സെനറ്റ്, കയർ മാർക്കറ്റിംഗ് ഫെഡറേഷൻ ഡയറക്ടർ ബോർഡ് എന്നിവയിൽ അംഗമായിരുന്നു. പ്രകൃതിദത്ത പാരമ്പര്യത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ പ്രബന്ധമാണ് 'സിസ്റ്റർ കാരി'.

ഭാര്യ: ബി.ലീലാ കുമാരി, മൂന്ന് മക്കളുണ്ട്.

### ജി. പ്രതാപവർമ്മ തമ്പാൻ, മുൻ അംഗം



കോൺഗ്രസ് നേതാവും മുൻ എം.എൽ.എ.യുമായ ജി. പ്രതാപവർമ്മ തമ്പാൻ (63) 2022 ആഗസ്റ്റ് 4 ന് അന്തരിച്ചു. പതിനൊന്നാം കേരള നിയമസഭയിൽ ചാത്തന്നൂർ മണ്ഡലത്തെ പ്രതിനിധീകരിച്ച അദ്ദേഹം കെ.പി.സിസി. ജനറൽ സെക്രട്ടറിയായി പ്രവർത്തിച്ചു വരികയായിരുന്നു. കേരള സർവ്വകലാശാല സെനറ്റ് അംഗമായി രണ്ടു തവണ തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. കൊല്ലം ഡി.സി.സി. അംഗം, പ്രസിഡന്റ്, കെ.പി.സി.സി. എക്സിക്യൂട്ടീവ് അംഗം, കെ.എസ്.യു. ട്രഷറർ, ഏക ജനറൽ സെക്രട്ടറി എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്. ഡി.സി.സി. പ്രസിഡന്റായിരിക്കെ പ്രവർത്തന മികവിന് അഖിലേന്ത്യാ കോൺഗ്രസ് കമ്മിറ്റിയുടെ സ്റ്റാർ പദവി നേടിയിട്ടുണ്ട്.

ഭാര്യ : ദീപ തമ്പാൻ, രണ്ട് മക്കളുണ്ട്.

### കെ.മുഹമ്മദാലി, മുൻ അംഗം



മുതിർന്ന കോൺഗ്രസ് നേതാവും മുൻ എം.എൽ.എ.യുമായ കെ.മുഹമ്മദാലി(76) 2022 സെപ്റ്റംബർ 20 ന് അന്തരിച്ചു. 1980 മുതൽ 2006 വരെ തുടർച്ചായി ഇരുപത്തിയാറ് വർഷം ആലുവ മണ്ഡലത്തെ നിയമസഭയിൽ പ്രതിനിധീകരിച്ചു. 1963 ൽ വിദ്യാർത്ഥി യൂണിയൻ താലൂക്ക് പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടതോടെയാണ് അദ്ദേഹം സജീവ രാഷ്ട്രീയത്തിന് തുടക്കമിട്ടത്. കെ.എസ്.യു. എറണാകുളം ജില്ലാ പ്രസിഡന്റ്, യൂത്ത് കോൺഗ്രസ് ജില്ലാ പ്രസിഡന്റ്, സംസ്ഥാന സെക്രട്ടറി, സംസ്ഥാന ജനറൽ സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുള്ള അദ്ദേഹം 1973 മുതൽ എ.ഐ.സി.സി. അംഗവുമായിരുന്നു. 1973 ൽ മോസ്കോയിൽ വച്ച് നടന്ന അന്തർദേശീയ സമാധാന സമ്മേളനത്തിലെ ഇന്ത്യൻ പ്രതിനിധി സംഘത്തിലും അംഗമായിരുന്നു.

എം.ജി. യൂണിവേഴ്സിറ്റി സെനറ്റ്, കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജി സിൻഡിക്കേറ്റ്, കെ.റ്റി.ഡി.സി. ഡയറക്ടർ ബോർഡ്, കേരള സ്പോർട്സ് കൗൺസിൽ എന്നിവിടങ്ങളിൽ അംഗമായും പ്രവർത്തിച്ചിട്ടുണ്ട്. കോൺഗ്രസ് നിയമസഭാ കക്ഷി വിപ്പ്, എറണാകുളം ജില്ലാ സഹകരണ ബാങ്ക് ഡയറക്ടർ ബോർഡ് അംഗം, സിയാൽ സ്ഥാപക ഡയറക്ടർ ബോർഡ് അംഗം എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്. 'നടന്ന വഴികൾ പിന്നിട്ട വഴികൾ' എന്ന പേരിൽ ഓർമ്മക്കുറിപ്പുകളും 'ആലുവ-ചരിത്രവും കേട്ടറിവുകളും' എന്ന പുസ്തകവും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഭാര്യ: പി.എം.നസീം ബീവി; രണ്ട് മക്കളുണ്ട്.

നിയമസഭാ പ്രസംഗത്തിലൂടെ

# തൊഴിലില്ലായ്മ പരിഹരിക്കാൻ സത്വര നടപടി സ്വീകരിക്കണം

## (1978–79 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് ധനാഭ്യർത്ഥന ചർച്ചയിൽ പങ്കെടുത്ത് 1978 ജൂലൈ 5 ന് റ്റി.എം. ജേക്കബ് സഭാ തലത്തിൽ നടത്തിയ പ്രസംഗത്തിൽ നിന്ന്)



'സർ, ഞാൻ സഭയിൽ ബഹുമാനപ്പെട്ട മന്ത്രിമാർ അവതരിപ്പിച്ചിരിക്കുന്ന ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. വളരെയേറെ പരിഷ്ക്കാരങ്ങളും മാറ്റങ്ങളും ആവശ്യമുള്ള വകുപ്പിനെക്കുറിച്ചുള്ള ധനാഭ്യർത്ഥനകളാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. പ്രത്യേകിച്ചും തൊഴിൽ വകുപ്പിലും ഭവന നിർമ്മാണ വകുപ്പിലും ജയിലിലും പോർട്ടിലുമെല്ലാം തന്നെ വളരെയേറെ മാറ്റങ്ങൾ ആവശ്യമുണ്ട്. ഈ ധനാഭ്യർത്ഥനകളുടെ ചർച്ചയിൽ ബഹുമാനപ്പെട്ട മന്ത്രിമാരുടെ പ്രസംഗങ്ങൾ വളരെ ശ്രദ്ധാപൂർവ്വം വീക്ഷിക്കുന്ന യുവാക്കൾ ഈ സംസ്ഥാനത്തുണ്ട്. പ്രത്യേകിച്ചും യുവാക്കളായ രണ്ട് മന്ത്രിമാർ അവതരിപ്പിച്ചിരിക്കുന്ന ഈ ധനാഭ്യർത്ഥനകളിൽ മാറ്റങ്ങൾക്ക് അനുകൂലമായ ഒരു സമീപനം സ്വീകരിക്കുമെന്നുള്ള വിശ്വാസം എനിക്കുണ്ട്.

സർ, തൊഴിലില്ലായ്മ പ്രശ്നം വളരെ വലിയൊരു പ്രശ്നമായി നമ്മുടെ സംസ്ഥാനത്തിൽ വളർന്നു കഴിഞ്ഞിട്ടുണ്ട്. അഞ്ചാം പഞ്ചവൽസര പദ്ധതിക്കാലത്ത് തൊഴിലില്ലായ്മ പരിഹരിക്കുന്നതിനു വേണ്ടിയുള്ള പരിപാടികൾ ഗവൺമെന്റ് ആവിഷ്ക്കരിച്ചെങ്കിലും ഫലപ്രദമായി എന്തെങ്കിലും ആ കാര്യത്തിൽ ചെയ്യുന്നതിന് നമുക്ക് സാധിച്ചിട്ടില്ല. ഇതൊരു ദേശീയ പ്രശ്നമെന്നുള്ള നിലയിൽ വളർന്ന് വളരെയേറെ വർദ്ധിച്ച് കഴിഞ്ഞിരിക്കുകയാണ്. സംസ്ഥാന ഗവൺമെന്റിന്റെ കണക്കനുസരിച്ച് തന്നെ 31-12-1977 ൽ നമ്മുടെ സംസ്ഥാനത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിരുന്ന ആളുകൾ തന്നെ ഏകദേശം 9 ലക്ഷത്തോളം വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഇപ്പോൾ അത് പത്ത് ലക്ഷത്തിലധികമായിരിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഓരോ വർഷം കഴിയുന്തോറും വർദ്ധിച്ചുവരുന്നതായി കാണാൻ കഴിയും. 1983 ആകുമ്പോഴേയ്ക്കും തൊഴിൽ രഹിതരുടെ എണ്ണം 20 ലക്ഷം ആയി വർദ്ധിക്കുമെന്നാണ് കണക്കാക്കുന്നത്. ഈ പ്രശ്നത്തെക്കുറിച്ചുള്ള ഗവൺമെന്റിന്റെ സമീപനം വളരെ ഗൗരവതരമായിരിക്കണമെന്നുള്ള അഭിപ്രായമാണ് എനിക്കുള്ളത്. കഴിഞ്ഞ എട്ട് പത്ത് വർഷക്കാലത്തിനുമുമ്പ്, അതായത് 1966 ൽ ഒന്നര ലക്ഷത്തോളമാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ തൊഴിൽ രഹിതരായി ഉണ്ടായിരുന്നത്. 31-12-1977 ആയപ്പോഴേയ്ക്കും ഏകദേശം പത്ത് ലക്ഷമായി അതു വർദ്ധിച്ചു. എത്രയോ വ്യത്യാസം ഉണ്ടായിരിക്കുകയാണ്. ഈ കാര്യം പരിഹരിക്കാനുള്ള ആത്മാർത്ഥമായ സമീപനം ഉണ്ടായില്ലെങ്കിൽ നമ്മുടെ സംസ്ഥാനത്തും ഇൻഡ്യയിലൊട്ടാകെയും സ്ഫോടനാത്മകമായ ഒരു സ്ഥിതി വിശേഷം ഉണ്ടാകും. അദ്ധ്വാനിക്കാൻ ശക്തിയുള്ള ആളുകൾ ജോലി ചെയ്യാൻ സാഹചര്യമില്ലാതെ അലയുന്ന സാഹചര്യം ഉണ്ടാകാൻ പാടില്ല. അതിനുവേണ്ടി കാര്യക്ഷമമായ പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കണം. നമ്മുടെ ഗവൺമെന്റ് അടുത്തകാലത്തായി ഓവർസീസ് ഡെവലപ്മെന്റ് ആന്റ് എംപ്ലോയ്മെന്റ് പ്രമോഷൻ കൺസൽട്ടൻസ് ലിമിറ്റഡ് എന്ന് ഒരു ഏജൻസിയെ ഏർപ്പെടുത്തിയിട്ടുണ്ട്. അതിന്റെ പ്രവർത്തനം കുറെക്കൂടി വ്യാപകമാക്കിയാൽ നമ്മുടെ സംസ്ഥാനത്തിന് പുറത്ത് വിദേശ രാജ്യങ്ങളിൽ പോയി ജോലി കണ്ടെത്താൻ കഴിയും ഫലപ്രദമായി ഈ കാര്യത്തിൽ എന്തു ചെയ്യാൻ കഴിയുമെന്ന കാര്യം ഗവൺമെന്റ് ആലോചിക്കണം. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം 1966 മുതലുള്ള പത്തുവർഷത്തെ ചരിത്രം എടുത്തു പരിശോധിച്ചാൽ പൊതുമേഖലയിൽ ഏകദേശം 1.87 ലക്ഷം ആളുകൾക്കാണ് തൊഴിൽ അവസരം ഉണ്ടാക്കി കൊടുക്കാൻ സാധിച്ചത്. അതുപോലെ ഓർഗനൈസ്ഡ് പ്രൈവറ്റ് സെക്ടർ ഉണ്ടെന്ന് പറഞ്ഞു. 59 ലക്ഷം ആളുകൾക്ക് അവിടെ ജോലി ഉണ്ടാക്കി കൊടുക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇത് വളരെയേറെ പുറകിലാണ്. വ്യവസായവൽക്കരണം കൊണ്ട് മാത്രം നമ്മുടെ സംസ്ഥാനത്തെ തൊഴിലില്ലായ്മ പരിഹരിക്കാൻ സാധിക്കുമെന്ന വിശ്വാസം ആർക്കെങ്കിലും ഉണ്ടാകുമെന്നു തോന്നുന്നില്ല. വിദഗ്ദ്ധൻമാരുടെ നിർദ്ദേശമനുസരിച്ചു തന്നെ കാർഷിക മേഖലയിൽ കൂടുതൽ തീവ്രമായ പരിപാടികൾ ആവിഷ്ക്കരിക്കണമെന്ന് പറഞ്ഞിട്ടുണ്ട്. അതിനെക്കുറിച്ച് ഗവൺമെന്റ് കാര്യമായി ആലോചിക്കേണ്ടിയിരിക്കുന്നു.

സർ, നമ്മുടെ സംസ്ഥാനത്തിന് പുറത്തുപോയി ജോലി ചെയ്യുന്ന നിരവധി ആളുകൾ ഉണ്ട്. അവർക്ക് വളരെയധികം ബുദ്ധിമുട്ടുകൾ അനുഭവിക്കേണ്ടതായി വരികയാണ്. അവർ നാലര ലക്ഷത്തോളം ഉണ്ട്. വിദേശങ്ങളിൽ ഔദ്യോഗികമായി രണ്ടു ലക്ഷത്തോളം ആളുകൾ ജോലി ചെയ്യുന്നുണ്ടെന്നാണ് പറയുന്നത്. അനൗദ്യോഗിക കണക്കുകൾ പരിശോധിക്കുമ്പോൾ ലക്ഷക്കണക്കിന് ആളുകൾ വിദേശങ്ങളിലും മറ്റു സംസ്ഥാനങ്ങളിലും ജോലി ചെയ്യുന്നുണ്ടെന്ന് കാണാൻ കഴിയും. അവരുടെ കാര്യത്തിൽ എന്തു ചെയ്യാൻ സാധിക്കുമെന്ന കാര്യം ഗവൺമെന്റ് ആലോചിക്കണം.

സർ, തൊഴിലില്ലായ്മ വേതനം കൊടുക്കാൻ തയ്യാറായ ഗവൺമെന്റിനെ ഞാൻ ഈ അവസരത്തിൽ അനുമോദിക്കുകയാണ്. നിയമസഭയിൽ ബജറ്റ് അവതരിപ്പിച്ചുകൊണ്ട് ധനകാര്യമന്ത്രി ഈ കാര്യം സൂചിപ്പിച്ചിരുന്നു. അത് എത്രയും വേഗം നടപ്പിലാക്കി എടുക്കുന്നതിനുവേണ്ടി യുവജന വിദ്യാർത്ഥി രംഗത്ത് പ്രവർത്തിച്ചിട്ടുള്ള ഒരാളെന്ന നിലയിൽ അദ്ദേഹം കാണിച്ച വ്യഗ്രത അഭിനന്ദനാർഹമാണ്. യുവജനപ്രസ്ഥാനത്തിന്റെ പ്രതിനിധികളെ അദ്ദേഹം വിളിച്ച് ചർച്ച ചെയ്യുകയുണ്ടായി. ബംഗാളിലും പഞ്ചാബിലും തൊഴിലില്ലായ്മ വേതനം പ്രഖ്യാപിച്ചിട്ടുണ്ട്. പക്ഷെ നടപ്പിലാക്കാൻ തുടങ്ങിയിട്ടില്ല. ഇത് വലിയൊരു സഹായമാണോയെന്ന് ചോദിച്ചേക്കാം. അല്ല, എത്രയോ വർഷമായി നമ്മുടെ സംസ്ഥാനത്തെ യുവജനങ്ങൾ ആവശ്യപ്പെട്ടുകൊണ്ടിരുന്ന തൊഴിലില്ലായ്മ വേതനമെന്ന തത്വം അംഗീകരിക്കാൻ തയ്യാറായ ഗവൺമെന്റ് വളരെയേറെ അഭിനന്ദനം അർഹിക്കുന്നുണ്ട്.

സർ, ശ്രീ.ശിവൻ സംസാരിച്ചപ്പോൾ ബംഗാളിലെ കാര്യം പറഞ്ഞു. തൊഴിലില്ലായ്മവേതനത്തിന് 4000 രൂപയാണ് വാർഷിക വരുമാനം കണക്കാക്കിയിരിക്കുന്നത്. ആ വരുമാനം ഉയർത്തണമെന്ന നിർദ്ദേശം അങ്ങ് വിളിച്ചു കൂട്ടിയ കോൺഫറൻസിൽ ഉണ്ടായി. അയ്യായിരമായി വർദ്ധിപ്പിച്ചാലും വലിയ ബുദ്ധിമുട്ടുകൾ ഉണ്ടാവുകയില്ല. ഈ സംസ്ഥാനത്തേക്കാൾ വളരെയേറെ വിസ്തൃതിയും ജനസംഖ്യയുമുള്ള ബംഗാളിൽ 9 കോടി രൂപയാണ് തൊഴിലില്ലായ്മവേതനത്തിനു വേണ്ടി മാറ്റി വച്ചിട്ടുള്ളത്. നമ്മൾ ഈ ആവശ്യത്തിനു വേണ്ടി പത്തു കോടി രൂപ മാറ്റി വച്ചിട്ടുണ്ട്. ഇതുമൂലം രണ്ടരലക്ഷത്തോളം പേർക്ക് സഹായം കൊടുക്കാനാണ് ഉദ്ദേശിക്കുന്നത്. ജനസംഖ്യയിൽ നമ്മളും ബംഗാളും തമ്മിൽ വളരെയേറെ വ്യത്യാസമുണ്ട്. നാലര കോടിയോളം ജനങ്ങൾ താമസിക്കുന്ന സംസ്ഥാനമാണ് ബംഗാൾ. തൊഴിലില്ലായ്മയുടെ കാര്യത്തിലും ബംഗാൾ മുൻപന്തിയിലാണ്. ബംഗാൾ ഗവൺമെന്റ് ആ പരിപാടി നടപ്പിലാക്കാനുള്ള എന്തെങ്കിലും പരിപാടി എടുത്തതായി കാണുന്നില്ല. ഇവിടെ യുവാക്കളെ കൊണ്ട് നിർബന്ധിപ്പിച്ച് ജോലി ചെയ്യിക്കുന്നു എന്നു പറഞ്ഞു. അദ്ധ്വാനശക്തി ചൂഷണം ചെയ്യുന്നു എന്നു പറഞ്ഞു. എത്രയോ നിരർത്ഥകമായ വാദമുഖമാണ് അത്. സംസ്ഥാന ഗവൺമെന്റിന്റെ വേതനം പറ്റിക്കൊണ്ട് ഈ യുവജനങ്ങൾ ജീവിക്കണമെന്ന് പറഞ്ഞാൽ അവർ അതിന് തയ്യാറല്ല. പ്രതിപക്ഷ പാർട്ടികളുടെ യുവജന പ്രസ്ഥാനം അടക്കമുള്ളവരുടെ പ്രതിനിധികളുമായി ഈ കാര്യം ചർച്ച ചെയ്യുകയുണ്ടായി. അവരാരും ഈ പ്രശ്നം ഉന്നയിച്ചില്ല. ജോലി ചെയ്യുന്ന കാര്യങ്ങളിൽ ചില നിബന്ധനകൾ വേണമെന്നു പറഞ്ഞു. അത് അംഗീകരിക്കാൻ തയ്യാറായിട്ടുണ്ട്. രജിസ്ട്രേഷന്റെ കാര്യത്തിലും വളരെ സുഗമമായ ഏർപ്പാടുകൾ ഉണ്ടാക്കിയിട്ടുണ്ട്. ജില്ല തിരിച്ചാണ് രജിസ്ട്രേഷൻ നടത്തുന്നത്. അവരവർക്ക് അതാത് പഞ്ചായത്തുകളിൽ തന്നെ രജിസ്റ്റർ ചെയ്യാൻ സൗകര്യമുണ്ടാക്കിയിട്ടുണ്ട്. തൊഴിലില്ലായ്മവേതനം കൊടുക്കുന്ന അവസരത്തിൽ ഹരിജനങ്ങൾ ഉണ്ടെങ്കിൽ 5 വർഷം വേണമെന്നുള്ളത് ഒന്ന് ഇളവ് ചെയ്ത് ഒരു വർഷമോ മറ്റോ രജിസ്റ്റർ ചെയ്തിട്ടുള്ളവർക്കും കൊടുക്കാൻ തയ്യാറാകണമെന്നഭ്യർത്ഥിക്കുകയാണ്. 31-3-1973 മുതൽ 5 വർഷക്കാലം തുടർച്ചയായി രജിസ്റ്റർ ചെയ്തിട്ടുള്ളവർക്ക് മാത്രമേ കൊടുക്കാവൂയെന്നുണ്ട്. 1973-ൽ രജിസ്റ്റർ ചെയ്തതിനു ശേഷം നിർത്തിവച്ചിട്ട് വീണ്ടും 78-ൽ രജിസ്റ്റർ ചെയ്തിട്ടുള്ളവർക്കും കൊടുക്കണം. ഈ കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രത്യേകം ശ്രദ്ധിക്കണമെന്നഭ്യർത്ഥിക്കുകയാണ്.

നമ്മുടെ സംസ്ഥാനത്ത് ഇന്ന് അർദ്ധ ഗവൺമെന്റ് സ്ഥാപനങ്ങളിൽ തൊഴിൽ ലഭിക്കുന്നതിനുള്ള പ്രായപരിധി 30 വയസ്സ് എന്നാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. എന്നാൽ ഇന്നു പലർക്കും 30 വയസിനകം തന്നെ തൊഴിൽ അവസരം ലഭിക്കുന്നില്ല. ഇത് അവരുടെ കുറ്റം കൊണ്ടല്ല. അതു കൊണ്ട് ഈ പ്രായപരിധി 30 വയസ്സ് എന്നുള്ളത് എടുത്തു കളയണം എന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്. ഇത് ചുരുങ്ങിയ സമീപനം എന്ന നിലയിൽ 30 വയസ്സ് എന്നുള്ളത് 35 വയസ്സായി ഉയർത്താൻ ഗവൺമെന്റ് സൻമനസ്സ് കാണിക്കേണ്ടതുണ്ട്. നമ്മുടെ സംസ്ഥാനത്തെ യുവജനങ്ങളെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ അവർക്ക് മാനേജീരിയൽ ട്രെയിനിംഗ് നൽകുവാൻ ഗവൺമെന്റ് മുന്നോട്ടു വരണം. തൊഴിലില്ലായ്മ വേതനത്തിനു വേണ്ടി ഈ ഗവൺമെന്റ് പത്തു കോടി രൂപ നീക്കി വച്ചിട്ടുണ്ട്. അതുപോലെ അടുത്തകൊല്ലം ഈ മാനേജീരിയൽ ട്രെയിനിംഗിനുവേണ്ടി 10 കോടി രൂപ കൂടി മാറ്റിവയ്ക്കേണ്ടതുണ്ട്. ഇന്ന് എത്രയോ യുവാക്കൾ തൊഴിലിനുവേണ്ടി അലയുന്നവരായിട്ടുണ്ട്. അവർക്ക് എന്തെങ്കിലും വ്യവസായം തുടങ്ങുവാൻ വേണ്ട സാമ്പത്തിക സഹായം നൽകുവാൻ ബാങ്കുകൾ തയ്യാറാകുന്നു. എന്നാൽ അവർക്ക് ആവശ്യമായ ട്രെയിനിംഗ് ഇല്ലാത്തതുകൊണ്ട് തുടങ്ങിയ വ്യവസായങ്ങൾ തന്നെ മുടങ്ങിപ്പോകുന്നുണ്ട്. അതുകൊണ്ട് ഈ വ്യവസായം മുടങ്ങാതിരിക്കുവാൻ വേണ്ടി അവർക്കാവശ്യമായ മാനേജീരിയൽ ട്രെയിനിംഗ് കൊടുക്കുവാൻ ഗവൺമെന്റ് തയ്യാറാകണം. ഈ വർഷം തൊഴിലില്ലായ്മവേതനം നൽകുന്നതിനായി 10 കോടി രൂപ ബജറ്റിൽ വക ഇരുത്തിയിട്ടുണ്ട്. ഇന്ന് എത്രയോ ആളുകൾ തൊഴിലിനുവേണ്ടി അലയുന്നു. അതുകൊണ്ട് നമ്മുടെ സംസ്ഥാനത്ത് വ്യവസായം തുടങ്ങുവാനുള്ള അവസരം ഉണ്ടാകണം. ഒരു വ്യവസായം തുടങ്ങുമ്പോൾ അയ്യായിരം പേർക്ക് തൊഴിൽ കൊടുക്കുവാൻ കഴിയുമെങ്കിൽ അത് പുരോഗമിച്ചാൽ അമ്പതിനായിരം തൊഴിലാളികൾക്ക് വരെ തൊഴിൽ കൊടുക്കുവാൻ

ശേഷം 15-ാം പേജിൽ



മുൻ സാമാജികർ മനസ്സ് തുറക്കുന്നു........

# വികസന പ്രവർത്തനങ്ങൾ കൃത്യമായി അവലോകനം നടത്തി തടസ്സങ്ങൾ അതിജീവിക്കണം: പി.അയിഷാ പോറ്റി



കൊച്ചി സർവ്വകലാശാലയിൽ നിന്നും എൽ.എൽ.എം. കഴിഞ്ഞ് കൊട്ടാരക്കര കോടതികളിൽ അഭിഭാഷകയായി സജീവമായി പ്രാക്ടീസ് നടത്തി വരികെയാണ് 2000 ആണ്ട് ആഗസ്റ്റ് മാസത്തിൽ നടന്ന ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ വനിതാ സംവരണ സീറ്റായ കൊട്ടാരക്കര ഡിവിഷനിൽ നിന്ന് ജില്ലാ പഞ്ചായത്ത് സ്ഥാനാർത്ഥിയായി മത്സരിക്കാൻ പാർട്ടി എന്നോട് നിർദ്ദേശിച്ചത്. സി.പി.ഐ.(എം) പാർട്ടി അംഗമായും അഖിലേന്ത്യാ ജനാധിപത്യ മഹിളാ അസോസിയേഷന്റെ ജില്ലാ കമ്മിറ്റി അംഗമായും അക്കാലയളവിൽ പ്രവർത്തിച്ച് വന്ന എനിക്ക് തെരഞ്ഞെടുപ്പിലെ സ്ഥാനാർത്ഥിത്വം ഒന്നര പതിറ്റാണ്ടിലധികമായി തുടർന്ന് വന്ന അഭിഭാഷകവൃത്തിയെ ബാധിക്കുന്നതിനപ്പുറം കുട്ടികളുടെ പഠനകാര്യങ്ങളും കുടുംബകാര്യങ്ങളും ശ്രദ്ധിക്കാൻ കഴിയാത്ത സാഹചര്യമുണ്ടാകുമോ എന്ന കടുത്ത ആശങ്കയുളവാക്കി. പാർട്ടി നേതാക്കൾ കാര്യങ്ങൾ വിശദമായി സംസാരിച്ചതിന്റെ ഫലമായി സ്ഥാനാർത്ഥിത്വം സ്വീകരിക്കുകയും തെരഞ്ഞെടുപ്പിൽ വിജയം നേടി ജില്ലാ പഞ്ചായത്തംഗമായി ചുമതലയേൽക്കുകയും ചെയ്തു. ജനപ്രതിനിധികളുടെ ബാലപാഠങ്ങൾ മനസിലാക്കി പ്രവർത്തനം തുടങ്ങിയ എനിക്ക് ആ കാലയളവിൽ രണ്ട് വർഷവും ഏഴ് മാസവും (2003 ഫെബ്രുവരി മുതൽ 2005 സെപ്റ്റംബർ വരെ) ജില്ലാ പഞ്ചായത്ത് പ്രസിഡന്റായി പ്രവർത്തിക്കാനും അവസരം ലഭിച്ചു.

2005 ൽ നടന്ന തെരഞ്ഞെടുപ്പിൽ വീണ്ടും മത്സരിക്കാൻ പാർട്ടി നിർദ്ദേശിച്ചു. ആദ്യ അവസരത്തിൽ എല്ലാവരുടെയും സഹകരണത്തോടെ നടത്തിയ ജനക്ഷേമപ്രവർത്തനങ്ങളുടെ ഫലം കൊണ്ടാവണം രണ്ടാം തവണ മികച്ച ഭൂരിപക്ഷത്തോടെ വിജയിക്കാൻ കഴിഞ്ഞു. ആറ് മാസത്തിനുശേഷം 2006 ൽ നടന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ ദീർഘകാലമായി കൊട്ടാരക്കര നിയോജക മണ്ഡലത്തെ നിയമസഭയിൽ പ്രതിനിധീകരിച്ച ആർ. ബാലകൃഷ്ണപിള്ളക്കെതിരെ എന്നെ സ്ഥാനാർത്ഥിയായി പാർട്ടി നിശ്ചയിക്കുകയും തെരഞ്ഞെടുപ്പിൽ മികച്ച വിജയം നേടി ആദ്യമായി നിയമസഭാംഗമാവുകയും ചെയ്തു. നിയമസഭാംഗം എന്ന നിലയിൽ ബാലാരിഷ്ടതകൾ ഏറെയുണ്ടായെങ്കിലും ജില്ലാ പഞ്ചായത്തിൽ പ്രവർത്തിച്ചതിന്റെ അനുഭവങ്ങൾ എനിക്ക് ഏറെ മുതൽക്കൂട്ടായി. ആർ. ബാലകൃഷ്ണപിള്ള സാറിനൊപ്പം വരില്ലെന്നും ഇത് ജില്ലാ പഞ്ചായത്തല്ലായെന്നും തുടക്കത്തിൽ ചിലർ പറയുകയുണ്ടായി. ഒരു സ്ത്രീ എന്ന നിലയിൽ പ്രവർത്തിക്കാൻ പരിമിതികൾ ഉണ്ടാകുമെന്നും കൂടുതൽ കാര്യങ്ങൾ ചെയ്യാനാകില്ലെന്നുമായിരുന്നു മറ്റ് ചിലരുടെ അഭിപ്രായം. രാഷ്ട്രീയമായി എതിർത്തിരുന്ന ചിലർ പല പദ്ധതികളുടെ മുന്നോട്ടുപോക്കിനും ഒളിഞ്ഞും തെളിഞ്ഞും എതിർപ്പുകളും തടസ്സങ്ങളും ഉണ്ടാക്കിയിരുന്നു. അവയെ എല്ലാം അതിജീവിക്കാൻ കഴിഞ്ഞു.

മുതിർന്ന നിയമസഭാംഗങ്ങളുടെ സഭയിലെ ഇടപെടലുകൾ ശ്രദ്ധാപൂർവ്വം നിരീക്ഷിച്ചും അവരുമായി ആശയവിനിമയം നടത്തിയും ഏറെ കാര്യങ്ങൾ മനസിലാക്കാൻ ശ്രമിച്ചു. ഒപ്പം ഞങ്ങളുടെ പാർട്ടിയുടെ പാർലമെന്ററി പാർട്ടി ഓഫീസിൽ നിന്നും നല്ല സഹായവും പിന്തുണയുമാണ് കിട്ടിയിരുന്നത്. ആദ്യ നിയമസഭാസമ്മേളനത്തിൽ തന്നെ സഭയിൽ പ്രസംഗിക്കാൻ അവസരം ലഭിച്ചു എന്നത് ഞാൻ എന്നും ഓർക്കുന്ന കാര്യമാണ്. മുതിർന്ന നിയമസഭാംഗവും കൊല്ലം ജില്ലയിൽ നിന്നുള്ള പാർട്ടി സംസ്ഥാനകമ്മിറ്റി അംഗവുമായിരുന്ന ബി. രാഘവന് അനുവദിച്ച പത്ത് മിനിട്ട് സമയം അദ്ദേഹം എനിക്ക് മാറ്റി നൽകുകയും എന്നോട് പ്രസംഗിക്കാൻ ആവശ്യപ്പെടുകയുമായിരുന്നു. എന്നെ നിയമസഭയിലേക്ക് തെരഞ്ഞെടുത്തവരുടെ ആവശ്യങ്ങൾ ആദ്യമായി സഭയിൽ അവതരിപ്പിക്കാൻ ലഭിച്ച അവസരം ആവേശകരമായിരുന്നു.

സ്ഥാനാർത്ഥിയായി മത്സരിക്കാൻ എത്തിയപ്പോൾ തന്നെ മണ്ഡലത്തിൽ നിരവധി പ്രശ്നങ്ങൾ പരിഹരിക്കേണ്ടതായി ഉണ്ടെന്ന് ജനങ്ങളും പാർട്ടിയും ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. അതെല്ലാം പ്രത്യേകമായി അക്കമിട്ട് വച്ചിരുന്നു. കൊട്ടാരക്കരയിൽ വിവിധ സ്ഥലങ്ങളിലായി വാടക കെട്ടിടങ്ങളിൽ പ്രവർത്തിച്ചിരുന്ന സർക്കാർ ഓഫീസുകൾ ഒറ്റക്കെട്ടിടത്തിലാക്കാൻ ഒരു സിവിൽ സ്റ്റേഷൻ വേണമെന്നുള്ളത് ജനങ്ങളുടെ ദീർഘനാളത്തെ ആവശ്യമായിരുന്നു. അതുപോലെ ഒരു ഫയർ സ്റ്റേഷൻ, കോടതിക്ക് കെട്ടിടസമുച്ചയം, കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റ് വികസനം, റോഡുകളുടെ നവീകരണം, സ്കൂളുകൾക്ക് നല്ല കെട്ടിട സൗകര്യങ്ങൾ, താലൂക്ക് ആശുപത്രി ഉൾപ്പെടെയുള്ള ആശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനം, കുടിവെള്ള പ്രശ്നങ്ങൾ, പോലീസ് സ്റ്റേഷനിലെ പരിമിതികൾ തുടങ്ങി നിരവധി കാര്യങ്ങൾ ചെയ്യേണ്ടതായിട്ടുണ്ടായിരുന്നു. ഇവയെല്ലാം പരിഹരിക്കാൻ എവിടെയൊക്കെ ഇടപെടണമെന്ന് മനസിലാക്കുകയാണ് ആദ്യം ചെയ്തത്. സീനിയറായിരുന്ന പല അംഗങ്ങളോടും മന്ത്രിമാരോടും അവരുടെ സ്റ്റാഫംഗങ്ങളോടും അതാതുവകുപ്പ് ഉദ്യോഗസ്ഥരോടും ബന്ധപ്പെട്ടാണ് കാര്യങ്ങൾ മനസിലാക്കിയെടുത്തത്. നിയമസഭാംഗമായിരുന്ന കാലയളവിൽ നിയമസഭയ്ക്ക് അകത്തു നിന്നും പുറത്തു നിന്നും ധാരാളം കാര്യങ്ങൾ മനസ്സിലാക്കാൻ കഴിഞ്ഞു. നിയമസഭയ്ക്കകത്ത് ശത്രുക്കളെപ്പോലെ ചിലവിഷയങ്ങളിൽ ഭരണപക്ഷവും പ്രതിപക്ഷവും പോരടിക്കുമെങ്കിലും വ്യക്തിപരമായി എല്ലാവരും നല്ല സുഹൃത്തുക്കളാണ്. ജനങ്ങൾക്ക് വേണ്ടിയുള്ള വിവിധ നിയമങ്ങൾ സഭയിൽ അവതരിപ്പിക്കുമ്പോൾ രണ്ടു ഭാഗത്ത് നിന്നും ഗൗരവതരമായ ചർച്ചകൾ നടക്കാറുള്ളത് നിയമങ്ങളെ കൂടുതൽ സംപുഷ്ടമാക്കുന്നു. ആയത് വളരെ രസകരമായ അനുഭവവുമാണ്. പലവിഷയങ്ങളെയും രാഷ്ട്രീയമായി എതിർക്കുമ്പോഴും അതുമായി ബന്ധപ്പെട്ട വിഷയനിർണ്ണയ സമിതികളിൽ രാഷ്ട്രീയം മാറ്റി വച്ച് ക്രിയാത്മകമായി ഇടപെട്ട് അംഗങ്ങൾ നല്ല നിർദ്ദേശങ്ങൾ മുന്നോട്ട് വയ്ക്കുന്നതും കൂട്ടായി ചർച്ച ചെയ്യുന്നതും എല്ലാം നല്ല അനുഭവങ്ങളാണ്.

നിയമസഭയുടെ വിഷയനിർണ്ണയ സമിതികളായ ആരോഗ്യവും വിദ്യാഭ്യാസവും സമിതിയിലും തദ്ദേശ സ്വയംഭരണ സമിതിയിലും അംഗമായി പ്രവർത്തിക്കാൻ എനിക്ക് അവസരം ലഭിച്ചു. നിരവധി വിഷയങ്ങളിൽ ഇടപെടാനും പ്രശ്നങ്ങൾ സമിതിയുടെ പരിഗണനയിൽ എത്തിക്കാനും സാധിച്ചിട്ടുണ്ട്. അതുപോലെ തന്നെയാണ് നിയമസഭാ ക്ഷേമസമിതികളുടെ പ്രവർത്തനവും. ക്ഷേമസമിതികളിലൂടെ അതാതു മേഖലയിലുള്ളവരുടെ നിരവധി പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരാനും അതുവഴി പ്രശ്ന പരിഹാരത്തിനും കഴിഞ്ഞിട്ടുണ്ട്.

സ്ത്രീകളുടെയും കുട്ടികളുടെയും ട്രാൻസ്ജന്റുകളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതിയിൽ എനിക്ക് ഒന്നാം ടേമിലും മൂന്നാം ടേമിലും പ്രവർത്തിക്കാൻ സാധിച്ചിട്ടുണ്ട്. അതിൽ 2016 മുതൽ 2021 വരെ സമിതി അദ്ധ്യക്ഷയായിരുന്നു. ദീർഘവർഷങ്ങളായി കെ.ഐ.പി. കനാലിനുവേണ്ടി സ്ഥലവും വീടുമെല്ലാം നഷ്ടപ്പെട്ട കൊട്ടാരക്കര മണ്ഡലത്തിലെ മൈലം പഞ്ചായത്തിലുള്ള കല്യാണികുട്ടിയമ്മയുടെ പ്രശ്നം പരിഹരിച്ച് കൊടുക്കുവാൻ കഴിഞ്ഞതും, ഉയർന്ന പോലീസ് ഉദ്യോഗസ്ഥരുടെ വിവേചന നടപടികൾ മൂലം ഒരു വനിത ഹെഡ് കോൺസ്റ്റബിളിന് നിഷേധിച്ച അർഹമായ ആനുകൂല്യങ്ങൾ നേടിക്കൊടുക്കാൻ കഴിഞ്ഞതും കമ്മിറ്റിയുടെ പരിധിയിൽ വന്ന നിരവധി പ്രശ്നങ്ങൾ കമ്മിറ്റിയുടെ കൂട്ടായ ഇടപെടലിലൂടെ പരിഹരിക്കാൻ കഴിഞ്ഞതും വളരെ സന്തോഷകരമായ അനുഭവങ്ങളാണ്. നല്ല കഴിവുള്ള അംഗങ്ങളും ഉദ്യോഗസ്ഥരും ചേർന്ന ശക്തമായ കൂട്ടായ്മ അവിടെ ഉണ്ടായിരുന്നു. ഇക്കാലയളവിൽ ഭിക്ഷാടനം ഇല്ലാതാക്കൽ, അനാഥരുടെ പ്രശ്നങ്ങൾ, ട്രാൻസ്ജെന്റർ സമൂഹം നേരിടുന്ന പ്രശ്നങ്ങൾ, എന്റോസൾഫാൻ ദുരിതബാധിതരുടെ പ്രശ്നങ്ങൾ, ഐ.റ്റി. മേഖലയിലെ സ്ത്രീകൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ, അംഗപരിമിതരുടെ വിഷയങ്ങൾ തുടങ്ങിയ പല മേഖലകളിലെ വിഷയങ്ങൾ പ്രത്യേകമായി പഠിക്കാനും സർക്കാരിലേക്ക് ശിപാർശകൾ നല്കാനും ഞങ്ങൾക്ക് സാധിച്ചു. ഇരുപത് ശിപാർശകളാണ് ഇത്തരത്തിൽ പ്രധാനമായി നൽകിയത്.

കൊട്ടാരക്കര മണ്ഡലത്തിൽ നിയമസഭാംഗമായശേഷം കോടതി സമുച്ചയം, ഫയർ സ്റ്റേഷൻ, കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റ് നവീകരണം, താലൂക്ക് ആശുപത്രി ഉൾപ്പെടെയുള്ള ആശുപത്രികളിൽ ചികിത്സാ സൗകര്യങ്ങളും ഭൗതിക സാഹചര്യങ്ങളും മെച്ചപ്പെടുത്തൽ, മാതൃകാ സിവിൽസ്റ്റേഷൻ, റോഡുകളുടെ നവീകരണം, നിരവധി ചെറുതും വലുതുമായ പാലങ്ങൾ, കുടിവെള്ള പദ്ധതികൾ, സ്കൂളുകൾക്ക് പുതിയ കെട്ടിടങ്ങൾ, മുട്ടറ മരുതിമല, മീൻപിടിപ്പാറ, പൊങ്ങൻപാറ ടൂറിസം പദ്ധതികൾ, അന്താരാഷ്ട്ര നിലവാരത്തിലുള്ള തൊഴിൽ നൈപുണ്യ കേന്ദ്രം, കരിയർ ഡവലപ്മെന്റ് സെന്റർ, കാർഷിക മേഖലയിലെ മുന്നേറ്റം, സമ്പൂർണ വൈദ്യുതീകരണം, റൂറൽ എസ്.പി. ഓഫീസ്, കെ.എസ്.ആർ.ടി.സി. വ്യാപാര സമുച്ചയം, പോലീസ് കമാന്റിംഗ് സെന്റർ, തുടങ്ങി നിരവധി കേന്ദ്രങ്ങൾ എല്ലാവരുടെയും കൂട്ടായ്മയോടുകൂടി ചെയ്തു തീർക്കാൻ കഴിഞ്ഞു എന്നതിൽ ചാരിതാർത്ഥ്യമുണ്ട്. മൂന്ന് ടേമുകളിലായി പതിനായിരത്തിലധികം നിർദ്ധനരായ രോഗികൾക്ക് സർക്കാരിൽ നിന്നും ചികിത്സാസഹായം അനുവദിപ്പിച്ച് കൊടുക്കാനും കഴിഞ്ഞു.

ശേഷം 15-ാം പേജിൽ

**നിയമസഭാ പ്രസംഗത്തിലൂടെ** ..........തുടർച്ച

സാധിക്കും. വെള്ളൂർ ന്യൂസ് പ്രിന്റ് ഫാക്ടറിക്ക് വേണ്ടി 120 കോടി രൂപ മുടക്കിയിട്ടുണ്ട്. അതിന്റെ കൂടെ 10 കോടി രൂപ കൂടി ചെലവഴിച്ച് ആളുകൾക്ക് മാനേജീരിയൽ ട്രെയിനിംഗ് കൊടുക്കുകയാണെങ്കിൽ അയ്യായിരം പേർക്ക് തൊഴിൽ അവസരം നൽകുവാൻ സാധിക്കും. അതിനെക്കുറിച്ച് ഗവൺമെന്റ് പരിഗണിക്കണം.

മറ്റൊരു കാര്യം പറയാനുള്ളത് നമ്മുടെ സംസ്ഥാനത്തെ ഹൗസിംഗ് ബോർഡിനെക്കുറിച്ചാണ്. നമ്മുടെ ഗവൺമെന്റ് 40 കോടിയോളം രൂപ ചെലവഴിച്ച് ഉണ്ടാക്കിയിട്ടുള്ള ഒരു ബൃഹത്തായ പരിപാടിയാണിത്. പതിമൂന്ന് ലക്ഷം വീടുകൾ ഇനിയും ആവശ്യമുണ്ട്. പത്തു ലക്ഷത്തോളം വീടുകൾ 4200 രൂപയ്ക്ക് താഴെ വരുമാനമുള്ളവർക്ക് വേണ്ടിയാണ്. അതിന് ബഹുമാനപ്പെട്ട മന്ത്രി അഭിമാനം അർഹിക്കുന്നുണ്ട്. ഹഡ്കോയിൽ നിന്നും നമുക്ക് ലോണായി കിട്ടിക്കൊണ്ടിരുന്നത് 3.45 കോടി രൂപയാണ്. പതിനാറാമത് സ്ഥാനമാണ് കേരളത്തിന് ഉണ്ടായിരുന്നത്. 30-4-1978 ൽ ലഭിച്ചിരുന്ന കണക്കനുസരിച്ച് 15.14 കോടി രൂപയാണ് ഹഡ്കോയിൽ നിന്നും വായ്പ കിട്ടിയിരിക്കുന്നത്. ജനസംഖ്യാടിസ്ഥാനത്തിലാണ് ഹഡ്കോ വായ്പ അനുവദിക്കുന്നത്. ആ നിലയ്ക്ക് കൂടുതൽ ലോൺ വാങ്ങുവാൻ ഗവൺമെന്റ് തയ്യാറാകണം.

നമ്മുടെ സംസ്ഥാനത്ത് ഭൂപരിഷ്ക്കരണ നിയമം നടപ്പിലാക്കിയതിന്റെ ഫലമായി ഭവനരഹിതരായ ആളുകളുണ്ട്. അവർക്ക് ഭവനം നിർമ്മിച്ചു കൊടുക്കുവാനുള്ള അവസരം ഉണ്ടാക്കണം. ഇക്കണോമിക്കലി വീക്കർ സെക്ഷനിലുള്ളവർക്ക് 3200 രൂപ വീതം ചെലവഴിച്ച് വീട് വച്ചു കൊടുക്കുന്ന ഒരു സ്കീം ഉണ്ട്. അതു ഗഡുക്കളായിട്ടാണ് തിരിച്ചടയ്ക്കുന്നത്. ഒരു ഗഡുവിൽ 200 രൂപയാണ് കൊടുക്കേണ്ടതെങ്കിൽ അത് 100 രൂപയായി കുറയ്ക്കണം. അതുപോലെ തന്നെ ഹഡ്കോ കൊടുക്കുന്ന വായ്പ ഉണ്ട്. അതിന്റെ തിരിച്ചടയ്ക്കുന്ന പെർസെന്റേജ് കുറയ്ക്കണം. അങ്ങനെയാണെങ്കിൽ പാവങ്ങൾക്കും ഹരിജനങ്ങൾക്കും കൂടി അതിൽ പങ്കാളികളാകുവാൻ കഴിയും. അതായത് 250 രൂപ എന്നുള്ളത് ഒരു ഗഡുവിൽ 100 രൂപ എന്നാക്കി കുറയ്ക്കുവാൻ സാധിച്ചാൽ അതിനകത്ത് ഹരിജനങ്ങളും മറ്റാളുകളും പങ്കാളികളാകും. ഈ കാര്യത്തിൽ ഗവൺമെന്റ് സത്വരശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്.

ഈ സംസ്ഥാനത്ത് ലക്ഷംവീട് പദ്ധതി നടപ്പിലാക്കി. എന്നാൽ അതിന്റെ മെയിന്റനൻസിനുവേണ്ടി ഗവൺമെന്റ് യാതൊന്നും ചെലവാക്കുന്നില്ലായെന്നാണ് മനസ്സിലാക്കുവാൻ സാധിക്കുന്നത്. ജയിലുകളിൽ പരിഷ്കരണം ആവശ്യമാണ്. ജയിലുകളിൽ കഴിയുന്ന ആളുകളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുവാൻ ഗവൺമെന്റ് സജീവമായി പ്രവർത്തിക്കണം. 220 ഗ്രാം അരിയും 290 ഗ്രാം ഗോതമ്പുമാണ് ഇന്ന് ജയിലിൽ കഴിയുന്ന ആളൊന്നുക്ക് കൊടുക്കുന്നത്. അരിയുടെ തോത് വർദ്ധിപ്പിക്കുകയാണെങ്കിൽ ഗോതമ്പിന്റെ തോത് കുറയ്ക്കുവാൻ കഴിയും. രാജസ്ഥാനിൽ ഓപ്പൺ ജയിൽ ഏർപ്പെടുത്തിയിട്ടുണ്ട്. അതുപോലെ കുറെ ഏക്കർ സ്ഥലം എടുത്ത് കുടിലുകൾ കെട്ടി ലൈഫ് ഇംപ്രിസൺമെന്റ് ആളുകളെ അതിൽ പാർപ്പിക്കണം. എന്തെങ്കിലും ചെറിയ കാരണങ്ങൾ കൊണ്ട് കുടുംബജീവിതം താറുമാറായിപ്പോയവർ ഉണ്ടാകാം. അതുകൊണ്ട് ലിബറൽ ആയിട്ട് പരോൾ അനുവദിക്കുവാൻ തയ്യാറാകണം. നമ്മുടെ സംസ്ഥാനത്ത് ഓപ്പൺ ജയിൽ ഉണ്ടാവുകയാണെങ്കിൽ അതുകൊണ്ട് തീർച്ചയായും വളരെയേറെ പ്രയോജനമുണ്ടാകും. ഈ രീതിയിലുള്ള മാറ്റങ്ങൾക്ക് വേണ്ടി ഗവൺമെന്റ് തയ്യാറാകണമെന്ന് പറഞ്ഞു കൊണ്ടും ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങിക്കൊണ്ടും ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.'

### റ്റി.എം. ജേക്കബ്

1950 സെപ്റ്റംബർ 16 ന് എറണാകുളം ജില്ലയിലെ തിരുമാറാടിയിലാണ് റ്റി.എം.ജേക്കബിന്റെ ജനനം. വിദ്യാർത്ഥി പ്രസ്ഥാനത്തിലൂടെ സജീവ രാഷ്ട്രീയത്തിൽ പ്രവേശിച്ച് കേരളത്തിലെ പ്രഗൽഭനായ നിയമസഭാ സാമാജികനും മന്ത്രിയുമായി തീർന്ന വ്യക്തിയാണ് അദ്ദേഹം. 1977 ൽ പിറവം മണ്ഡലത്തിൽ നിന്നാണ് ആദ്യമായി നിയമസഭയിലെത്തുന്നത്. 1991, 1996, 2001 പൊതുതെരഞ്ഞെടുപ്പുകളിൽ പിറവം മണ്ഡലത്തേയും 1980, 1982, 1987 വർഷങ്ങളിൽ കോതമംഗലം മണ്ഡലത്തേയും പ്രതിനിധീകരിച്ച് നിയമസഭാംഗമായി. 1982 മെയ് 24 മുതൽ 1987 മാർച്ച് 25 വരെ വിദ്യാഭ്യാസ വകുപ്പ് മന്ത്രിയായും 1991 ജൂൺ 29 മുതൽ 1995 മാർച്ച് 16 വരെയും 1995 മാർച്ച് 22 മുതൽ 1996 മെയ് 9 വരെയും ജലസേചനവും സാംസ്കാരികവും വകുപ്പ് മന്ത്രിയായും 2001 മെയ് 17 മുതൽ 2004 ആഗസ്റ്റ് 29 വരെ ജലവിഭവ വകുപ്പ് മന്ത്രിയായും 2011 മെയ് 18 മുതൽ 2011 ഒക്ടോബർ 30 വരെ ഭക്ഷ്യ പൊതുവിതരണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രിയായും പ്രവർത്തിച്ചു. കേരള കോൺഗ്രസ് ജനറൽ സെക്രട്ടറി, കേരള കോൺഗ്രസ്(ജെ) ഉപനേതാവ്, കേരള കോൺഗ്രസ് (ജേക്കബ്) കക്ഷിയുടെ നേതാവ്, കേരള സർവ്വകലാശാല അക്കാദമിക് കൗൺസിലിലെ നിയമ വിഭാഗത്തിൽ നിന്നുള്ള തെരഞ്ഞെടുക്കപ്പെട്ട അംഗം, സിയാൽ ഡയറക്ടർ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. 'എന്റെ ചൈന പര്യടനം', 'സെലക്റ്റഡ് സ്പീച്ചസ് ഓഫ് റ്റി.എം.ജേക്കബ്' എന്നിവ അദ്ദേഹത്തിന്റെ പ്രസിദ്ധീകരണങ്ങളാണ്. മന്ത്രി പദവിയിലിരിക്കെ 2011 ഒക്ടോബർ 30 ന് അന്തരിച്ചു. മകൻ അനൂപ് ജേക്കബ് കേരള നിയമസഭാംഗമാണ്.

---

**മുൻ സാമാജികർ മനസ്സ് തുറക്കുന്നു........** .....തുടർച്ച

നിയമസഭാംഗം എന്ന നിലയിലെ അനുഭവങ്ങൾ പൂർണമായി വിവരിക്കണമെങ്കിൽ ഒരു പുസ്തകം തന്നെ എഴുതേണ്ടതായിട്ടുണ്ട്. വിരലിലെണ്ണാവുന്നതും പെട്ടെന്ന് ഓർമ്മയിൽ വന്നതുമായ കുറച്ചു കാര്യങ്ങൾ മാത്രമാണ് ഞാൻ ഇവിടെ പങ്കുവച്ചത്. പുതിയ അംഗങ്ങളോട് എനിക്ക് പറയാനുള്ളത് സമയം ഒട്ടും പാഴാക്കാതെ ഓരോ കാര്യങ്ങളും വേഗത്തിൽ നന്നായി പഠിച്ച് പൊതു കാര്യങ്ങളിൽ നന്നായി ഇടപെട്ട് നമ്മുടെ മണ്ഡലത്തിലെ പ്രശ്നങ്ങൾ ശ്രദ്ധയോടെ നോക്കിക്കണ്ട് പ്രവർത്തിക്കണമെന്നതാണ്. കൂടാതെ എപ്പോഴും ജനങ്ങളുമായി നല്ല ബന്ധം സ്ഥാപിക്കാൻ കഴിയണം. നമ്മെകാണാൻ വരുന്ന ഒരാളെയും വേദനിപ്പിക്കാതെ വിടുക എന്നത് നമ്മുടെ വിജയമാണ്. എല്ലാ കാര്യങ്ങളും ചെയ്തു കൊടുക്കുവാൻ കഴിയില്ലെങ്കിലും വരുന്നവർക്ക് ഒരാശ്വസം നൽകാൻ നമുക്ക് കഴിയണം. കിട്ടുന്ന അവസരങ്ങൾ ഉപയോഗപ്പെടുത്തി എല്ലാവരുടെയും സഹായത്തോടെ ഒട്ടേറെ കാര്യങ്ങൾ ചെയ്തു തീർക്കാൻ നമുക്ക് കഴിയും. മൂന്ന് മാസത്തിലൊരിക്കലെങ്കിലും വികസന പ്രവർത്തനങ്ങളുടെ അവലോകനം നടത്തി പ്രശ്നങ്ങളും തടസ്സങ്ങളുമുണ്ടെങ്കിൽ പരിഹരിച്ച് പ്രവർത്തനങ്ങൾ വേഗത്തിലാക്കണം. സത്യസന്ധതയും ആത്മാർത്ഥതയും പ്രതിബദ്ധതയും സമർപ്പണമനോഭാവവുമുള്ള സഹായികളെ തെരഞ്ഞെടുക്കുന്നതിലും പുതിയ എം.എൽ.എ.മാർ പ്രത്യേകം ശ്രദ്ധപുലർത്തേണ്ടതാണ്. എം.എൽ.എ. ഓഫീസിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിൽ ഇത്തരത്തിലുള്ള സഹായികൾ ഒരു മുതൽക്കൂട്ടാകും. നന്നായി പരിശ്രമിച്ചാൽ നാട് നന്നാക്കാനും രാഷ്ട്രീയ ഭേദമന്യേ ജനങ്ങളുടെ ഉറ്റ സുഹൃത്താകാനും നമുക്ക് കഴിയും എന്നതാണ് ജനപ്രതിനിധി എന്ന നിലയിൽ എന്റെ അനുഭവം.

### പി.അയിഷാ പോറ്റി

സി.പി.ഐ.(എം) പ്രതിനിധിയായി പന്ത്രണ്ട്, പതിമൂന്ന്, പതിനാല് കേരള നിയമസഭകളിൽ കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ നിന്നും കേരള നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. പതിമൂന്നാം കേരള നിയമസഭയിൽ ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII ൽ അംഗമായിരുന്ന പി. അയിഷാ പോറ്റി പതിനാലാം കേരള നിയമസഭയിൽ സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ അധ്യക്ഷയായിരുന്നു. ഇക്കാലഘട്ടത്തിൽ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX ൽ അംഗമായും പ്രവർത്തിച്ചു. കൊല്ലം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, അഖിലേന്ത്യാ ജനാധിപത്യ മഹിളാ അസോസിയേഷൻ സംസ്ഥാന കമ്മിറ്റി അംഗം, ഓൾ ഇന്ത്യാ ലോയേഴ്സ് യൂണിയൻ സംസ്ഥാന പ്രസിഡന്റ്, അംഗൻവാടി വർക്കേഴ്സ് ആന്റ് ഹെൽപ്പേഴ്സ് അസോസിയേഷൻ കൊല്ലം ജില്ലാ പ്രസിഡന്റ് എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്.

### വിജ്ഞാനപഥം

1. ഭരണഘടനയുടെ ഏത് അനുച്ഛേദ പ്രകാരമാണ് നിയമസഭ യോഗം ചേരുന്നത്?
   അനുച്ഛേദം 174(1)
2. സംസ്ഥാന ബജറ്റിൽ എത്ര ധനാഭ്യർത്ഥനകളാണ് ഉൾപ്പെടുന്നത്?
   46
3. നിയമസഭയിൽ ബജറ്റ് അവതരിപ്പിക്കാനുള്ള ദിവസം നിശ്ചയിക്കുന്നതാര്?
   ഗവർണർ
4. കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കും നിയമനിർമ്മാണം നടത്തുന്നതിന് ആധികാരികതയുള്ള വിഷയങ്ങൾ ഭരണഘടനയുടെ ഏത് ഭാഗത്ത് പരാമർശിച്ചിരിക്കുന്നു ?
   ഏഴാം ഷെഡ്യൂൾ
5. ഒരു സംസ്ഥാനത്തെ മന്ത്രിസഭയിൽ മുഖ്യമന്ത്രി ഉൾപ്പെടെയുള്ള മന്ത്രിമാരുടെ എണ്ണം സഭയിലെ ആകെ അംഗങ്ങളുടെ പതിനഞ്ച് ശതമാനത്തിൽ കവിയാൻ പാടില്ലെന്ന് വ്യവസ്ഥ ചെയ്യുന്ന ഭരണഘടനാ ഭേദഗതി ഏത്?
   2003 ലെ 91 ാം ഭരണഘടനാ ഭേദഗതി
6. നിയമസഭ നടപടിക്രമങ്ങളുടെ ഭാഗമായ ശ്രദ്ധക്ഷണിക്കൽ എന്ന് മുതലാണ് പാർലമെന്ററി നടപടിചട്ടങ്ങളുടെ ഭാഗമായത് ?
   1954 മുതൽ
7. കേരള നിയമസഭയിൽ ഏത് സമ്മേളനം മുതലാണ് ശ്രദ്ധ ക്ഷണിക്കലിനുള്ള ആദ്യ അവസരം ഭരണപക്ഷ അംഗത്തിന് ലഭിക്കുന്നത്?
   13 ാം കേരള നിയമസഭയുടെ ഏഴാം സമ്മേളനം മുതൽ
8. കേരള നിയമസഭയിൽ സാധാരണ അനൗദ്യോഗികാംഗങ്ങളുടെ കാര്യത്തിനായി നീക്കി വച്ചിട്ടുള്ളത് ഏത് ദിവസമാണ്?
   വെള്ളിയാഴ്ച
9. സ്പീക്കറെയോ ഡെപ്യൂട്ടി സ്പീക്കറെയോ നീക്കം ചെയ്യുന്നത് പരാമർശിക്കുന്ന ഭരണഘടനാ അനുച്ഛേദം ഏത്?
   അനുച്ഛേദം 179(സി)
10. സഭാ സമ്മേളനത്തിന്റെ തുടക്കത്തിൽ ചെയർമാൻമാരുടെ പാനലിലേക്ക് എത്ര പേരെയാണ് നാമനിർദ്ദേശം ചെയ്യുന്നത്?
   പരമാവധി 3 പേരെ (രണ്ട് പേർ ഭരണപക്ഷത്ത് നിന്നും ഒരാൾ പ്രതിപക്ഷത്ത് നിന്നും)






# കേരള നിയമസഭയുടെ ജനസൗഹൃദ നിയമങ്ങൾ

റ്റി. മനോഹരൻ നായർ
സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി

## 1960 ലെ കേരള ഗെയിമിംഗ് ആക്ട്

കേരള നിയമസഭ പാസ്സാക്കിയ ജനസൗഹൃദ നിയമങ്ങളെ അപഗ്രഥിക്കുമ്പോൾ സമൂഹത്തിന്റെ പൊതുവായ ഉന്നമനത്തിനും അഭിവൃദ്ധിക്കും വേണ്ടി നിർമിക്കപ്പെട്ട നിയമങ്ങളാണ് നമ്മുടെ ചിന്തയിൽ ആദ്യം വരിക. അപ്രകാരമുള്ള വെൽഫെയർ ലെജിസ്ലേഷനുകളിൽ ചില പ്രത്യേക നിയമങ്ങൾ പൊതുസമൂഹത്തെ തെറ്റായ ദിശയിലേക്ക് നയിക്കുന്ന പ്രവണതകളെ വിലക്കുകയോ തടയുകയോ ചെയ്യുന്നവയാണ്. അവയും ജനസൗഹൃദ നിയമങ്ങൾ എന്ന വിഭാഗത്തിൽത്തന്നെ ഉൾപ്പെടുത്തേണ്ടവയാണ്. അപ്രകാരമുള്ള ഒരു നിയമമാണ് 1960 സെപ്റ്റംബർ 15ാം തീയതി കേരള നിയമസഭ പാസ്സാക്കിയ '1960ലെ കേരള ഗെയിമിംഗ് ആക്ട്'.

പൊതുസ്ഥലങ്ങളിൽ ചൂതാട്ടകേന്ദ്രം നടത്തുന്നതായും ചൂതുകളി സംഘടിപ്പിക്കുന്നതായുമുള്ള കുറ്റകൃത്യങ്ങളിന്മേൽ ശിക്ഷ വിധിക്കുന്നത് സംബന്ധിച്ച് തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നീ പ്രദേശങ്ങളിൽ വ്യത്യസ്തങ്ങളായ നിയമങ്ങളാണ് നിലവിലുണ്ടായിരുന്നത്. എന്നാൽ കേരള സംസ്ഥാന രൂപീകരണത്തെ തുടർന്ന് സംസ്ഥാനത്താകെ ബാധകമാവുന്ന തരത്തിൽ കൂടുതൽ ശക്തമായ ഒരു ഏകീകൃത നിയമം നിർമിക്കുക എന്ന ഉദ്ദേശത്തോടുകൂടി പ്രസ്തുത നിയമങ്ങളിലെ പ്രസക്തമായ വകുപ്പുകളെ സ്വാംശീകരിച്ച് നിർമിച്ചതാണ് ഈ നിയമം. ഇതിൽ 20 വകുപ്പുകളാണ് പ്രധാനമായും ഉൾക്കൊള്ളുന്നത്. നിയമത്തിലെ വ്യവസ്ഥ പ്രകാരം കാർഡുകൾ, പകിടകൾ, മേശകൾ മുതലായവയോ ചൂതുകളിക്ക് ഉപയോഗിക്കുന്ന മറ്റ് ഉപകരണങ്ങളോ സൂക്ഷിക്കുകയോ ലാഭമുണ്ടാക്കുക എന്ന ഉദ്ദേശത്തോടുകൂടി ഉപയോഗിക്കുകയോ ചെയ്യുന്ന കെട്ടിടങ്ങൾ, മുറികൾ, തമ്പുകൾ, വളപ്പുകൾ, വാഹനങ്ങൾ, ഉരുക്കൾ അല്ലെങ്കിൽ ഏതെങ്കിലുമൊരു സ്ഥലം എന്നിവയെ പൊതുവായ ചൂതുകളി കേന്ദ്രമായി കണക്കാക്കപ്പെടുന്നതാണ്.

ഈ നിയമത്തിലെ 'ചൂതാട്ടം' എന്ന നിർവചനത്തിൽ ലോട്ടറി ഉൾപ്പെടുന്നതല്ല; എന്നാൽ പണയം വയ്ക്കലോ വാതുവയ്ക്കലോ ചൂതാട്ടമായി കണക്കാക്കപ്പെടുന്നതാണ്. കുതിരപ്പന്തയം, സ്വർണ്ണം, വെള്ളി എന്നിവയുടെ കമ്പോളവില, കടപ്പത്രം, ഓഹരി എന്നിവയുടെ കമ്പോള നിലവാരം, പൊതുസ്ഥലങ്ങളിൽ കാണുന്ന വാഹനങ്ങളുടെ രജിസ്ട്രേഷൻ നമ്പർ തുടങ്ങിയ ഏതെങ്കിലും കാര്യങ്ങളിൽ പന്തയത്തിലോ വാതുവയ്പിലോ ഏർപ്പെടുകയോ അതിലൂടെ സമ്മാനമായി പണമോ മറ്റ് സാധനങ്ങളോ സ്വീകരിക്കുകയോ ചെയ്യുന്നതും അത്തരം പ്രവർത്തനങ്ങൾക്ക് സ്വന്തം കെട്ടിടം ഉപയോഗിക്കുകയോ അതുമല്ലെങ്കിൽ മേൽപ്പറഞ്ഞ ഏതെങ്കിലും ചൂതാട്ട കേന്ദ്രത്തിന്റെ മേൽനോട്ടം നിർവഹിക്കുകയോ അതിനായി പണം കടമായോ അല്ലാതെയോ നൽകുകയോ ചെയ്താൽ ആ വ്യക്തി ഒരു വർഷം വരെയുള്ള കാലത്തെ തടവിനോ ആയിരം രൂപ വരെയുള്ള പിഴയ്ക്കോ അല്ലെങ്കിൽ രണ്ടും കൂടിയോ ആയ ശിക്ഷയ്ക്ക് അർഹനാണെന്ന് നിയമത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു.

ഈ നിയമപ്രകാരം ചുമത്തപ്പെട്ട പിഴ, ചൂതാട്ട കേന്ദ്രങ്ങളിൽനിന്നും പിടിച്ചെടുക്കപ്പെടുന്ന പണം, നിയമപ്രകാരം ജപ്തി ചെയ്യാനായി വിധിക്കപ്പെട്ട സാധനങ്ങൾ വിറ്റുകിട്ടുന്ന തുക എന്നിവയുടെ പകുതിയിൽ കുറയാത്ത ഭാഗം, കുറ്റകൃത്യം സംബന്ധിച്ച അറിയിപ്പ് കൊടുത്ത ആളുകൾക്കോ കുറ്റവാളിയെ കണ്ടുപിടിക്കാനായി സഹായിച്ച പോലീസ് ഉദ്യോഗസ്ഥനോ നൽകാൻ മജിസ്ട്രേറ്റിന് അധികാരമുണ്ട്. അതോടൊപ്പം ഈ നിയമപ്രകാരമുള്ള കുറ്റം ചെയ്തതായി കണ്ടാൽ പോലീസ് സബ് ഇൻസ്പെക്ടറുടെ റാങ്കിൽ കുറയാത്ത ഒരു പോലീസ് ഉദ്യോഗസ്ഥന് വാറണ്ട് കൂടാതെ തന്നെ ഏതൊരാളേയും അറസ്റ്റ് ചെയ്യാവുന്നതുമാണ്.

1960 ജൂൺ 22ാം തീയതി അന്നത്തെ ആഭ്യന്തര വകുപ്പുമന്ത്രി പി.ടി. ചാക്കോയാണ് ഇതുസംബന്ധിച്ച ബിൽ സഭയിൽ അവതരിപ്പിച്ചത്. തുടർന്ന് അന്നുതന്നെ ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയാണുണ്ടായത്. സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബിൽ 1960 സെപ്റ്റംബർ 15ാം തീയതി പരിഗണനയ്ക്ക് എടുക്കുകയും അന്നേദിവസം സഭ പാസ്സാക്കുകയും 1960 ഒക്ടോബർ 7ാം തീയതി ബില്ലിന് ഗവർണറുടെ അനുമതി ലഭിക്കുകയും ചെയ്തു. തുടർന്ന് 1973 ലും 2005 ലും ഈ നിയമത്തിൽ രണ്ടു പ്രാവശ്യം നിയമസഭ ഭേദഗതികൾ വരുത്തുകയുണ്ടായി.

1960 ലെ മൂലനിയമപ്രകാരം വൈദഗ്ദ്ധ്യത്തെ മാത്രം അടിസ്ഥാനപ്പെടുത്തിയുള്ള കളികളെ നിയമത്തിന്റെ പരിധിയിൽനിന്നും ഒഴിവാക്കുകയും ചാൻസിനെ അഥവാ ഭാഗ്യത്തെ അടിസ്ഥാനമാക്കിയുള്ള കളികളെ നിരോധിക്കുകയും ചെയ്തിരുന്നു. എന്നാൽ എല്ലാ കളികളിലും ഭാഗ്യത്തിന്റെ അംശം ഉൾപ്പെടുമെന്നതിനാൽ കളികളെ ചാൻസിനെ അടിസ്ഥാനമാക്കിയുള്ളത് അല്ലെങ്കിൽ വൈദഗ്ദ്ധ്യത്തെ അടിസ്ഥാനമാക്കിയുള്ളത് എന്നിങ്ങനെ വേർതിരിക്കുക ദുഷ്കരമാണെന്നും ആയതിനാൽ വൈദഗ്ദ്ധ്യത്തിനു മുൻതൂക്കമുള്ള കളികൾ നിർണ്ണയിച്ച് അവയെ ഈ നിയമത്തിന്റെ പരിധിയിൽനിന്നും ഒഴിവാക്കാൻ സർക്കാരിന് അധികാരം നൽകുന്ന വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിനായിട്ടാണ് 1973 ൽ മൂലനിയമം ഭേദഗതി ചെയ്തത്. അതോടൊപ്പം പൊതുസ്ഥലത്ത് കളികളിൽ ഏർപ്പെടുന്നവർക്ക് നിശ്ചയിച്ചിരുന്ന ശിക്ഷയും ഗെയിമിംഗ് ഹൗസുകളിൽ വച്ചു നടത്തുന്ന കളികളിൽ ഏർപ്പെടുന്നവർക്ക് നിശ്ചയിച്ചിരുന്ന ശിക്ഷയും വ്യത്യസ്തങ്ങളായിരുന്നു. അത് ഏകീകരിക്കുവാനും ഭേദഗതി കൊണ്ടുവന്നു. അതോടൊപ്പം ഏതെങ്കിലും ഒരു കളിയിൽ ഭാഗ്യത്തെക്കാൾ വൈദഗ്ദ്ധ്യത്തിനാണ് മുൻതൂക്കം എന്ന് വ്യക്തമായ ധാരണ ഉണ്ടെങ്കിൽ സർക്കാരിന് ഗസറ്റ് വിജ്ഞാപനത്തിലൂടെ അത്തരം കളികളെ, നിയന്ത്രണങ്ങൾക്കു വിധേയമായി, ഈ നിയമത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കാവുന്നതാണ് എന്ന വ്യവസ്ഥയും 1973 ലെ ഭേദഗതിയിലൂടെ മൂലനിയമത്തിൽ കൂട്ടിച്ചേർക്കപ്പെട്ടു.

കെ. കരുണാകരൻ ആഭ്യന്തര വകുപ്പുമന്ത്രിയായിരിക്കേ 1973 ജൂൺ 15 ാം തീയതി സഭയിൽ അവതരിപ്പിക്കപ്പെട്ട ഭേദഗതി ബിൽ 1973 ജൂലൈ 6 ാം തീയതിയാണ് സഭ പാസ്സാക്കിയത്. ആഗസ്റ്റ് 21 ാം തീയതി ബില്ലിന് ഗവർണ്ണറുടെ അനുമതിയും ലഭിച്ചു. തുടർന്ന് വക്കം പുരുഷോത്തമൻ ധനകാര്യവും എക്സൈസും വകുപ്പുമന്ത്രിയായിരിക്കെ 2005 ൽ മൂലനിയമം വീണ്ടും ഭേദഗതിക്ക് വിധേയമാവുകയുണ്ടായി. വിവര സാങ്കേതിക രംഗത്തെ പുരോഗതി ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള അത്യന്താധുനിക ഇലക്ട്രോണിക്സ് ഉപകരണങ്ങൾ വഴി ഓൺലൈൻ ലോട്ടറികൾ എന്ന പേരിൽ ഭാഗ്യപരീക്ഷണങ്ങളുടേയും ഊഹാപോഹങ്ങളുടേയും രൂപത്തിലുള്ള ചൂതുകളിയുടെ നടത്തിപ്പിലും പ്രോത്സാഹനത്തിലും വിപണനത്തിലും ചില വ്യക്തികളും സ്ഥാപനങ്ങളും ഏജൻസികളും കമ്പനികളും വ്യാപൃതരായിട്ടുണ്ടെന്നും ഓൺലൈൻ ലോട്ടറി മുഖേനയുള്ള ചൂതുകളി, താഴ്ന്ന വരുമാനക്കാരെ ദാരിദ്ര്യത്തിലാഴ്ത്തിയിട്ടുണ്ടെന്നും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഈ പ്രവണത അവസാനിപ്പിച്ച് പാവപ്പെട്ട ജനങ്ങളെ സംരക്ഷിക്കുക എന്ന ഉദ്ദേശത്തോടുകൂടിയായിരുന്നു ഭേദഗതി.

പുതിയ ഭേദഗതികൾ പ്രകാരം ഓൺലൈൻ ലോട്ടറി ഇടപാടുകൾ സ്വീകരിക്കുകയും പ്രോസസ് ചെയ്യുകയോ സംഭരിക്കുകയോ നിയന്ത്രിക്കുകയോ ചെയ്യുന്ന കേന്ദ്ര സ്ഥാനത്തുള്ള സെൻട്രൽ കംപ്യൂട്ടർ സെർവറിനെ ഈ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരികയും ചൂതാട്ടത്തിന്റെ നിർവചനത്തിൽ പെടുത്തുകയും ചെയ്തു. എന്നാൽ സംസ്ഥാന സർക്കാരോ കേന്ദ്ര സർക്കാരോ സംഘടിപ്പിക്കുന്ന ലോട്ടറികളെ ഇതിൽനിന്നും ഒഴിവാക്കുകയും ചെയ്തു. അതോടൊപ്പം ഓൺലൈൻ ലോട്ടറിയുമായി ബന്ധപ്പെട്ട കുറ്റത്തിന് മൂന്നുവർഷം വരെ ആകാവുന്ന തടവോ അല്ലെങ്കിൽ അൻപതിനായിരം രൂപ വരെ ആകാവുന്ന പിഴയോ അതുമല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടുന്നതിനും പ്രസ്തുത കുറ്റങ്ങൾ കൊഗ്നൈസബിളും ജാമ്യം ലഭിക്കാത്തതും ആയി കണക്കാക്കുന്നതിനും ഉള്ള വ്യവസ്ഥകൾ കൂടി മൂലനിയമത്തിൽ ഉൾപ്പെടുത്തി. 2005 മാർച്ച് 15ാം തീയതി സഭയിൽ അവതരിപ്പിച്ച ബിൽ മാർച്ച് 22ാം തീയതി സഭ പാസ്സാക്കുകയും ഏപ്രിൽ 6ാം തീയതി ഗവർണർ ബില്ലിന് അനുമതി നൽകുകയും ചെയ്തു.

ലഹരി വസ്തുക്കളുടെ വ്യാപനം പോലെ തന്നെ സമൂഹത്തിന്റെ വളർച്ചയെ പിന്നോട്ടടിക്കുന്നതും പാവപ്പെട്ട ജനങ്ങളുടെ ജീവിതത്തെ പിടിച്ചുലയ്ക്കുന്നതുമായ ഒരു ശാപമാണ് ചൂതാട്ടം പോലുള്ള ഗെയിമുകളും സൃഷ്ടിക്കുന്നത്. ഈ വസ്തുത മനസ്സിലാക്കി അത്തരം സാമൂഹ്യതിന്മയെ തടഞ്ഞുനിർത്തിക്കൊണ്ടും അനാരോഗ്യ പ്രവണതകളെ പ്രതിരോധിച്ചുകൊണ്ടും ജനക്ഷേമം ഉറപ്പുവരുത്തുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് ഈ നിയമനിർമാണത്തിനായി കേരള നിയമസഭ തയ്യാറായത് എന്നത് കാലം തെളിയിച്ച ഒരു സത്യമായി നിലകൊള്ളുന്നു.




# സാമൂഹ്യാന്തരീക്ഷം കേരളത്തിന്റേയും തമിഴ്നാടിന്റേയും ഒന്ന് തന്നെ.....

**കനിമൊഴി കരുണാനിധി ഇന്ത്യൻ രാഷ്ട്രീയത്തിലെ ഏറെ പ്രധാനപ്പെട്ട ഒരു വ്യക്തിത്വമാണ്. എഴുത്തുകാരി, കവയത്രി, മികച്ച വ്യക്തിത്വം എന്നീ നിലകളിൽ സവിശേഷമായി തന്റെ സാന്നിദ്ധ്യം അടയാളപ്പെടുത്തിയ കനിമൊഴി 'ഡി.എം.കെ.' എന്ന പാർട്ടിയുടെ പ്രതിനിധി യായി തൂത്തുക്കുടി മണ്ഡലത്തിൽ നിന്ന് വിജയിച്ചാണ് ലോക്സഭയിലെത്തിയത്. കരുണാനിധി എന്ന ഇതിഹാസ തുല്യനായ നേതാവിന്റെ മകളായ കനിമൊഴി രാഷ്ട്രീയത്തിലേക്ക് വന്നശേഷം തന്റേതായ ഒരു ശൈലി രേഖപ്പെടുത്തിയാണ് മുന്നോട്ടുപോയത്. ഇന്ത്യൻ രാഷ്ട്രീയ മണ്ഡലത്തിലെ നിറഞ്ഞ സാന്നിധ്യമായ കനിമൊഴിയുമായി മുതിർന്ന മാധ്യമ പ്രവർത്തകനായ വെങ്കിടേഷ് രാമകൃഷ്ണൻ സഭാ ടി.വി.യ്ക്കു വേണ്ടി നടത്തിയ അഭിമുഖത്തിൽ നിന്നും**

വെങ്കിടേഷ് രാമകൃഷ്ണൻ: കനിമൊഴി ജി, ഞങ്ങൾ ഇവിടെ കേരള നിയമസഭ സംഘടിപ്പിച്ച ദേശീയ വനിതാ സാമാജികരുടെ സമ്മേളനത്തിൽ താങ്കളുടെ ആശയ സമ്പുഷ്ടവും ആവേശപൂർണ്ണവുമായ സംഭാഷണം കേട്ടിരുന്നു. ഭരണഘടനയെ കേന്ദ്രീകരിച്ചു നടത്തിയ സംഭാഷണത്തിൽ നമ്മുടെ രാഷ്ട്രം പേറുന്ന ഗുണപരവും അല്ലാത്തതുമായ മൂല്യങ്ങളെക്കുറിച്ച് വ്യക്തമായൊരു ചിത്രം താങ്കൾ പങ്കുവയ്ക്കുകയുണ്ടായി. സഭാ ടി.വി. കേരളത്തിന്റെ ഔദ്യോഗിക മാധ്യമങ്ങളിലൊന്നാണ്. ഇന്ന് കേരളത്തിന്റെ ഒരു മാധ്യമം താങ്കളോട് സംസാരിക്കുമ്പോൾ തമിഴ്നാടിനെ അതിവേഗം പുരോഗമിക്കുന്ന ഒരു ഇന്ത്യൻ സംസ്ഥാനമായാണ് ഞങ്ങൾ കാണുന്നത്. സാമൂഹികമായും സാമ്പത്തികമായും വികസനത്തിലേക്ക് കുതിക്കുന്ന തമിഴ്നാടും കേരളവും തമ്മിലുള്ള പ്രധാനപ്പെട്ട സാമ്യതകളെക്കുറിച്ച്, വിശേഷിച്ചും വനിതാ മുന്നേറ്റത്തിന്റെ പശ്ചാത്തലത്തിൽ എന്താണ് താങ്കൾക്ക് പറയുവാനുള്ളത് ?

**കനിമൊഴി: കേരളവും തമിഴ്നാടും തമ്മിലുള്ള സാമ്യതകളെക്കുറിച്ച് സംസാരിക്കുമ്പോൾ നിങ്ങൾക്ക് നാരായണഗുരുവും ഞങ്ങൾക്ക് പെരിയാറും രണ്ട് പ്രധാനപ്പെട്ട നവോത്ഥാന നായകരായി മുമ്പിലുണ്ട്. പെരിയാർ ഒരു തികഞ്ഞ ഭൗതികവാദിയായിരുന്നു. അദ്ദേഹം ഏത് മതത്തേയും ചോദ്യം ചെയ്യുന്നതിലും വിമർശിക്കുന്നതിലും മടികാണിച്ചിരുന്നില്ല. ഏതൊരു മതവും സ്ത്രീകളെ വേണ്ടവിധത്തിൽ പ്രതിനിധീകരിച്ചിട്ടില്ല എന്ന യാഥാർത്ഥ്യം നമുക്കു മുമ്പിലുണ്ട്. ഇതെല്ലാം കൊണ്ടുതന്നെ പവിത്രമെന്ന് പറഞ്ഞ് അവതരിപ്പിക്കുന്ന എന്തിനേയും പെരിയാർ ചോദ്യം ചെയ്തിരുന്നു. തമിഴ്നാടിന്റെ സ്ത്രീവ്യക്തിത്വം പെരിയാറിന്റെ ഈ ചിന്തകളെ കേന്ദ്രീകരിച്ചാണ് രൂപപ്പെട്ടുവന്നത്. കേരളവും തമിഴ്നാടും ചരിത്രാതീതകാലം മുതൽക്കേ തന്നെ ഒരുമിച്ച് ജീവിച്ച ജനതയാണ്. സംഘകാലഘട്ടം മുതലുള്ള കൂട്ടായ ജീവിതത്തിന്റെ ചരിത്രം നമുക്ക് മുമ്പിലുണ്ട്. അവയ്യാറിനെപോലെ പാരമ്പര്യത്തെ ചോദ്യം ചെയ്ത് പൊരുതി മുന്നോട്ടുപോയ കവയത്രികൾ നമുക്കുണ്ട്. നമ്മുടെ പുരോഗമനപരമായ ചരിത്രം അവിടെ നിന്നെല്ലാമാണ് തുടങ്ങുന്നത്. ഇത്തരത്തിൽ കേരളത്തിനും തമിഴ്നാടിനും യാഥാസ്ഥിതിക അധികാര കേന്ദ്രങ്ങളെ ചോദ്യം ചെയ്തുകൊണ്ട് ഉയർന്നുവന്ന ചരിത്രമാണുള്ളത്. കേരളത്തിലെ തൊഴിലാളി മുന്നേറ്റങ്ങൾ അധികാര കേന്ദ്രങ്ങളെ പിടിച്ചുലച്ചുകൊണ്ടാണ് മുന്നേറിയത്. അടിച്ചമർത്തപ്പെട്ട ജനവിഭാഗങ്ങൾ സുശക്തമായ തങ്ങളുടെ മുന്നേറ്റം പടുത്തുയർത്തിയതിനോട് ചേർന്നുതന്നെയാണ് വനിതാ മുന്നേറ്റങ്ങളും തങ്ങളുടെ ഇടം രേഖപ്പെടുത്തിയത്. ഞങ്ങളുടെ മുന്നേറ്റങ്ങൾ സാമൂഹികമായ മാറ്റങ്ങളെ കേന്ദ്രീകരിച്ച് രൂപപ്പെട്ടപ്പോൾ നിങ്ങളുടേത് ശക്തമായ തൊഴിലാളി മുന്നേറ്റങ്ങളിലൂടെയും കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സംഘടിതമായ രാഷ്ട്രീയ മുന്നേറ്റങ്ങളിലൂടെയുമെല്ലാം ഉയർന്നുവന്നതാണ്.**

വെങ്കിടേഷ് രാമകൃഷ്ണൻ : കേരളത്തിന്റെ ചരിത്രം പരിശോധിക്കുമ്പോൾ ശക്തമായ വർഗ്ഗസമരങ്ങളിലൂടെ ഉയർന്നുവന്ന ഒരു ജനതയെ കാണാം. ഒരുപക്ഷേ ഇന്ത്യയിൽ ജാതിയും വർഗ്ഗവും സമാനതകളുള്ളതാണെന്ന് പറയാം.

**കനിമൊഴി: വർഗ്ഗത്തിൽ മാറ്റങ്ങൾ വരാം എന്നാൽ ജാതി എന്നത് മാറ്റാൻ കഴിയാത്ത ഒന്നാണ്.**

വെങ്കിടേഷ് രാമകൃഷ്ണൻ : അത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. തമിഴ്നാട്ടിലെ സാമൂഹിക രാഷ്ട്രീയ നേതൃത്വം ജാതിബന്ധങ്ങളെക്കുറിച്ചും അവയുടെ ഇടപെടലുകളെക്കുറിച്ചും അവബോധമുണർത്തിയവരായിരുന്നു. അതിന് അതിന്റേതായ നേട്ടങ്ങളും എന്നാൽ ചിലയിടങ്ങളിൽ കുറവുകളും സ്ഥാനം പിടിച്ചിരുന്നു. ഉദാഹരണത്തിന് നവോത്ഥാന നായകർ ജാതിപ്രശ്നങ്ങളെ അറിയുകയും തങ്ങളുടെ മുന്നേറ്റം പിന്നാക്ക ജാതി വിഭാഗങ്ങളേയും ദളിത് പ്രാതിനിധ്യത്തേയും കേന്ദ്രീകരിച്ച് ഉയർത്തിക്കൊണ്ടുവരുവാനും ശ്രമിച്ചു. അതിന്റെ പ്രധാനഘടകം പിന്നാക്ക ജാതി വിഭാഗമായിരുന്നു.

**കനിമൊഴി: ദളിതരും പിന്നാക്കക്കാരുമെന്നതിനേക്കാൾ അടിച്ചമർത്തപ്പെട്ടവരും പീഡിതരുമായ ജനങ്ങൾ എന്ന് പ്രയോഗിക്കാനാണ് ഞാൻ താൽപര്യപ്പെടുന്നത്.**

വെങ്കിടേഷ് രാമകൃഷ്ണൻ : എന്നാൽ ജാതി മുന്നേറ്റത്തിന്റെ സ്വഭാവം ആ ഉയർന്നുവരവിൽ കൃത്യമായി ഉണ്ടായിരുന്നു. എന്നാൽ കേരളത്തിന്റെ പശ്ചാത്തലത്തിൽ ആയിരത്തി തൊള്ളായിരത്തി അൻപതുകളോടെ തന്നെ ജാതി സ്വഭാവം വെടിഞ്ഞ് വർഗ്ഗ സ്വഭാവമുൾക്കൊണ്ടാണ് ഈ മുന്നേറ്റം കടന്നുപോയത്. അവിടെ ജാതി താൽപര്യങ്ങൾക്ക് പ്രാമുഖ്യം കുറഞ്ഞു. അത് വിശാലമായ സാമൂഹികാർത്ഥത്തിൽ എന്ത് മാറ്റം കൊണ്ടുവന്നു എന്നാണ് കരുതുന്നത്.

**കനിമൊഴി: തീർച്ചയായും, നമ്മുടെ സമൂഹത്തിലെ ഏറ്റവും പ്രധാനപ്പെട്ട സാമൂഹിക തിന്മകളിലൊന്ന് ജാതി വ്യവസ്ഥയാണ്. ജനതയുടെ വർഗ്ഗ സ്വഭാവം മാറിവരാം. എന്നാൽ ജാതി ഒരിക്കലും മാറ്റാൻ കഴിയാത്തതാണ്. ജാതി എന്നത് ഒരു ജനത തലമുറകളായി പേറി നടക്കുന്ന ഒരു ഭാണ്ഡക്കെട്ടാണ്. ആ വ്യവസ്ഥിതിയെ തകർക്കുക എന്നത് പ്രധാനപ്പെട്ട കാര്യമാണ്. തമിഴ്നാട്ടിൽ രാഷ്ട്രീയ മുന്നേറ്റങ്ങൾ ജാതി ബന്ധങ്ങളുടെ അടിസ്ഥാനത്തിൽ പൊളിച്ചെഴുതി ചേർക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ല. അതിനുമപ്പുറത്തേക്ക് സ്ത്രീകളുടെ അവകാശങ്ങളെക്കുറിച്ച് സംസാരിക്കുവാനും ഞങ്ങളുടെ മുഖ്യമന്ത്രി പറഞ്ഞുവച്ചതുപോലെ ഒരു ദ്രവീഡിയൻ മാതൃകയിലൂന്നിയുമാണ് ഞങ്ങളുടെ രാഷ്ട്രീയം മുന്നോട്ടുപോകുന്നത്. ഞങ്ങളുടെ അച്ഛൻ എപ്പോഴും പറയുന്ന ഒരു കാര്യമായിരുന്നു "പെരിയാറിനെ കണ്ടുമുട്ടിയില്ലായിരുന്നെങ്കിൽ ഞാൻ ഒരു കമ്മ്യൂണിസ്റ്റുകാരനായി മാറുമായിരുന്നു" എന്നത്. ഇത് ഒരു സോഷ്യലിസ്റ്റ് മുന്നേറ്റത്തെക്കൂടി അടിസ്ഥാനപ്പെടുത്തിയുള്ള ഒരു രാഷ്ട്രീയമായിരുന്നു. ഇതുവരെ തമിഴ്നാട് ലേബർ കോഡ് ലോ അംഗീകരിക്കാത്തതിന്റെ കാരണവുമതാണ്. തൊഴിലാളികളുടെ അവകാശങ്ങൾ ഏറെ പ്രധാനപ്പെട്ടതാണ് എന്ന് ഞങ്ങൾ കരുതുന്നു. ഞങ്ങൾ ഈ രണ്ട് മുന്നേറ്റങ്ങളേയും ചേർത്തു കൊണ്ടുപോകുവാനാണ് ശ്രമിക്കുന്നത്. ഇന്ന് തമിഴ്നാട്ടിൽ ആരും പേരിനൊപ്പം ജാതിപ്പേര് ചേർക്കുന്നില്ല എന്നതും ശ്രദ്ധേയമാണ്.**

വെങ്കിടേഷ് രാമകൃഷ്ണൻ : എന്നാൽ നമ്മൾ ഇപ്പോഴും ജാതി സംഘർഷങ്ങളെക്കുറിച്ച് നിരന്തരം കേൾക്കുന്നു. തമിഴ്നാട്ടിലെ ജാതി സംഘർഷങ്ങളെക്കുറിച്ചുള്ള പ്രശസ്തമായ സിനിമകളും പുറത്തു വന്നിട്ടുണ്ട്. ഇത് ഇപ്പോഴും തുടരുന്ന ഒരു പ്രതിഭാസമല്ലേ?

**കനിമൊഴി: ഞാൻ തമിഴ്നാട്ടിലെ ജാതി പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടുകഴിഞ്ഞു എന്നല്ല ഉദ്ദേശിച്ചത്. ദുരഭിമാനക്കൊലകളൊക്കെ നമ്മളെ ലജ്ജിപ്പിക്കുന്ന തരത്തിൽ ഇപ്പോഴും നിലനിൽക്കുന്നു. ജാതി പൂർണ്ണമായി ഒഴിവാക്കപ്പെട്ടു എന്ന് ഒരു ദേശത്തിനും പറയാൻ കഴിയില്ല. വർഗ്ഗവിഭജനത്തേയും ഭേദിച്ചുകൊണ്ട് ജാതി നിലനിൽക്കുന്നുണ്ട്. നമ്മൾ എന്തൊക്കെ അവകാശവാദങ്ങളുന്നയിച്ചാലും ചിലർ ഇന്നും സമൂഹത്തിൽ കൂടുതൽ സുഖസൗകര്യങ്ങൾ നേടിക്കൊണ്ട് തന്നെയാണ് ജീവിക്കുന്നത്. നമ്മൾ ജനതയുടെ മനസിൽ നിന്ന് ജാതിയെ പൂർണ്ണമായി നീക്കം ചെയ്തിട്ടില്ല. എന്നാൽ നമ്മൾ അതിനായാണ് പരിശ്രമിച്ചുകൊണ്ടിരിക്കുന്നത്.**

വെങ്കിടേഷ് രാമകൃഷ്ണൻ : തമിഴ്നാട്ടിൽ ഒരു സവിശേഷമായ രീതിയിലുള്ള ഭൂപരിഷ്കരണം നടന്നിട്ടുണ്ട്. കേരളത്തിൽ നടന്ന ഭൂപരിഷ്ക്കരണത്തെപോലെ തന്നെ തമിഴ്നാടിന്റേതും നമ്മൾ ചർച്ച ചെയ്യണമെന്ന് ഞാൻ കരുതുന്നു. ഇത് എങ്ങനെയാണ് സ്ത്രീ സമൂഹത്തെ ബാധിച്ചത്?

**കനിമൊഴി: ഭൂപരിഷ്കരണത്തിന്റെ ആദ്യഘട്ടം കരുണാനിധിയുടെ കാലത്ത് നടന്നത് ജന്മികൾ കൈവശം വച്ചിരുന്ന ഭൂമി കൃഷിക്കാർക്കും അവിടെ പണിയെടുക്കുന്നവർക്കും വീതിച്ചു നൽകിക്കൊണ്ടാണ്. അതിനാൽ ഇന്ന് ഗ്രാമങ്ങളിൽ ഒരു തുല്യതയുള്ള സമൂഹത്തെ കരുപ്പിടിപ്പിക്കുവാനുള്ള ശ്രമത്തിന് ഇത് സഹായിച്ചിട്ടുണ്ട്. ഇത് ജനതയെ അടിമത്തത്തിൽ നിന്ന് സംരക്ഷിച്ചു നിർത്തി. പിന്നീട് സ്ത്രീകളുടെ പേരിലാണ് ഭൂമി നൽകിയത്. കേരളവും തമിഴ്നാടും സ്ത്രീകൾക്ക് സ്വത്തവകാശം നൽകിയ ആദ്യസംസ്ഥാനങ്ങളിൽപ്പെടുന്നവയാണ്. ഇത് സ്ത്രീ ജീവിതത്തിൽ വലിയ മാറ്റങ്ങൾ വരുന്നതിന് കാരണമായിട്ടുണ്ട്. അതുപോലെ തന്നെ അടിച്ചമർത്തപ്പെട്ട ജനവിഭാഗങ്ങളുടെ ജീവിതത്തിലും മാറ്റങ്ങൾ വന്നതായി കാണാം.**




വെങ്കിടേഷ് രാമകൃഷ്ണൻ : വനിതാ സാമാജിക സമ്മേളനത്തിലെ പ്രസംഗത്തിൽ താങ്കൾ ശ്രദ്ധേയമായൊരുകാര്യം പറഞ്ഞിരുന്നു. നമ്മുടെ വിവിധസംസ്ഥാനങ്ങളിലായി സ്ത്രീ ജീവിതത്തെ പുരോഗമനോന്മുഖമാക്കുന്ന നിരവധി നിയമങ്ങൾ നിലവിലുണ്ട്. എന്നാൽ നിയമം നടപ്പാക്കുന്ന കാര്യത്തിൽ പല പരാജയങ്ങളെയും നമ്മൾ അഭിമുഖീകരിക്കുന്നു. ഈ വിഷയത്തിൽ തമിഴ്നാട് എവിടെയാണ് നിലകൊള്ളുന്നത് ?

**കനിമൊഴി: നിയമങ്ങളെ സംബന്ധിച്ച് നിങ്ങൾക്ക് ഒരു പട്ടിക തരാൻ എനിക്ക് കഴിയും, എന്നാൽ നമ്മൾ നിശ്ചയമായും അവയുടെ പരിണിതഫലങ്ങളെക്കുറിച്ച് വിലയിരുത്തേണ്ടതുണ്ട്. ഈ വിഷയത്തിൽ നമ്മൾ നല്ലൊരു പഠനം നടത്തേണ്ടതും സർവ്വേ ചെയ്ത് റിപ്പോർട്ട് രൂപീകരിക്കുകയും ചെയ്യേണ്ടതിന്റെ ആവശ്യകതയുണ്ട്. ഇത് എല്ലാ സംസ്ഥാനങ്ങളിലും നടത്തേണ്ടതുണ്ട്.**

വെങ്കിടേഷ് രാമകൃഷ്ണൻ : ഇത് സ്വാതന്ത്ര്യത്തിന്റെ 75ാം വാർഷികത്തിൽ നമ്മൾ ഏറ്റെടുക്കേണ്ട ചുമതലകളിലൊന്നായിരിക്കാം

**കനിമൊഴി: തീർച്ചയായും.**

വെങ്കിടേഷ് രാമകൃഷ്ണൻ : സ്ത്രീസൗഹൃദാന്തരീക്ഷത്തിന്റെ കാര്യത്തിൽ തമിഴ്നാടിന് ഇനിയും എന്തൊക്കെ ചെയ്യുവാനുണ്ട്? ഈ വഴികളിൽ ഇനിയും പൂർത്തീകരിക്കാൻ കഴിയാത്ത ലക്ഷ്യങ്ങളെക്കുറിച്ച് സൂചിപ്പിക്കുമോ? ജാതി പ്രശ്നങ്ങളും വനിതാ ശാക്തീകരണവും സാമൂഹിക പുരോഗതിയുമെല്ലാം വിലയിരുത്തിക്കൊണ്ട് പറയാമോ?

**കനിമൊഴി: കോവിഡ് കാലമെത്തിയതോടെ ഓരോ കുടുംബങ്ങളുടെയും സാമ്പത്തികാവസ്ഥ തകർന്ന സ്ഥിതിവിശേഷമുണ്ട്. ഈ സാഹചര്യത്തിലാണ് ഞങ്ങളുടെ തെരഞ്ഞെടുപ്പ് വാഗ്ദാനങ്ങളുടെ ഭാഗമായി തന്നെ പറഞ്ഞിരുന്ന സ്ത്രീകൾക്ക് പൊതുഗതാഗത സൗകര്യങ്ങൾ സൗജന്യമായി അനുവദിക്കുക എന്നകാര്യം പ്രാവർത്തികമാക്കിയത്. ഇത് വനിതകൾക്ക് പുതിയ തൊഴിലവസരങ്ങൾ അന്വേഷിക്കുവാനും ഇതുവരെ എത്തപ്പെടാത്ത മേഖലകളിലേക്ക് സഞ്ചരിക്കുവാനും ഇടയാക്കി. ഇത് വനിതാശാക്തീകരണത്തിൽ കാര്യമായ സംഭാവന നൽകി. വിവാഹത്തിന് മുമ്പ് പെൺകുട്ടികൾ സ്കൂൾ വിദ്യാഭ്യാസം പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനായി. സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിന് ഗവൺമെന്റ് പദ്ധതിയുടെ ഭാഗമായി 25000 രൂപ മുതൽ 50000 രൂപ വരെ ധനസഹായം നൽകുന്ന പദ്ധതിയുണ്ടായിരുന്നു. ഇന്ന് അത് കോളേജ് തലത്തിലേക്ക് ഉയർത്തിയിട്ടുണ്ട്. പെൺകുട്ടികളുടെ കോളേജ് വിദ്യാഭ്യാസ കാലയളവിൽ അവർക്ക് ആയിരം രൂപ വീതം നൽകുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പി.എച്ച്.ഡി. വരെ പഠിക്കുന്ന പെൺകുട്ടികൾക്ക് പഠനം പൂർത്തിയാക്കുന്നതുവരെ ആയിരം രൂപ മാസവിഹിതം ഉറപ്പാക്കിയിട്ടുണ്ട്.**

ശേഷം 19-ാം പേജിൽ

സഭാ നായകരുടെ ജീവിത രേഖയിലൂടെ.......

# ആർ.ശങ്കർ: കേരളത്തിന്റെ സമഗ്ര വികസനത്തിന് ഊന്നൽ നൽകിയ മുൻനിര നേതാവ്

ആധുനിക കേരള രാഷ്ട്രീയ ചരിത്രം അടയാളപ്പെടുത്തിയ അപൂർവ്വം ചില വ്യക്തിത്വങ്ങളിൽ ഒരാളായിരുന്ന ആർ. ശങ്കറെന്ന കേരളത്തിന്റെ മൂന്നാമത്തെ മുഖ്യമന്ത്രി. പിന്നാക്ക സമുദായത്തിൽ നിന്ന് കേരളത്തിന്റെ മുഖ്യമന്ത്രി പദത്തിലെത്തിയ ആദ്യ വ്യക്തിയായിരുന്ന ആർ. ശങ്കർ. കോൺഗ്രസ്സുകാരനായ ആദ്യ മുഖ്യമന്ത്രി, കേരളത്തിന്റെ ആദ്യ ഉപമുഖ്യമന്ത്രി എന്നീ പദവികളും അദ്ദേഹത്തിന് സ്വന്തം. കേരളത്തിൽ അവിശ്വാസ പ്രമേയത്തിലൂടെ പുറത്താക്കപ്പെട്ട ആദ്യ മുഖ്യമന്ത്രിയും അദ്ദേഹമാണ്. രണ്ടാം കേരള നിയമസഭയിൽ പട്ടം താണുപിള്ളക്ക് ശേഷം മുഖ്യമന്ത്രിയായി ആർ.ശങ്കർ 1962 സെപ്റ്റംബർ 26 മുതൽ 1964 സെപ്റ്റംബർ 10 വരെ അധികാരത്തിലിരുന്നു.



**പിന്നാക്ക സമുദായത്തിൽ നിന്ന് കേരളത്തിന്റെ മുഖ്യമന്ത്രി പദത്തിലെത്തിയ ആദ്യ വ്യക്തിയായിരുന്നു ആർ.ശങ്കർ. കോൺഗ്രസ്സുകാരനായ ആദ്യ മുഖ്യമന്ത്രി, കേരളത്തിന്റെ ആദ്യ ഉപമുഖ്യമന്ത്രി എന്നീ പദവികളും അദ്ദേഹത്തിന് സ്വന്തം. കേരളത്തിൽ അവിശ്വാസ പ്രമേയത്തിലൂടെ പുറത്താക്കപ്പെട്ട ആദ്യ മുഖ്യമന്ത്രിയും അദ്ദേഹമാണ്.**

1909 ഏപ്രിൽ 30 ന് കൊല്ലം ജില്ലയിലെ പുത്തൂർ എന്ന ഗ്രാമത്തിൽ കുഴിക്കലിടവകയിൽ താഴത്തു മുറിയിൽ വിളയിൽ വീട്ടിൽ രാമന്റെയും കുഞ്ചാളിയുടെയും അഞ്ചാമത്തെ പുത്രനായിട്ടായിരുന്നു അദ്ദേഹത്തിന്റെ ജനനം. പ്രതികൂല സാഹചര്യങ്ങൾക്ക് വിധേയനാകാതെ പ്രതിഭാ വിലാസവും കർമ്മ കുശലതയും കൊണ്ട് ഉയർന്ന് വന്ന ജനനേതാവായിരുന്നു അദ്ദേഹം. വളരെ ചെറുപ്പം മുതൽ ശക്തമായ എതിർപ്പുകളെ അതിജീവിച്ച് രാഷ്ട്രീയ സാമൂഹിക ഭരണ രംഗങ്ങളിൽ ഉയർന്നു വന്ന ജനനായകനായിരുന്നു ആർ. ശങ്കർ. കൊല്ലം ജില്ലയിലെ പുത്തൂരിൽ നിന്ന് പ്രാഥമിക വിദ്യാഭ്യാസവും, കൊട്ടാരക്കര ഇംഗ്ലീഷ് സ്കൂളിൽ നിന്ന് ഹൈസ്കൂൾ വിദ്യാഭ്യാസവും മികച്ച നിലയിൽ പൂർത്തിയാക്കിയ അദ്ദേഹം തിരുവനന്തപുരം മഹാരാജാസ് കോളേജിൽ നിന്ന് ബിരുദവും ഗവ.ലോ കോളേജിൽ നിന്ന് നിയമബിരുദവും കരസ്ഥമാക്കി.

ശ്രീ നാരായണ ഗുരു സ്ഥാപിച്ച ശിവഗിരി ഇംഗ്ലീഷ് ഹൈസ്കൂളിൽ ഹെഡ്മാസ്റ്ററായി ഔദ്യോഗിക ജീവിതം ആരംഭിച്ച ആർ.ശങ്കർ പിന്നീട് ടി.എം.വർഗ്ഗീസിന്റെ കീഴിൽ കൊല്ലം കോടതിയിൽ പ്രാക്ടീസ് ആരംഭിച്ചു. അഭിഭാഷകവൃത്തിക്കിടയിൽ നിവർത്തന പ്രക്ഷോഭത്തിലും സ്വാതന്ത്ര്യ സമരത്തിലും രാഷ്ട്രീയ സാമൂഹിക പ്രവർത്തന രംഗത്തും അദ്ദേഹം എത്തിച്ചേർന്നു. വിദ്യാഭ്യാസ രംഗത്തും, രാഷ്ട്രീയ രംഗത്തും, ഔദ്യോഗിക രംഗത്തും, സമുദായ പ്രവർത്തന രംഗത്തുമെല്ലാമുള്ള അദ്ദേഹത്തിന്റെ പ്രവർത്തന മികവിന്റെ ഫലമാണ് പിന്നീട് അദ്ദേഹത്തെ തേടിയെത്തിയ സ്റ്റേറ്റ് കോൺഗ്രസ് ജനറൽ സെക്രട്ടറി, കെ.പി.സി.സി. പ്രസിഡന്റ്, തിരു-കൊച്ചി നിയമസഭാംഗം, തിരുവിതാംകൂർ ദേവസ്വം ബോർഡ് സ്ഥാപകാംഗം, ഉപമുഖ്യമന്ത്രി, മുഖ്യമന്ത്രി എന്നീ പദവികൾ.

1938 ഫെബ്രുവരി 23 ാം തീയതി തിരുവനന്തപുരത്ത് വച്ച് തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ് രൂപീകൃതമായതോടെ ആർ. ശങ്കർ കോൺഗ്രസിന്റെ സജീവ പ്രവർത്തകനായി. സ്റ്റേറ്റ് കോൺഗ്രസിന്റെ നേതൃത്വത്തിൽ ആരംഭിച്ച ഉത്തരവാദ ഭരണ പ്രക്ഷോഭത്തിന്റെ മുൻനിര നേതാവായി മാറിയ ആർ. ശങ്കറിന്റെ പ്രചാര പ്രവർത്തനങ്ങൾ അന്നത്തെ ഭരണകൂടത്തെ പ്രകോപിപ്പിച്ചു. 1938 ൽ സർക്കാർ സ്റ്റേറ്റ് കോൺഗ്രസിനെ നിരോധിക്കുകയും നിരോധനം ലംഘിച്ച് പ്രസംഗിച്ച ആർ. ശങ്കറിന് ജയിൽവാസം അനുഷ്ഠിക്കേണ്ടിയും വന്നു. ജയിൽ മോചിതനായ ശേഷം അദ്ദേഹം സ്റ്റേറ്റ് കോൺഗ്രസിന്റെ ട്രഷററും, വർക്കിംഗ് കമ്മിറ്റി മെമ്പറായും പിന്നീട് ജനറൽ സെക്രട്ടറിയായും തെരഞ്ഞെടുക്കപ്പെട്ടു. രാഷ്ട്രീയത്തിൽ നിന്ന് ഇടവേള എടുത്ത അദ്ദേഹം പിന്നീട് എസ്.എൻ.ഡി.പി.യുടെ പ്രവർത്തനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. യോഗം ജനറൽ സെക്രട്ടറി, പ്രസിഡന്റ്, ശ്രീ നാരായണ ട്രസ്റ്റ് മേധാവി എന്നീ നിലകളിലും പ്രവർത്തിച്ചു. ദിനമണി പത്രത്തിന്റെ പത്രാധിപരായും അദ്ദേഹം പ്രവർത്തിച്ചു .

ജനങ്ങൾക്കിടയിൽ വളരെയധികം ആദരവും അംഗീകാരവുമുള്ള നേതാവായിരുന്നു ആർ. ശങ്കർ. പ്രായപൂർത്തി വോട്ടവകാശത്തിന്റെ അടിസ്ഥാനത്തിൽ 1948 ൽ തിരുവിതാംകൂർ നിയമസഭയിലേയ്ക്ക് നടന്ന തെരഞ്ഞെടുപ്പിൽ അദ്ദേഹം വിജയിച്ചു. 1949 മുതൽ 1956 വരെ തിരു-കൊച്ചി നിയമസഭയിൽ അംഗമായിരുന്ന അദ്ദേഹത്തെ 1960 ൽ കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലി ഡീ ലിമിറ്റേഷൻ കമ്മീഷൻ, റിഫോംസ് കമ്മിറ്റി എന്നിവയിൽ അംഗമായി തെരഞ്ഞെടുത്തു. 1959 ൽ വിമോചന സമരകാലത്ത് കേരള പ്രദേശ് കോൺഗ്രസ് കമ്മിറ്റിയുടെ അധ്യക്ഷനായിരുന്നു ആർ.ശങ്കർ.

വിമോചന സമരത്തിനു ശേഷം പട്ടം താണുപിള്ളയുടെ നേതൃത്വത്തിലുള്ള കേരളത്തിന്റെ രണ്ടാമത്തെ മന്ത്രിസഭ അധികാരത്തിൽ വന്നപ്പോൾ ആർ. ശങ്കറായിരുന്നു ഉപമുഖ്യമന്ത്രി. എന്നാൽ 1962 ൽ പട്ടം താണുപിള്ള പഞ്ചാബ് ഗവർണറായി നിയമിക്കപ്പെട്ടതോടെ ആർ.ശങ്കർ കേരളത്തിന്റെ മുഖ്യമന്ത്രിയായി സ്ഥാനമേറ്റു. ആർ.ശങ്കറിന്റെ അറിവും നേതൃത്വപാടവവും നൈപുണ്യവും അദ്ദേഹത്തെ മികച്ച ഒരു ഭരണാധികാരിയാക്കി. ഒരു ഭരണാധിപൻ എന്ന നിലയിലുള്ള അദ്ദേഹത്തിന്റെ ഓരോ തീരുമാനവും സമൂഹത്തിലെ ഏറ്റവും പാവപ്പെട്ടവനു പോലും പ്രയോജനം ലഭിക്കുന്ന തരത്തിലുള്ളതായിരുന്നു.

കാർഷിക മേഖലയെ പുരോഗതിയിലേക്ക് നയിക്കുക എന്ന ലക്ഷ്യത്തോടെ ഊർജ്ജിത ഉൽപാദനം, ത്വരിത വ്യവസായവൽക്കരണം, വിജ്ഞാനവിസ്ഫോടനം, സാമൂഹ്യ സുരക്ഷ എന്നീ നാല് ലക്ഷ്യങ്ങളെ ഒരുമിപ്പിച്ചു കൊണ്ടുള്ള ഒരു വികസന മാതൃകയാണ് ആർ. ശങ്കർ പ്രദാനം ചെയ്തത്. സാമ്പത്തിക അഭിവൃദ്ധിയും മനുഷ്യപുരോഗതിയും പരസ്പര ബന്ധമുള്ളതാണെന്ന് അദ്ദേഹം വിശ്വസിച്ചു. അതിനാൽ ഭക്ഷ്യ സ്വയം പര്യാപ്തതയും വ്യവസായവൽക്കരണവും ശാസ്ത്ര സാങ്കേതിക-മാനവിക വിദ്യാഭ്യാസ പുരോഗതിയും ഉറപ്പു വരുത്തുവാൻ ആസൂത്രിതമായി പദ്ധതികൾ നടപ്പാക്കുവാനും അദ്ദേഹം നേതൃത്വം നൽകി.

1960 ലെ പട്ടം താണുപിള്ള മന്ത്രിസഭയിൽ ധനകാര്യമന്ത്രിയായിരുന്ന ആർ.ശങ്കർ കന്നി ബജറ്റിൽ തന്നെ ഇടങ്ങഴി അരി 50 പൈസ നിരക്കിൽ 1,80,000 ടൺ അരി ന്യായവില ഷോപ്പുകൾ വഴി സാധുക്കൾക്ക് വിതരണം ചെയ്യാൻ 107.56 ലക്ഷം രൂപ വകയിരുത്തി. നെല്ലുൽപാദനം തുലോം കുറവായ 1960 കളിൽ 40 കോടി മുടക്കി 8 ലക്ഷം ടൺ അരി ഇറക്കുമതി ചെയ്താണ് ആഭ്യന്തര ആവശ്യം ഗവൺമെന്റ് നിറവേറ്റിയത്. കാർഷിക മേഖലക്ക് അദ്ദേഹം നൽകിയ പ്രാധാന്യം 1960-61 ൽ അരിയുടെ ഉൽപാദനം 9 ലക്ഷം ടൺ ആയിരുന്നത് 1964-65 ൽ 11.21 ലക്ഷം ടൺ ആയി വർദ്ധിപ്പിച്ചു. ഭക്ഷ്യ സ്വയം പര്യാപ്തത, സാമ്പത്തിക വളർച്ച, കൂടുതൽ തൊഴിൽ എന്നിവ ലക്ഷ്യമിട്ട് നെല്ലിന്റെയും നാണ്യ വിളകളുടെയും ഉൽപാദനം വർദ്ധിപ്പിക്കാൻ കൂടുതൽ തുക അദ്ദേഹം ബജറ്റിൽ വകയിരുത്തിയിരുന്നു.

കൃഷിയോടൊപ്പം ത്വരിതമായ വ്യവസായവൽക്കരണത്തിനും അദ്ദേഹം പ്രാധാന്യം നൽകി. തൊഴിൽ നൽകാനും സാമ്പത്തിക വളർച്ചയ്ക്കും തുല്യപ്രാധാന്യം നൽകിക്കൊണ്ടുള്ള വ്യവസായവത്കരണത്തിനായിരുന്നു ആർ.ശങ്കർ പ്രാധാന്യം നൽകിയിരുന്നത്. വൻകിട വ്യവസായങ്ങളെ എതിർത്തിരുന്നില്ലെങ്കിലും കേരളത്തെപ്പോലെ തൊഴിലില്ലായ്മ രൂക്ഷമായ ഒരു സംസ്ഥാനത്ത് വൻകിട വ്യവസായങ്ങൾക്കൊപ്പം തൊഴിൽ സാന്ദ്രതയേറിയ മദ്ധ്യ-ചെറുകിട-കുടിൽ വ്യവസായങ്ങൾക്ക് ഏറെ പ്രാധാന്യമുണ്ടെന്ന് അദ്ദേഹം വിശ്വസിച്ചു. വ്യവസായൽക്കരണത്തിന് പരിമിതികൾ ഏറെയുണ്ടെങ്കിലും തുറമുഖങ്ങളും 330 മൈൽ ദൈർഘ്യമുള്ള കടലോരവും കേരളത്തിന്റെ വ്യവസായ മോഹങ്ങളെ ഉണർത്തുന്നതായി അദ്ദേഹം മനസ്സിലാക്കി. കേരളത്തിനു പുറത്തുള്ള വ്യവസായികളെ കേരളത്തിലേക്ക് എത്തിക്കാൻ അദ്ദേഹം ശ്രമിച്ചു. ധനമന്ത്രിയായിരുന്ന കാലയളവിൽ കേരളത്തിന്റെ സാങ്കേതിക-സാമ്പത്തിക ശേഷിയെക്കുറിച്ചുള്ള പഠനവും സ്വകാര്യ മൂലധന നിക്ഷേപം വർദ്ധിപ്പിക്കാൻ വികസനപ്രദേശങ്ങൾ എന്ന പദ്ധതിയും അദ്ദേഹം ആവിഷ്കരിച്ചു. വ്യവസായ വികസന കോർപ്പറേഷൻ സ്ഥാപിക്കുന്നതിന് ബജറ്റിൽ തുക വകയിരുത്തി. ഇതിന്റെ ഫലമായി കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനും കേരള സംസ്ഥാന ചെറുകിട വ്യവസായ കോർപ്പറേഷനും നിലവിൽ വന്നു. ടൂറിസം വ്യവസായത്തിന്റെ സാധ്യതകൾ തിരിച്ചറിഞ്ഞ അദ്ദേഹം ടൂറിസം ഡവലപ്മെന്റ് കോർപ്പറേഷൻ സ്ഥാപിക്കാൻ ആവശ്യമായ തുക ബജറ്റിൽ വകയിരുത്തി.

തന്റെ സാമൂഹ്യ- സാമ്പത്തിക വികസന മാതൃകയോട് പൊരുത്തപ്പെടുന്ന ഒരു വിദ്യാഭ്യാസ നയമായിരുന്നു ആർ.ശങ്കർ ആവിഷ്ക്കരിച്ചത്. അത്തരത്തിൽ ഉന്നതവിദ്യാഭ്യാസ മേഖലയിലെ ആദ്യത്തെ വിജ്ഞാന വിസ്ഫോടനമായിരുന്നു ആർ. ശങ്കറിന്റെ ഭരണകാലത്ത് ഉണ്ടായിരുന്നത്. പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിൽ സർക്കാർ ഇടപെടൽ ഉണ്ടാകുന്നതും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് ഉച്ചഭക്ഷണം, എട്ടാം ക്ലാസ് വരെ സൗജന്യ വിദ്യാഭ്യാസം, ന്യൂനപക്ഷ വിഭാഗങ്ങളിലെ കുട്ടികൾക്ക് പ്രത്യേക പരിരക്ഷ, സ്കോളർഷിപ്പ് എന്നിവയിൽ കൂടുതൽ ഇടപെടലുകൾ ഉണ്ടാകുന്നതും ആർ. ശങ്കർ മുഖ്യമന്ത്രിയായിരുന്ന കാലയളവിലാണ്. എഞ്ചിനീയറിംഗ് കോളേജുകളുടെയും, ജൂനിയർ ടെക്നിക്കൽ സ്കൂളുകളുടെയും പോളിടെക്നിക്കുകളുടെയും എണ്ണത്തിൽ ഇക്കാലയളവിൽ വർദ്ധനവുണ്ടായി.

ദരിദ്രർക്കും നിരാലംബർക്കും എങ്ങനെ ഒരു ഭരണകൂടം സഹായകമാകും എന്നതിന്റെ തെളിവായിരുന്നു ആർ.ശങ്കറിന്റെ മറ്റ് ചില തീരുമാനങ്ങൾ. 1960-61 ലെ ബജറ്റിൽ എഴുപത് വയസ്സിന് മുകളിലുള്ള ദരിദ്രരായ വൃദ്ധജനങ്ങൾക്ക് വാർദ്ധ്യകാല പെൻഷൻ നൽകാനുള്ള തീരുമാനവും ശാരീരിക വൈകല്യമുള്ളവർക്ക് ക്ഷേമ പെൻഷൻ അനുവദിച്ചതും വിധവ പെൻഷൻ നൽകിയതും മത്സ്യത്തൊഴിലാളികൾക്ക് ക്ഷേമനിധി ആവിഷ്ക്കരിച്ചതുമെല്ലാം ആർ.ശങ്കർ എന്ന ഭരണാധികാരിയുടെ ഭരണ നൈപുണ്യം വ്യക്തമാക്കുന്നു.

ഒരു ഭരണാധികാരിക്ക് വേണ്ട ദീർഘദൃഷ്ടിയും ആസൂത്രണവും ആർ.ശങ്കറിനുണ്ടായിരുന്നു എന്ന് നിസ്സംശയം പറയാം. അധികാരത്തിലുണ്ടായിരുന്ന 1960 മുതൽ 1964 വരെയുള്ള കാലയളവിൽ നാടിന്റെ സമഗ്ര പുരോഗതിക്കായുള്ള പദ്ധതികൾ അദ്ദേഹം ആവിഷ്കരിച്ചു. ഭരണാധികാരി, അധ്യാപകൻ, സാമൂഹ്യപരിഷ്കർത്താവ്, രാഷ്ട്രീയ നേതാവ് എന്നിങ്ങനെ വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച ആർ. ശങ്കർ 1972 നവംബർ 6 ാം തീയതി വിട വാങ്ങി. 1972 നവംബർ 13 ാം തീയതി നിയമസഭ അദ്ദേഹത്തിന് ചരമോപചാരം അർപ്പിച്ചു.

## വലയിൽ നിന്ന്.......


...of 1887.

KURSI NASHIN

DEHLI DISTRICT.

Certified that
...Narain Son of Sheo Parshad
...an accepted Kursi Nashin of this district, is entitled t...
...y of a Seat when visiting Officers and Gentlemen.
Given under my hand and seal of the Office this 12
July 1887.

സ്വാതന്ത്ര്യപൂർവ്വ കാലഘട്ടത്തിൽ ബ്രിട്ടീഷ് അധികാരികളുടെ കാര്യാലയത്തിൽ ഇരിക്കാൻ കസേര ലഭിക്കുന്നതിനായി നൽകിയിരുന്ന സർട്ടിഫിക്കറ്റ്

## ചിത്രജാലകം



നിയമസഭാ സ്പീക്കർ എ.എൻ.ഷംസീർ മുൻ സ്പീക്കർ വക്കം പുരുഷോത്തമനെ അദ്ദേഹത്തിന്റെ വസതിയിൽ എത്തി സന്ദർശിപ്പോൾ

**കനിമൊഴിയുമായുള്ള അഭിമുഖം..........** തുടർച്ച

പെൺകുട്ടികൾ അവരുടെ വിദ്യാഭ്യാസം ഉറപ്പുവരുത്തേണ്ടതുണ്ട്. ഈ വലിയമാറ്റത്തിൽ അടിസ്ഥാന വിദ്യാഭ്യാസ കാഴ്ചപ്പാട് സ്കൂളിൽ നിന്ന് കോളേജിലേക്ക് ഉയർന്നിരിക്കുന്നു. എന്നാൽ ഇപ്പോഴും രാജ്യത്തിന്റെ വിദ്യാസമ്പന്നരായ സ്ത്രീതൊഴിലാളി പ്രാതിനിധ്യം 20 ശതമാനം മാത്രമാണ്. പഠനശേഷം എവിടേക്കാണ് ഇവർ പോകുന്നത്? അവർ വീണ്ടും അടുക്കളയിൽ ഒതുങ്ങിക്കൂടുന്നു. ഇത് നിശ്ചയമായും മാറേണ്ടതുണ്ട്. ജോലിസ്ഥലങ്ങളിൽ സുരക്ഷിതത്വം ഉറപ്പാക്കേണ്ടതുണ്ട്. അതുപോലെ തന്നെ പൊതുയിടങ്ങളിലെ സുരക്ഷിതത്വം, സോഷ്യൽ മീഡിയയിലെ സുരക്ഷിതത്വം എന്നിവ പ്രധാനപ്പെട്ടതാണ്. വികസനങ്ങളുടെ കുത്തൊഴുക്കിലും വിവരസാങ്കേതിക വിദ്യയുടെ വളർച്ചയിലും സ്ത്രീകൾ ഒരിടത്ത് നിന്ന് മറ്റൊരിടത്തേക്ക് മുന്നേറുമ്പോൾ സുരക്ഷിതമായ ജീവിതം ഉറപ്പുവരുത്തുക എന്നത് വളരെ പ്രധാനപ്പെട്ടതാണ്. ഇതിനായി നിരവധി കാര്യങ്ങൾ പരിഷ്കരിക്കേണ്ടതായും പുനർവിഭാവനം ചെയ്യേണ്ടതായും വരും. എന്തുപറഞ്ഞാലും ലോകം നിയന്ത്രിക്കുന്നത് ഇപ്പോഴും പുരുഷന്മാരാണല്ലോ.

വെങ്കിടേഷ് രാമകൃഷ്ണൻ : താങ്കൾ ഉന്നത വിദ്യാഭ്യാസത്തെക്കുറിച്ച് പറഞ്ഞു. ഉന്നതവിദ്യാഭ്യാസം ഇപ്പോഴും പുരുഷമേധാവിത്വം പുലർത്തുന്ന തരത്തിലാണ് ഒരുക്കിവച്ചിട്ടുള്ളത്. ഇത് പൊളിച്ചെഴുതുന്നതെങ്ങനെയാണ്. പുതിയ അളവുകോലുകൾ നിശ്ചയിക്കുകയും സിലബസ്സുകൾ പരിഷ്കരിക്കുകയും ചെയ്യുന്നതിനെക്കുറിച്ച് ചിന്തിക്കുന്നുണ്ടോ?

കനിമൊഴി: ദൗർഭാഗ്യകരമെന്നു പറയട്ടെ നമ്മുടെ രാജ്യത്ത് ഇപ്പോഴും ഗവേഷണ പഠനങ്ങളുടെ വികാസത്തിനായി കാര്യമായ സംഭാവനകൾ നീക്കിവയ്ക്കപ്പെടുന്നില്ല. പല നയങ്ങൾക്കും നൂറ്റാണ്ടുകളുടെ പഴക്കം അനുഭവപ്പെടുന്നുണ്ട്. നമ്മൾ ഇതെല്ലാം മാറ്റുന്നതിനായി പ്രവർത്തിക്കാത്ത അവസ്ഥയാണ്. ചിലർ മാറ്റങ്ങൾ എന്ന പേരിൽ അവരുടെ രാഷ്ട്രീയ താൽപര്യങ്ങൾ അടിച്ചേൽപ്പിക്കാനാണ് ശ്രമിക്കുന്നത്. പുതിയ വിദ്യാഭ്യാസ നയം വരുമ്പോൾ നമ്മളെ ഭയപ്പെടുത്തുന്നതും ഇതാണ്. നമ്മൾ വീണ്ടും ഇതുവഴി നൂറ്റാണ്ടുകൾക്ക് പുറകിലേക്ക് സഞ്ചരിക്കാൻ ശ്രമിക്കുന്നു. സതി എന്ന ആചാരം നമ്മൾ വീണ്ടും മഹത്വവൽക്കരിക്കാൻ ശ്രമിക്കുന്നു.

വെങ്കിടേഷ് രാമകൃഷ്ണൻ : തമിഴ്നാട് എങ്ങനെയാണ് അൻപത് ശതമാനം റിസർവേഷനുമുകളിലേക്ക് (പഞ്ചായത്ത്) എത്തിയതെന്ന് വിശദീകരിക്കാമോ?

കനിമൊഴി: ജനറൽ സീറ്റുകൾ പുരുഷന്മാർക്ക് അവരുടേതാണെന്ന ഭാവമാണ്. എന്നാൽ ഇത്തവണ ആ സീറ്റുകളിൽ പലതിലും വനിതകൾ മത്സരിക്കുന്ന സാഹചര്യമുണ്ടായി. അവർ വിജയിക്കുകയും അൻപത് ശതമാനത്തിന് മുകളിൽ പലയിടത്തും വനിതാ പ്രാതിനിധ്യം എത്തുകയും ചെയ്തു. ഇന്ന് ഞങ്ങൾക്ക് പതിനൊന്ന് വനിതാ മേയർമാരും നിരവധി വനിതാ പഞ്ചായത്ത് പ്രസിഡന്റുമാരും ഉണ്ട്.

വെങ്കിടേഷ് രാമകൃഷ്ണൻ: നമുക്ക് ഇനിയും ഒരുപാട് മുന്നോട്ടു പോകുവാനുണ്ട് എന്ന് താങ്കളുടെ സംസാരത്തിൽ നിന്ന് വ്യക്തമാണ്. സഭാ ടി.വി.യിൽ ഇനിയും ഇത്തരം നല്ല കാര്യങ്ങൾ ചർച്ച ചെയ്യുവാൻ കഴിയട്ടെ എന്ന് ആഗ്രഹിക്കുന്നു.

കനിമൊഴി: തീർച്ചയായും. ഈ അവസരത്തിന് നിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു.

## നിയമസഭാ ലൈബ്രറിയിലെ പുതിയ പുസ്തകങ്ങളിലൂടെ...



### ഗാന്ധി നടന്ന വഴികളിലൂടെ

ശ്രീകാന്ത് കോട്ടക്കൽ
മാതൃഭൂമി ബുക്സ് : കോഴിക്കോട്, 2019.
zG(U8) 32 Q9

(സ്വതന്ത്ര ഭാരതത്തെ സൃഷ്ടിക്കാൻ മഹാത്മജി നടത്തിയ സമരങ്ങളും പോരാട്ടങ്ങളും ഗാന്ധിയൻ ജീവിതത്തിന്റെ സ്പന്ദനങ്ങളും സന്ദേശങ്ങളും സ്മൃതികളും അനാവരണം ചെയ്യുന്ന പഠനഗ്രന്ഥം.)



### ഡോ. രാജഗോപാൽ പി.വി മണ്ണിന്റെ മണമുള്ള മറ്റൊരാൾ

അനിൽ കുമാർ പി.വൈ.
സ്വദേശാഭിമാനി ബുക്സ് : തിരുവനന്തപുരം, 2018.
4wRAJ 32 Q8

(വർത്തമാനകാല ഗാന്ധിമാർഗ വ്യക്തിത്വമായ ഡോ.രാജഗോപാൽ പി.വി. എന്ന രാജാജിയുടെ ജീവിതയാത്ര.)



### Foot Soldier of the Constitution: A memoir

Teesta Setalvad
Left Word Books: New Delhi, 2017.
4w2SET Q9

(This is the story of Teesta Setalvad, courageous fighter for human rights and justice.)



### ആരോഗ്യം : കേരളം ലോകത്തിനൊപ്പം ഓടിയെത്തിയ കഥ

(മൂന്നാം പതിപ്പ്)

കെ.കെ.ശൈലജ ടീച്ചർ
ചിന്ത പബ്ലിഷേഴ്സ് : തിരുവനന്തപുരം, 2022.
L: 423:55 32 R2

(കേരളത്തിന്റെ മുൻ ആരോഗ്യമന്ത്രി കൂടിയായ ലേഖിക ആരോഗ്യമേഖല കൈവരിച്ച നേട്ടങ്ങളെക്കുറിച്ച് വിവരിക്കുന്നു.)



### കൈയൊപ്പിട്ട വഴികൾ

ദിവ്യ എസ്. അയ്യർ
ഡി.സി. ബുക്സ് : കോട്ടയം, 2022.
O32,6DIV R2

(അനുഭവങ്ങളിൽ നിന്നും ജീവിതത്തെ മുന്നോട്ടുനയിക്കുന്ന ഗുണപാഠലേഖനങ്ങളുടെ സമാഹാരം. പത്തനംതിട്ട ജില്ലാ കളക്ടറാണ് ലേഖിക.)



### രാഷ്ട്രീയ നേതൃത്വത്തിൽ എങ്ങനെ എത്താം

എം.സുദർശനൻ നായർ
ശ്രേഷ്ഠ ബുക്സ് : തിരുവനന്തപുരം, 2021.
S:73 32 R1

(രാഷ്ട്രീയരംഗത്തേക്കെത്താൻ ആഗ്രഹിക്കുന്നവർക്ക് മാർഗദർശനവും പ്രചോദനവും പകരുന്ന കൃതി.)



### നങ്കൂരം പോയ തുറമുഖങ്ങൾ

ക്യാപ്റ്റൻ കെ.പി.രാജൻ
എഡ്യുമാർട്ട്: കോഴിക്കോട്, 2022.
U6425.212 32 R2

(കേരളതീരത്തുള്ള ചെറുകിട തുറമുഖങ്ങളെയും, സമുദ്രവാണിജ്യ മാർഗങ്ങളെയും സമുദ്രഗതാഗത നിയമങ്ങളെയും പറ്റി പ്രതിപാദിക്കുന്ന പുസ്തകം.)



### ദേശത്തിന്റെ സമരമുഖങ്ങൾ

ഗോപി മാമ്പുള്ളി
ചിത്രരശ്മി ബുക്സ് : കോഴിക്കോട്, 2021
V212,4 R1

(വടക്കൻകേരളത്തിലെ അസംഘടിത വിഭാഗമായ ചെത്തുതൊഴിലാളികളുടെ കലമുറി സമരം, ചകിരി തൊഴിലാളിസമരം, എന്നിവയുടെയും കൂടാതെ നാടിന്റെ സംസ്കൃതി കുടികൊള്ളുന്ന കോഴിക്കോടിനെ കൊച്ചിയുമായി ബന്ധിപ്പിക്കുന്ന പശ്ചിമതീരത്തെ കനോലി കനാലിന്റെ തീരങ്ങളുടെയും, അനുബന്ധ ദേശങ്ങളുടെയും ചരിത്രാന്വേഷണം.)



### The Kisan Long March in Maharashtra

Ashok Dhawale
Left Word Books: New Delhi, 2018.
W87,58(X).235 Q7

(This book documents one of the inspiring struggles of kisans of Maharastra against the anti-kisan policies of the Union Government.)



### The Freedom Theatre: Performing cultural resistance in Palestine

Ola Johansson and Johanna Wallin (Eds.)
Left Word Books: New Delhi, 2017.
W87(NT).465 Q7

(This book depicts the compelling vision of theatre as a social and political institution, challenging some deeply held assumptions about the possibilities and limitations of drama as a medium.)



### സ്ത്രീകൾക്കുമേൽ ഒരു യുദ്ധം നടക്കുന്നുണ്ട്

ഡോ.ടി.എൻ.സീമ
ചിന്ത പബ്ലിഷേഴ്സ് : തിരുവനന്തപുരം, 2015.
Y15:44.2 32 Q5

(ലേഖന സമാഹാരം.)



### Women's participation in Indian politics and empowerment

Prashant Kumar, (Ed.)
Global Publications: New Delhi, 2019.
Y15(W).2 Q9

(This book depicts the role of women in Indian politics and their empowerment in leadership and economic status.)

സഭാ നേതാവിന്റെ പേജ്



പിണറായി വിജയൻ
മുഖ്യമന്ത്രി

# കേരളത്തിന്റെ ഐ.ടി. സാധ്യതകൾ.....

കേരളത്തിന് ഏറ്റവും അനുയോജ്യമായ വ്യവസായങ്ങളിലൊന്നായി കണക്കാക്കപ്പെടുന്നത് ഐ.ടി. യാണ്. മികച്ച മാനവവിഭവശേഷിയും ഉന്നതവിദ്യാഭ്യാസം സിദ്ധിച്ച ജനതയും ശാന്തമായ സാമൂഹിക അന്തരീക്ഷവും എല്ലാം ഐ.ടി. മേഖലയ്ക്ക് അനുകൂലമായ ഘടകങ്ങളാണ്. കാലങ്ങൾക്കുമുന്നേ തന്നെ അവയെ ഫലപ്രദമായി ഉപയോഗപ്പെടുത്തിയതുകൊണ്ടാണ് ഇന്ത്യയിലെ ആദ്യത്തെ ഐ.ടി. പാർക്കും ഇലക്ട്രോണിക് പ്രൊഡക്ഷൻ കമ്പനിയും എല്ലാം കേരളത്തിൽ യാഥാർത്ഥ്യമായത്.

എന്നാൽ അതിന് ആനുപാതികമായ നേട്ടം തുടർന്നുള്ള കാലത്ത് കൈവരിക്കാൻ നമുക്ക് കഴിഞ്ഞിരുന്നില്ല എന്നതാണ് വസ്തുത. ഈ പരിമിതിയെ മറികടക്കാൻ ഐ.ടി. മേഖലയുടെ പ്രോത്സാഹനത്തിനുള്ള പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് സർക്കാർ മുന്നോട്ടുപോവുകയാണ്. 2016 ൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ അധികാരത്തിൽ വന്നശേഷം കൊച്ചി ഇൻഫോപാർക്കിൽ 22.62 ലക്ഷം ചതുരശ്രയടി ഐ.ടി. സ്പേസാണ് അധികമായി നിർമ്മിക്കപ്പെട്ടത്. കഴിഞ്ഞ ആറു വർഷംകൊണ്ട് തിരുവനന്തപുരം ടെക്നോപാർക്കിൽ 21 ലക്ഷം ചതുരശ്രയടിയും കോഴിക്കോട് സൈബർ പാർക്കിൽ മൂന്ന് ലക്ഷം ചതുരശ്രയടിയും അധികമായി ഒരുക്കി.

അങ്ങനെ 2016 മുതൽക്കിങ്ങോട്ട് കേരളത്തിലാകെ 46 ലക്ഷം ചതുരശ്രയടി ഐ.ടി. സ്പേസും അവയിൽ 45,869 തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു. ഐ.ടി. മേഖലയിൽ എത്ര കാര്യക്ഷമതയോടെയും ദീർഘവീക്ഷണത്തോടെയുമാണ് സർക്കാർ ഇടപെടുന്നത് എന്നതിന്റെ സൂചനയാണ് ഈ കണക്കുകൾ. നമ്മുടെ സംസ്ഥാനത്ത് ഇത്ര വിപുലവും ഊർജസ്വലവുമായി ഐ.ടി. വികസനം നടന്ന മറ്റൊരു കാലമില്ല. അടുത്ത അഞ്ച് വർഷംകൊണ്ട് 63 ലക്ഷം ചതുരശ്രയടി സ്പേസും 67,000 തൊഴിലവസരങ്ങളും ഈ മേഖലയിൽ സൃഷ്ടിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്.

ഇന്റർനെറ്റ് അവകാശമാക്കിയ ആദ്യ ഇന്ത്യൻ സംസ്ഥാനമാണ് കേരളം. ആ അവകാശം എല്ലാവർക്കും പ്രാപ്യമാകുന്നു എന്നുറപ്പുവരുത്താനാണ് കെ-ഫോൺ പദ്ധതി നടപ്പാക്കുന്നത്. കെ-ഫോണിലൂടെ എല്ലാവർക്കും സൗജന്യമായോ കുറഞ്ഞ നിരക്കിലോ ഗുണമേന്മയുള്ള അതിവേഗ ഇന്റർനെറ്റ് ലഭ്യമാക്കുകയാണ്. അതിനായി 30,000 കിലോമീറ്റർ ഒപ്ടിക്കൽ ഫൈബർ ശൃംഖലയാണ് നിലവിൽ വരുന്നത്. 1,611 കോടി രൂപ ചെലവഴിക്കുന്ന ഈ പദ്ധതിയുടെ 74 ശതമാനത്തോളം പ്രവൃത്തികൾ പൂർത്തീകരിച്ചു കഴിഞ്ഞു. കെ-ഫോണിന് ഐ പി-1 സർട്ടിഫിക്കേഷനും ഐ. എസ്. പി-ബി ലൈസൻസും ലഭ്യമായിട്ടുണ്ട്. സ്ഥാപിത താൽപര്യക്കാർ ഉണ്ടാക്കുന്ന ബഹളങ്ങൾക്ക് ചെവികൊടുക്കാതെ അർപ്പണ മനോഭാവത്തോടെ പ്രവൃത്തിയിൽ കേന്ദ്രീകരിച്ചാൽ എന്തെല്ലാം ഗുണഫലങ്ങൾ സർക്കാരിനുണ്ടാക്കാൻ കഴിയുമെന്നതിന്റെ ദൃഷ്ടാന്തങ്ങളാണിവ.

ഇന്റർനെറ്റ് കണക്ടിവിറ്റി, വൈദ്യുതി ലഭ്യത, സിവിൽ ഇൻഫ്രാസ്ട്രക്ച്ചർ, ഗുണനിലവാരമുള്ള ആരോഗ്യ പരിപാലന സംവിധാനങ്ങൾ, ശുചിത്വം എന്നിവയൊക്കെ വ്യവസായങ്ങൾ വളരുന്നതിന് അത്യന്താപേക്ഷിതമാണ്. ആരോഗ്യ സംവിധാനങ്ങൾ, ശുചിത്വം, ഇന്റർനെറ്റ് കണക്ടിവിറ്റി എന്നിവയിലാകട്ടെ നമ്മൾ മറ്റേതു സംസ്ഥാനത്തെക്കാളും മുന്നിലാണ്. റോഡ് - റെയിൽ - വാട്ടർ - എയർ കണക്ടിവിറ്റി എന്നിവ ഒരുക്കിക്കൊണ്ട് അടിസ്ഥാന സൗകര്യ വികസന രംഗത്തും പവർ ഹൈവേ, ട്രാൻസ്ഗ്രിഡ് 2.0 എന്നിവ ഒരുക്കിക്കൊണ്ട് ഊർജ്ജ രംഗത്തും സവിശേഷമായ ഇടപെടലുകളാണ് ഈ സർക്കാർ നടത്തുന്നത്. ദേശീയ തലത്തിൽ തന്നെ ഇതൊക്കെ ശ്രദ്ധിക്കപ്പെടുന്നുമുണ്ട്.

ഈ വികസന മുന്നേറ്റങ്ങളെ സാങ്കേതിക വിദ്യ ഉൾപ്പെടെയുള്ള വ്യവസായങ്ങളുടെ വളർച്ചയ്ക്കായി പ്രയോജനപ്പെടുത്തുന്ന പ്രവർത്തനങ്ങൾ സർക്കാർ നടത്തുകയാണ്. സയൻസ് പാർക്കുകൾ നമ്മുടെ വിമാനത്താവളങ്ങൾക്ക് സമീപം ആരംഭിക്കുകയാണ്. കൊച്ചി മുതൽ കോയമ്പത്തൂർ വരെ ഹൈടെക്ക് ഇൻഡസ്ട്രിയൽ കോറിഡോർ ഒരുങ്ങുകയാണ്. ഇതിനൊക്കെ പുറമെ ദേശീയ പാത 66 ന് സമാന്തരമായി നാല് ഐ.ടി. ഇടനാഴികൾ സംസ്ഥാനത്ത് സ്ഥാപിക്കാൻ ഒരുങ്ങുകയാണ്. സംസ്ഥാനത്ത് നിലവിലുള്ള ഐ.ടി. കേന്ദ്രങ്ങളിൽ നിന്നാണ് ഇവ ഉത്ഭവിക്കുക.

തിരുവനന്തപുരം ടെക്നോപാർക്ക് ഫേസ് ത്രീ മുതൽ കൊല്ലം വരെയും ചേർത്തല മുതൽ എറണാകുളം വരെയും എറണാകുളത്ത് നിന്ന് കൊരട്ടി വരെയും കോഴിക്കോട് മുതൽ കണ്ണൂർ വരെയുമാണ് ഈ ഇടനാഴികൾ നിലവിൽ വരിക. ദേശീയ പാതയ്ക്ക് സമാന്തരമായി ഐ.ടി. പാർക്കിന് അനുയോജ്യമായ 15 മുതൽ 25 ഏക്കർ ഭൂമി ഇതിനായി ഏറ്റെടുക്കും. സാറ്റ്ലൈറ്റ് ഐ.ടി. പാർക്കുകളാണ് ഇവിടെ ഒരുങ്ങുന്നത്. ഇങ്ങനെ ഏറ്റെടുക്കുന്ന ഭൂമിയിൽ 50,000 മുതൽ 2 ലക്ഷം ചതുരശ്രയടി വിസ്തീർണ്ണമുള്ള 20 ചെറിയ പാർക്കുകൾ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്.

കെ-ഫോണിന്റെ അതിവേഗ ഒപ്റ്റിക് ഫൈബർ വഴി ഈ പാർക്കുകൾ തമ്മിലുള്ള കണക്ടിവിറ്റി ഉറപ്പുവരുത്തും. എന്നിട്ട് ഈ നിർദ്ദിഷ്ട ഇടനാഴികളിൽ ഒരു 5 ജി ലീഡർഷിപ്പ് പാക്കേജ് നടപ്പിലാക്കും. ക്രമേണ കേരളത്തിലെമ്പാടും കെ-ഫോണിന്റെ ബാക്ക്ബോൺ ഇൻഫ്രാസ്ട്രക്ച്ചർ പ്രയോജനപ്പെടുത്തിക്കൊണ്ട് 5 ജി ടവറുകളെ ബന്ധിപ്പിച്ച് 5 ജി വിപ്ലവത്തിന്റെ ഗുണഫലങ്ങൾ നാട്ടിലാകെ ലഭ്യമാക്കാനാണ് ശ്രമിക്കുന്നത്.

ഐ.ടി. മേഖലയുടെ വികസനത്തിൽ ഐ.ടി. പാർക്കുകൾക്ക് വലിയ പങ്കുവഹിക്കാനുണ്ട്. കൊല്ലം, കണ്ണൂർ ഐ.ടി. പാർക്കുകളും മറ്റ് പ്രദേശങ്ങളിലെ പാർക്കുകളും സ്ഥാപിക്കുന്നതിനുള്ള സ്ഥലം ഏറ്റെടുക്കുന്നതിന് ആയിരം കോടി രൂപ കിഫ്ബി വഴി വകയിരുത്തും. അടുത്ത അഞ്ച് വർഷംകൊണ്ട് ഇപ്പോഴുള്ളതിന്റെ ഇരട്ടിയോളം ഐ.ടി. ഉത്പന്നങ്ങളും സേവനങ്ങളും കേരളത്തിലൊരുക്കാൻ കഴിയുമെന്നാണ് പഠനങ്ങൾ പറയുന്നത്. ഇതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി 100 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

ഐ.ടി., ഐ.ടി. അനുബന്ധ വ്യവസായങ്ങളുടെ ആവശ്യത്തിനായി മതിയായ പരിശീലനം നേടിയവരെ ലഭിക്കുന്നില്ല എന്നുള്ള പ്രശ്നം പല വ്യവസായ സ്ഥാപനങ്ങളും ഉന്നയിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ നമ്മുടെ നാട്ടിലെ സാങ്കേതിക ബിരുദധാരികൾക്ക് ഐ.ടി. കമ്പനികളിൽ ഐ.ടി. ഇന്റേൺഷിപ്പ് നൽകുവാൻ സംസ്ഥാന സർക്കാർ മുൻകൈ എടുക്കുകയാണ്. ഇതിന്റെ പ്രാരംഭഘട്ടമായി 1,200 പേർക്ക് ഇന്റേൺഷിപ്പ് ആരംഭിക്കാനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

നിലവിൽ സംസ്ഥാനത്തെ 3 സർക്കാർ ഐ. ടി. പാർക്കുകളിലായി 961 കമ്പനികൾ പ്രവർത്തിക്കുന്നുണ്ട്. ഇവിടങ്ങളിൽ ഒരു ലക്ഷത്തി ഇരുപത്തിയൊന്നായിരത്തിലധികം ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്. ഐ.ടി., ഐ.ടി. അനുബന്ധ മേഖലകളിൽ ജോലി ചെയ്യുന്നവരുടെ ക്ഷേമം ഉറപ്പുവരുത്തിയാണ് സർക്കാർ മുന്നോട്ടുപോകുന്നത്. അതിനായി ഒരു ക്ഷേമനിധിക്ക് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ രൂപം നൽകിയിട്ടുണ്ട്. തൊഴിലാളികൾക്കും ജീവനക്കാർക്കും നിയമാനുസൃതമായ എല്ലാ ക്ഷേമ പദ്ധതികളും ലഭ്യമാക്കുന്ന എന്നും തൊഴിൽ നിയമങ്ങൾ കൃത്യമായി നടപ്പാക്കപ്പെടുന്നു എന്നും ഉറപ്പുവരുത്താൻ കമ്പനികളുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. അങ്ങനെ ജീവനക്കാരുടെ കുട്ടികളുടെ പരിപാലനത്തിനായി ആധുനിക സജ്ജീകരണങ്ങളോട്ടുകൂടിയ ക്രഷ് സൗകര്യം, ജീവനക്കാർക്കാവശ്യമായ പൊതുഗതാഗത സൗകര്യം എന്നിവ ലഭ്യമാക്കുകയാണ്. നൈറ്റ് ഷിഫ്റ്റിൽ ജോലി ചെയ്യുന്ന വനിതാ ജീവനക്കാരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ ഐ.ടി. വ്യവസായങ്ങളെ പരിപോഷിപ്പിച്ചും അവയിലെ ജീവനക്കാരുടെയും തൊഴിലാളികളുടെയും ക്ഷേമവും സുരക്ഷിതത്വവും ഉറപ്പുവരുത്തിയുമാണ് ഈ സർക്കാർ മുന്നോട്ടുപോകുന്നത്.

സാങ്കേതിക വിദ്യാഭ്യാസം സിദ്ധിച്ചിട്ടും സാമൂഹികവും സാമ്പത്തികവുമായ പരിമിതികൾ കാരണം പുറത്തു ജോലി ചെയ്യാൻ കഴിയാത്ത നിരവധി വ്യക്തികൾ നമ്മുടെ നാട്ടിലുണ്ട്. ഈ കോവിഡാനന്തര ഘട്ടത്തിൽ അവർക്ക് വർക്ക് ഫ്രം ഹോം, വർക്ക് നിയർ ഹോം തുടങ്ങിയ സാധ്യതകൾ പ്രയോജനപ്പെടുത്താൻ കഴിയും. അടുത്ത അഞ്ചു വർഷത്തിനകം ആഗോള തലത്തിൽ വീട്ടിലിരുന്ന് പണിയെടുക്കുന്നവരുടെ എണ്ണം 18 കോടിയായി ഉയരുമെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഈ സാധ്യതയെ നമുക്കും ഉപയോഗപ്പെടുത്താനായാണ് ഐ.ടി. അധിഷ്ഠിത സൗകര്യങ്ങളുള്ള തൊഴിൽ കേന്ദ്രങ്ങൾ സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും ആരംഭിക്കുന്നതിനായി 50 കോടി രൂപ ബജറ്റിൽ നീക്കിവച്ചിരിക്കുന്നത്.

നമ്മുടെ യുവാക്കളെ തൊഴിൽ അന്വേഷകർ മാത്രമല്ല, തൊഴിൽ ദാതാക്കളായും മാറ്റുന്നതിനുള്ള നയമാണ് സർക്കാർ സ്വീകരിക്കുന്നത്. ഇതിന്റെ ഭാഗമായി ഒരു സ്റ്റാർട്ടപ്പ് പ്രോത്സാഹന നയം തന്നെ സംസ്ഥാനത്ത് നടപ്പാക്കുന്നുണ്ട്. തെക്കേ ഏഷ്യയിലെ ഏറ്റവും വലിയ സ്റ്റാർട്ടപ്പ് ഹബ്ബ് നാല് ലക്ഷം ചതുരശ്രയടിയിൽ കേരളത്തിലാണ് ഒരുങ്ങിയിരിക്കുന്നത്. സാങ്കേതികവിദ്യാ സംരംഭകരെ പ്രോത്സാഹിപ്പിച്ച് കേരളത്തിന്റേതായ സംരംഭക സംസ്കാരം രൂപപ്പെടുത്തുന്നതിന് നമുക്കു കഴിഞ്ഞിട്ടുണ്ട്.

2016 ൽ കേരളത്തിൽ 300 സ്റ്റാർട്ടപ്പുകളാണ് ഉണ്ടായിരുന്നത്. 2021 ആയപ്പോഴേക്ക് അത് 3,900 ആയി ഉയർന്നു. ഈ സർക്കാർ അധികാരമേറ്റ ശേഷം മാത്രം രജിസ്റ്റർ ചെയ്തിട്ടുള്ളത് 700 ഓളം സ്റ്റാർട്ടപ്പുകളാണ്. അവയ്ക്കുപുറമെ 2021-22 സാമ്പത്തിക വർഷത്തിൽ വനിതകൾ നേതൃത്വം നൽകുന്ന 20 സ്റ്റാർട്ടപ്പുകൾ കൂടി രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്.

സ്റ്റാർട്ടപ്പുകൾക്ക് പ്രവർത്തനമൂലധനം ലഭ്യമാക്കുന്നതിനായി നിരവധി പദ്ധതികൾ സംസ്ഥാനത്തൊട്ടാകെ നടപ്പിലാക്കിവരുന്നുണ്ട്. ലഘുവായ വ്യവസ്ഥകളിലും മിതമായ പലിശനിരക്കിലും സ്റ്റാർട്ടപ്പുകൾക്ക് 15 ലക്ഷം രൂപവരെ വായ്പ ലഭ്യമാക്കുന്ന സീഡ് ഫണ്ടിംഗ് ആരംഭിച്ചിട്ടുണ്ട്. 12 കോടി രൂപയാണ് ഇതുവഴി ലഭ്യമാക്കിയിട്ടുള്ളത്. തെരഞ്ഞെടുക്കപ്പെട്ട എയ്ഞ്ചൽ ഫണ്ടുകളിൽ സർക്കാർ നിക്ഷേപം നടത്തി നിക്ഷേപത്തിന്റെ ഇരട്ടിയിൽ കുറയാത്ത തുക ഫണ്ടിംഗ് ഏജൻസികൾ മുഖാന്തിരം ലഭ്യമാക്കുന്ന ഫണ്ട് ഓഫ് ഫണ്ട് പദ്ധതി നടപ്പാക്കിയിട്ടുണ്ട്. 78 കോടി രൂപയാണ് ഇതുവഴി നിക്ഷേപമായി ലഭ്യമാക്കിയിട്ടുള്ളത്. ഇന്നവേഷൻ ഗ്രാന്റിലൂടെ 16 കോടി രൂപയാണ് നേരിട്ടുള്ള ധനസഹായമായി സ്റ്റാർട്ടപ്പുകൾക്ക് ലഭ്യമാക്കിയത്.

ഇത്തരത്തിൽ സംസ്ഥാന സർക്കാർ നടത്തിയ ഇടപെടലുകളുടെ ഫലമായാണ് മികച്ച സ്റ്റാർട്ടപ്പ് സൗഹൃദാന്തരീക്ഷമുള്ള സംസ്ഥാനം എന്ന ബഹുമതി തുടർച്ചയായി മൂന്ന് വർഷങ്ങളിൽ കേരളത്തെ തേടിയെത്തിയിട്ടുള്ളത്. വൻകിട കമ്പനികളെ നമ്മുടെ നാട്ടിലേക്ക് ആകർഷിക്കുന്നതിന് പുറമെ നമ്മുടെ നാട്ടിലുണ്ടാകുന്ന നൂതനമായ ആശയങ്ങളെക്കൂടി പ്രോത്സാഹിപ്പിച്ചുകൊണ്ട് ഐ. ടി. ഉൾപ്പെടെയുള്ള വ്യാവസായിക രംഗങ്ങളിൽ പുരോഗതി കൈവരിക്കാനാണ് സർക്കാർ ശ്രമിക്കുന്നത് എന്നതിന്റെ ഉത്തമ ദൃഷ്ടാന്തമാണ് സ്റ്റാർട്ടപ്പ് രംഗത്തെ ഇത്തരം ഇടപെടലുകൾ.

മാറുന്ന കാലത്ത് നൂതന വ്യവസായങ്ങൾ തുറന്നിടുന്ന സാധ്യതകളെ ഉപയോഗിച്ചു കൊണ്ടു വേണം നാം മുന്നോട്ടുപോകേണ്ടത്. അതുകൊണ്ടാണ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് മേഖലയിൽ ഒരു മികവിന്റെ കേന്ദ്രം സ്ഥാപിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നത്. തിരുവനന്തപുരത്തെ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഹബ്ബാക്കി മാറ്റുന്നതിന് ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും ടെക്നോപാർക്കിന്റെയും സ്റ്റാർട്ടപ്പ് മിഷന്റെയും നേതൃത്വത്തിൽ വിപുലമായ പരിപാടികൾ വിഭാവനം ചെയ്തുവരികയാണ്. സ്റ്റാർട്ടപ്പ് മിഷന്റെ മേൽനോട്ടത്തിൽ ടെക്നോസിറ്റിയിൽ മൂന്ന് ഏക്കർ ക്യാമ്പസിൽ എമർജിങ് ടെക്നോളജീസ് സ്റ്റാർട്ടപ്പ് ഹബ്ബ് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഇതൊക്കെ പൂർണ്ണമായി നടപ്പിൽ വരുമ്പോൾ സാങ്കേതികവിദ്യാ രംഗത്ത് ലോകത്തിന് അവഗണിക്കാനാവാത്ത ഡസ്റ്റിനേഷനായി കേരളം മാറും.

അപ്സ്കില്ലിങ് ആന്റ് റീസ്കില്ലിങ്ങിനുവേണ്ടി ടെക് സ്കൂൾ എന്ന ആശയം കേരള സ്റ്റാർട്ടപ്പ് മിഷൻ വഴി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഐ.എസ്.ആർ.ഒ. യുടെ സഹായത്തോടെ എയ്റോ സ്പെയ്സ് ടെക്നോളജിക്കായി മാനുഫാക്ച്ചറിങ് ക്ലസ്റ്ററുകൾ ഉൾപ്പെടുന്ന ടെക്നോളജി സെന്ററിനായി സ്ഥലം അനുവദിച്ചിട്ടുണ്ട്. പുതിയ കാലത്ത് നിരവധി സാധ്യതകളുള്ള ഗ്രാഫീൻ-ന്റെ ഗവേഷണത്തിനും സാങ്കേതികവിദ്യാ വികാസത്തിനുമായി ഇന്ത്യ ഇന്നൊവേഷൻ സെന്റർ കൊച്ചിയിൽ സ്ഥാപിച്ചിട്ടുണ്ട്. ഇത്തരത്തിൽ കേരളത്തിന്റെ നിലവിലെ സാഹചര്യങ്ങൾക്ക് അനുയോജ്യമായ വ്യവസായങ്ങൾ അഭിവൃദ്ധിപ്പെടുത്തിയും ഭാവിയെ മുന്നിൽക്കണ്ടുകൊണ്ടുള്ള ഇടപെടലുകൾ നടത്തിയുമാണ് ഈ സർക്കാർ മുന്നോട്ടുപോകുന്നത്.

ഒരു വൈജ്ഞാനിക നൂതനത്വ സമൂഹമായി കേരളത്തെ പരിവർത്തിപ്പിക്കാൻ പ്രതിജ്ഞാബദ്ധമാണ് ഈ സർക്കാർ. അത്തരമൊരു സമൂഹ നിർമിതിയിൽ അറിവിന്റെ നിരന്തരമായ ഉൽപാദനവും വിതരണവും പ്രയോഗവും സാധ്യമാകേണ്ടതുണ്ട്. അതോടൊപ്പം ലോകത്തിന്റെ ഏതു കോണിൽ സൃഷ്ടിക്കപ്പെടുന്ന ഗുണപരമായ അറിവിനേയും നാടിന്റെ പുരോഗതിക്ക് ഉതകുംവിധം സ്വാംശീകരിക്കേണ്ടതുമുണ്ട്. വിവര സാങ്കേതികവിദ്യാ വ്യവസായത്തിൽ അറിവിന്റെ നവീകരണവും ഉൽപാദനവും സംഭവിക്കുന്നത് അതിവേഗത്തിലാണ്. ആ വേഗത്തിൽ തന്നെ അവയെ ഉൾക്കൊണ്ട് മുന്നോട്ടുപോകാൻ നമുക്കു കഴിയണം. അതിനുതകുന്ന പ്രവർത്തനങ്ങൾ കൂടുതൽ കരുത്തോടെ ഏറ്റെടുക്കേണ്ട ഘട്ടമാണിത്.

Printed and Published by A.M. Basheer, Secretary, Kerala Legislature Secretariat on behalf of Kerala Legislative Assembly and Printed at Akshara Offset, TC 25/3230 (1), Near Old GPO, Vanchiyoor, Thiruvananthapuram - 695 035 and Published from Data Resource Development Section, Kerala Legislature Secretariat, Vikas Bhavan P.O, Thiruvananthapuram 695033, Editor- A.N. Shamseer